JEEVA MOZHIKAL RNI/KERBIL/-2003/21404
January 2011 www.jeevamozhikal.org

Regn No: KL/KTM/608/2009-11
WPP No: KL/CR/KTM/WPP-42/2009-11
Licensed to post without Prepayment

## എങ്ങോട്ടാ തിടുക്കത്തിൽ?

ഇന്ത്യയിൽ നിന്ന് സാധു സുന്ദർസിംഗ് പതിവുപോലെ ടിബറ്റിലേയ്ക്കുള്ള യാത്രയിലാണ്. ഹിമാലയപർവ്വതസാനുക്കളിലെ ഒറ്റയടിപാതയിലൂടെ മെല്ലെ സാധു മുന്നോട്ടു നീങ്ങുമ്പോൾ മറ്റൊരാളെ വഴിയിൽ കൂട്ടിനു കിട്ടി. ടിബറ്റിലേയ്ക്കു കച്ചവടത്തിനു പോകുന്ന ഒരു യാത്രികൻ. വഴിയിൽ മിണ്ടിയും പറഞ്ഞും പോകാൻ ഒരാളായല്ലോ! സാധു അയാളെയും ഒപ്പം കൂട്ടി നടന്നു തുടങ്ങി.

കാൽമുട്ടുവരെ പുതഞ്ഞുപോകുന്ന മഞ്ഞിനെ വകഞ്ഞുമാറ്റി ഒറ്റയടിപ്പാതയിലൂടെ അവർ മുന്നോട്ടു നീങ്ങിയപ്പോൾ പെട്ടെന്നു ഹിമപാതം ആരംഭിച്ചു. മരവിച്ചുപോകുന്ന തണുപ്പാണ്. നിന്നാൽ മഞ്ഞുവീഴ്ചയിൽപെട്ടു മരിച്ചു പോയേക്കാം. അവർ എത്രയും വേഗം അടുത്ത താവളത്തിലെത്താൻ ആഞ്ഞു നടക്കുകയാണ്.

അപ്പോഴിതാ, വഴിയിൽ മറ്റൊരാൾ വീണു കിടക്കുന്നു. തങ്ങൾക്കു മുമ്പേ ഈ വഴിയിലൂടെ ഒറ്റയ്ക്കു പോയ ഒരാളായിരിക്കണം. മഞ്ഞിൽ തണുത്തു മരവിച്ച് വഴിയിൽ ബോധംകെട്ടു വീണു കിടക്കുകയാണ്. സാധു സുന്ദർസിങ് മരവിച്ചു കിടക്കുന്ന അയാളെ തിരുമ്മി ചൂടുപിടിപ്പിക്കാൻ തുടങ്ങി. കൂടെയുണ്ടായിരുന്ന കച്ചവടക്കാരൻ അസ്വസ്ഥനായി ഇങ്ങനെ പറഞ്ഞു:'സാധു, നിങ്ങൾ അയാൾക്കു കൂട്ടിരുന്നാൽ നിങ്ങളും മഞ്ഞുവീണു മരിച്ചു പോകാം. വേഗം വാ, നമുക്ക് എങ്ങനെയും പെട്ടെന്ന് അടുത്ത താവളത്തിലെത്തണം'.

പക്ഷേ സാധുവിന് ആ നിസ്സഹായനെ മരണത്തിനു വിട്ടുകൊടുത്തിട്ട് സ്വന്ത ജീവൻ രക്ഷിക്കാൻ കഴിയുമായിരുന്നില്ല. സാധു, മരണാസന്നനായ അയാളെ ശുശ്രൂഷിക്കാൻ അവിടെയിരുന്നു. കൂടെയുണ്ടായിരുന്ന കച്ചവടക്കാരൻ സാധുവിന്റെ മണ്ടത്തരത്തെ പഴിച്ചുകൊണ്ട് തനിയെ മുന്നോട്ടു പോയി.

അൽപസമയം കഴിഞ്ഞിട്ടും അയാൾക്കു ബോധം തെളിയാതെ വന്നപ്പോൾ സാധു അയാളെ ചുമലിൽ വഹിച്ചുകൊണ്ടു നടന്നു തുടങ്ങി. കുറേ മുന്നോട്ടു പോയപ്പോൾ അതാ തന്നെ വിട്ട് ഓടിപ്പോയ കച്ചവടക്കാരൻ വഴിയിലെ മഞ്ഞിൽ വീണു തണുത്തു മരവിച്ചു മരിച്ചുകിടക്കുന്നു. മരണാസന്നനെ തോളിലേറ്റി നടന്നതിന്റെ അദ്ധ്വാനം മൂലം തന്റെ ശരീരം ചൂടായി. അതുകൊണ്ടാണ് മഞ്ഞിൽ മരവിച്ച് താൻ വീണുപോകാഞ്ഞതെന്ന് സാധുവിനു മനസ്സിലായി. സ്വന്തജീവൻ രക്ഷിക്കാനായി സഹജീവിയെ പരിഗണിക്കാതെ മുന്നോട്ടു പോയ കച്ചവടക്കാരനെ അനിവാര്യമായ ദുരന്തം കീഴടക്കി. അറിഞ്ഞുകൊണ്ടല്ലെങ്കിലും മറ്റൊരു മനുഷ്യനെ ചുമലിൽ വഹിച്ചു നടന്നുതുടങ്ങിയപ്പോൾ ഞരമ്പുകളിലൂടെയുള്ള രക്തയോട്ടം വേഗത്തിലാവുകയും ശരീരം ചൂടുപിടിക്കുകയും ചെയ്തതുകൊണ്ടാണ് തനിക്ക് ആ ദുരന്തം വരാഞ്ഞതെന്ന് സാധു മനസ്സിലാക്കി.

വേഗത്തിൽ വീണ്ടും മുന്നോട്ടു നടന്ന സാധു സുന്ദർസിംഗ് അധികം വൈകാതെ അടുത്തതാവളത്തിൽ എത്തിച്ചേരുകയും ജീവൻ രക്ഷിക്കുകയും ചെയ്തു. സാധുവിന്റെ ശരീരത്തിലെ ചൂട് മരണാസന്നനേയും ചൂടുപിടിപ്പിച്ചിരുന്നു. താവളത്തിലെത്തി അയാളെ സാധു വീണ്ടും തിരുമ്മി ചൂടുപിടിപ്പിക്കാൻ തുടങ്ങി. ഒടുവിൽ അയാളും മരണത്തിൽ നിന്നു രക്ഷപ്പെട്ടു.

നിങ്ങൾ മറ്റൊരാളുടെ ഭാരം ചുമക്കുമ്പോൾ അയാളെ മാത്രമല്ല, നിങ്ങളെ ത്തന്നെയും രക്ഷിക്കുകയാണെന്ന് ഓർക്കുക.

Printed , Published and owned by T. IPe Published from Jeevamozhikal, Near Thuthooty Jn., Kumaranallor P.O, Kottayam and Printed at Alois Graphics, Kottayam. Editor-Geoji. T. Samuel.

മൗലികസത്യങ്ങൾ, മൂല്യമുള്ള ജീവിതത്തിന്

# ജീവമൊഴികൾ

വാല്യം 9 - ലക്കം 1 ജനുവരി 2011 Rs. 7.00



ആത്മീയപരിപക്വത: ഒരു പരിശോധന - ജെ. ഓസ്വാൾഡ് സാൻഡേഴ്സ്
ദൈവഭൃത്യന്മാർ എങ്ങനെയുള്ളവരായിരിക്കണം?
ബൈബിളിലൂടെ - സാക്പുന്നൻ
Your Problems, God's Solutions - Sandeep Poonen

**എഡിറ്റോറിയൽ**

# ആത്മീയ പക്വതയിലേക്കുള്ള വളർച്ച



പക്വതയുടെ ആത്യന്തികലക്ഷ്യവും അളവുകോലും യേശുക്രിസ്തുവാണ്. യേശുവിനെപ്പോലെയാകുന്നതാണ് ആത്മീയപക്വതയുടെ പൂർണത. യേശുവിനെപ്പോലെ എത്രത്തോളമായി എന്നതാണു പക്വതയിലേക്കുള്ള വളർച്ചയുടെ അളവുകോൽ.

ആത്മീയപക്വതയുടെ പൂർണതയെ അപ്പൊസ്തലനായ പൗലൊസ് 'അവിടുത്തെ പുത്രന്റെ സ്വരൂപത്തോട് അനുരൂപരാകുക' എന്ന പദപ്രയോഗം കൊണ്ടാണു വിവരിക്കുന്നത് (റോമർ 8:29). പുത്രന്റെ സ്വരൂപം (Image) ദൈവത്തിന്റെ സ്വരൂപം തന്നെയാണെന്ന് കൊലോസ്യർ 1:15, 2 കൊരിന്ത്യർ 4:4 എന്നീ വാക്യങ്ങളും (അവൻ അദൃശ്യനായ ദൈവത്തിന്റെ പ്രതിമ, ദൈവപ്രതിമയായ ക്രിസ്തു) വ്യക്തമാക്കുന്നു. ഈ ദൈവസ്വഭാവത്തോട് കൂടുതൽ കൂടുതൽ അനുരൂപരായി പക്വതയിലേക്കു വളരുന്നതിനെ പൗലൊസ് 'തേജസ്സിന്മേൽ തേജസ്സ് പ്രാപിക്കുക' എന്നാണു വിവരിക്കുന്നത് (2 കൊരിന്ത്യർ 3: 18). സമ്പൂർണജ്ഞാനം കൊണ്ടു സ്രഷ്ടാവിന്റെ പ്രതിച്ഛായയ്ക്കനുസൃതമായി നവീകരിക്കപ്പെടുന്നതാണു വളർച്ചയെന്നും പൗലൊസ് വിശദീകരിക്കുന്നുണ്ട് (കൊലൊസ്യർ 3:10).

ഇങ്ങനെ ദൈവസ്വരൂപത്തിനനുസൃതമായി നവീകരിക്കപ്പെടുന്നില്ലെങ്കിൽ ക്രിസ്ത്യാനികൾ സമൂഹത്തിൽ നിഷേധമാതൃകകളായി (Negative examples) മാറും. ഇന്ത്യയിൽ വളരെ വർഷങ്ങൾ സേവനം അനുഷ്ഠിച്ച സ്റ്റാൻലി ജോൺസ്, ഭാരതത്തിൽ ആദ്യമായി സുവിശേഷം വന്നപ്പോൾ അതിനോടു ഭാരതീയർ കാട്ടിയ മൂന്നു വ്യത്യസ്ത പ്രതികരണങ്ങളെ ഇങ്ങനെ വിവരിച്ചിട്ടുണ്ട്: 'തേജസ്സേറിയ സുവിശേഷസന്ദേശം കേട്ടപ്പോൾ ഭാരതീയർ ആദ്യം ഇങ്ങനെ പ്രതികരിച്ചു: 'ഇതു സത്യമല്ല' (It is not true). കുറച്ചു നാൾ കഴിഞ്ഞപ്പോൾ അവർ അവരുടെ നിലപാടു മാറ്റി ഇങ്ങനെ പറഞ്ഞു: 'ഇത് പുതിയതല്ല' (It is not new). എന്നാൽ വീണ്ടും നാളുകൾ മുന്നോട്ടു പോയപ്പോൾ സുവിശേഷത്തിൽ പുതിയതായി ഒന്നുണ്ടെന്നും അതു യേശുക്രിസ്തുവാണെന്നും തിരിച്ചറിഞ്ഞ അവർ ക്രിസ്ത്യാനികളെ നോക്കി ഇങ്ങനെ പറഞ്ഞു: 'പക്ഷേ അതു നിങ്ങളല്ല' (But it is not you). നാം യേശുവിനോട് അനുരൂപരാകുന്നില്ലെങ്കിൽ സമകാലിക സമൂഹം നമ്മെ നോക്കി പറയും:'എല്ലാം കൊള്ളാം. പക്ഷേ നിങ്ങൾ അതുപോലെയല്ലല്ലോ'. എന്നാൽ ദൈവം ആഗ്രഹിക്കുന്നത് അവിടുത്തെ ജനം എന്ന നിലയിൽ ക്രിസ്തുവിനെ നമ്മിലൂടെ വെളിവാക്കി കാണിക്കുക എന്നതാണ്.

ക്രിസ്തു സ്വഭാവം പ്രതിഫലിക്കത്തക്കവണ്ണം നമ്മെ ആത്മീയ വളർച്ചയിലേക്കു നയിക്കുവാൻ ദൈവത്തിനു തന്റേതായ മാർഗ്ഗങ്ങളുണ്ട്. ദൈവം കഷ്ടതകളെ ഇതിനായി ഏതുവിധത്തിൽ ഉപയോഗപ്പെടുത്തുന്നുവെന്ന കാര്യം മാത്രം തുടർന്നു ചിന്തിക്കാം.

അത്യാഹിതങ്ങൾ, രോഗങ്ങൾ, ദുരന്തങ്ങൾ എന്നിങ്ങനെയുള്ള കഷ്ടതകളൊന്നും ദൈവത്തിൽ നിന്നുവരുന്നതല്ല. എല്ലാ നന്മയുടേയും മൂർത്തിമദ്ഭാവമായ, വെളിച്ചമായ, ഇരുട്ട് ഒട്ടും ഇല്ലാത്ത ദൈവത്തിൽ നിന്ന് നല്ല ദാനങ്ങൾ മാത്രമാണു വരുന്നത് (1 യോഹ. 1:5, യാക്കോബ് 1:17). എന്നാൽ കഷ്ടതകളാൽ തന്റെ മക്കളെ പരീക്ഷിക്കുവാൻ ദൈവം സാത്താനെ ചിലപ്പോൾ അനുവദിക്കുമെന്നു ഇയ്യോബിന്റെ പുസ്തകം നമ്മെ പഠിപ്പിക്കുന്നു. ദൈവമക്കളെ ഒടുക്കിക്കളയുക എന്ന ഉദ്ദേശ്യത്തോടെ സാത്താൻ കൊണ്ടുവരുന്ന കഷ്ടതകൾ അവർക്ക് അനുവദിക്കുന്നതിനു ദൈവത്തിനു തന്റേതായ കാരണങ്ങളുണ്ട്. ഇയ്യോബിന്റെ പുസ്തകത്തിൽ നിന്ന് അത്തരം അഞ്ചു കാരണങ്ങളെങ്കിലും കണ്ടെത്താം. ഇയ്യോബിന്റെ അനുഭവങ്ങളിൽ നിന്ന് ഒന്നാമതു സ്വർഗ്ഗീയദൂതന്മാർക്കു മനുഷ്യനെ സംബന്ധിച്ച ദൈവത്തിന്റെ ബഹുവിധമായ ജ്ഞാനം ഗ്രഹിക്കാൻ കഴിഞ്ഞു. രണ്ടാമത്, ഇയ്യോബ് ദൈവത്തെ സേവിച്ചത് അവനു ലഭ്യമായ അനുഗ്രഹങ്ങളുടെ അടിസ്ഥാനത്തിലല്ലെന്നു സാത്താന്റെ മുൻപിൽ തെളിയിക്കുവാൻ അവിടുത്തേക്കു കഴിഞ്ഞു. മൂന്നാമതു തന്റെ ഭൃത്യനെ ശോധനകളിലൂടെ കടത്തിവിട്ടുവെങ്കിലും അവിടുത്തെ ദയയും കരുണയും തീർന്നു പോകുന്നതല്ലെന്നു ഇയ്യോബിനു വ്യക്തമാക്കിക്കൊടുക്കാൻ ദൈവത്തിനു സാധിച്ചു. നാലാമതു കഷ്ടതകളെല്ലാം തെറ്റിനുള്ള ദൈവശിക്ഷയല്ലെന്നു ഇയ്യോബിന്റെ സ്നേഹിതന്മാരുടെ മുൻപാകെ തെളിയിച്ചുകൊടുക്കാൻ കഴിഞ്ഞു. തങ്ങളെത്തന്നെ തിരിച്ചറിയുവാൻ ശോധനകളിലൂടെ കടന്നുപോയി പാഠങ്ങൾ പഠിക്കേണ്ടി വരുമെന്നു തലമുറയായി എല്ലാ ദൈവമക്കൾക്കും വ്യക്തമാക്കിക്കൊടുക്കാനും ഇയ്യോബിന്റെ പുസ്തകത്തിലൂടെ സാധിച്ചു. നോക്കുക: ഇയ്യോബിനു നേരേ സാത്താൻ കൊണ്ടുവന്ന കഷ്ടതകളെ തന്നെ തന്റെ ഉദ്ദേശ്യനിവൃത്തിക്കായും ഇയ്യോബിന്റെയും മറ്റുള്ളവരുടേയും ആത്യന്തിക നന്മയ്ക്കായും ദൈവനാമമഹത്വത്തിനായും അവിടുന്ന് എങ്ങനെയെല്ലാം ഉപയോഗപ്പെടുത്തി!

ദൈവനാമമഹത്വത്തിന് കഷ്ടതകൾ ഉപകരിക്കപ്പെടണമെങ്കിൽ അതിലൂടെ കടന്നുപോകുന്ന ആൾ അതിനെ താഴ്മയോടെ സ്വീകരിക്കേണ്ടതുണ്ട്. യേശുവിന്റെ ജീവിതത്തിൽ നിന്ന് ഒരു സന്ദർഭം ഇങ്ങനെ: യോഹന്നാൻ 12 ന്റെ 20-33 വചനങ്ങളിൽ തനിക്കു സഹിക്കേണ്ട കഷ്ടങ്ങളെക്കുറിച്ചും ക്രൂശു മരണത്തെക്കുറിച്ചും വിവരിക്കവേ യേശു പറയുന്നു: 'ഞാൻ എന്താണു പറയേണ്ടത്? പിതാവേ ഈ മണക്കൂറിൽ നിന്ന് എന്നെ രക്ഷിക്കണമേ എന്നാണോ? അല്ല. ഇതിനു വേണ്ടിയാണല്ലോ ഈ നാഴികയിലേക്കു ഞാൻ വന്നത്' (12:27). ആ കഷ്ടതയുടെ സാഹചര്യം പിതാവുതന്നെ തന്നതാണെന്ന (യോഹ. 17:7) ബോധ്യത്തോടെ, താഴ്മയോടെ, അതിനെ യേശു സ്വീകരിക്കുന്നു. അപ്പോൾ ദൈവനാമം മഹത്വപ്പെട്ടു (യോഹ.12:28).

പെട്ടെന്നു വരുന്ന കഷ്ടതകളോട്, രോഗങ്ങളോട് പ്രതികരിക്കുമ്പോൾ ആളുകൾ നാലുതരം മാനസികാവസ്ഥയിലൂടെ കടന്നുപോകും എന്നു പറയാറുണ്ട്. ആദ്യത്തേതു നിഷേധമാണ്. "ഏയ് എനിക്ക് ഇങ്ങനെ വരികയില്ല" എന്ന നിരാകരണം. രണ്ടാമത്തേത് ദേഷ്യമാണ്. "എനിക്കു മാത്രം ഇതെന്തു കൊണ്ടു വന്നു?" എന്നു ദൈവത്തോടും മറ്റു മനുഷ്യരോടുമുള്ള ഈർഷ്യയുടെ മനോഭാവം. മൂന്നാമത്തേതു വിഷാദവും നിരാശയുമാണ്. "എന്നാലും എനിക്കു മാത്രം ഇങ്ങനെ വന്നല്ലോ" എന്ന പരിദേവനം. ഒടുവിലായാണ് അതിനെ സ്വീകരിക്കുന്ന, അംഗീകരിക്കുന്ന മനോഭാവത്തിലേക്കു വരുന്നത്. ഒരു യഥാർത്ഥവിശ്വാസി വളരെവേഗം ഈ നാലാമത്തെ മനോഭാവത്തിലേക്കു വരും. 'ഈ സാഹ



ശേഷം പേജ് 14 ൽ

സന്ദേശം

# ആത്മീയപരിപക്വത: ഒരു പരിശോധന

**ജെ. ഓസ്‌വാൾഡ് സാൻഡേഴ്സ്**



*ക്രിസ്തുവാണ് നമുക്ക് സമ്പൂർണ്ണതയുടെ മാനദണ്ഡം. ഇതിന് ഏറ്റവും നല്ല വിശദീകരണം പിയാനോയിൽ ശ്രുതി മീട്ടുന്ന ഒരാളാണ്. നമ്മുടെ ജീവിതവും യേശുക്രിസ്തുവുമായി ഒരേ ഈണത്തിൽ ചേർന്നു പോകേണ്ടിയിരിക്കുന്നു.*

**വ്യ**ക്തമായ ഒരു ജീവിതലക്ഷ്യം ഉണ്ടായിരിക്കുക എന്നത് ഏതൊരു വ്യക്തിയെ സംബന്ധിച്ചും വളരെ പ്രാധാന്യമർഹിക്കുന്ന ഒരു കാര്യമാണ്. ഏതുലക്ഷ്യം ഉന്നം വച്ചുകൊണ്ടാണ് നാം ജീവിക്കുന്നതെന്ന് യാതൊരു മുന്നറിയിപ്പുമില്ലാതെ പത്തു വാക്കുകളിൽ പറയേണ്ടിവന്നാൽ എന്തായിരിക്കും നമ്മുടെ മറുപടി? വ്യക്തമായ ഒരു ലക്ഷ്യം നമുക്കുണ്ടോ? അതോ 'വന്നപാട് ചന്തം' എന്ന രീതിയിൽ യാതൊരു അടുക്കും ചിട്ടയും ഇല്ലാതെയാണോ നാം ജീവിക്കുന്നത്?

ലക്ഷ്യബോധത്തോടെയുള്ള ജീവിതത്തിന്റെ ആവശ്യകതയിലേക്ക് വിരൽ ചൂണ്ടുന്ന ഒരു സംഭവകഥ പറയാം: വിദേശമിഷനറി സംഘത്തിന്റെ ഇംഗ്ലണ്ടിലെ മേധാവിയായിരുന്ന ഫ്രെഡ് മിഷേൽ നേത്രപഠനക്ലാസ്സിൽ തന്റെ സഹപാഠിയായിരുന്ന ഒരു ചെറുപ്പക്കാരനെപ്പറ്റി വർഷങ്ങൾക്ക് മുമ്പ് എന്നോടു പറഞ്ഞിട്ടുണ്ട്. ഈ ചെറുപ്പക്കാരൻ ഒരു ദിവസം ഇങ്ങനെയൊരു പ്രസ്താവന നടത്തി, "ഫ്രെഡ്, ഞാൻ ഇംഗ്ലണ്ടിലെ രാജാവിന്റെ നേത്രപരിശോധകൻ ആകും." നാം എങ്ങനെ

എനിക്ക് ദൈവത്തെപ്പോലെ സകലത്തിലും പൂർണ്ണനാകുവാൻ സാധിക്കുകയില്ല എന്നിരിക്കെത്തന്നെ തന്റെ മാതാപിതാക്കളുടെ പൂർണ്ണസ്വരൂപത്തിലേക്ക് വളരുന്ന ഒരു കുഞ്ഞിനെപ്പോലെ ആപേക്ഷികമായ വളർച്ചയ്ക്കുള്ള സാദ്ധ്യത എനിക്കും ഉണ്ട്. നാം പരിജ്ഞാനപൂർത്തി പ്രാപിക്കുവാൻ ശ്രമിക്കുക. അക്ഷരാർത്ഥത്തിൽ അതിങ്ങനെ ആയിരിക്കണം; പൂർണ്ണതയിലേക്കുള്ള മുന്നേറ്റം തുടർന്നുകൊണ്ടേയിരിക്കുക. ഒറ്റരാത്രികൊണ്ട് സംഭവിക്കുന്ന ഒരു കാര്യമല്ല അത്.

പ്രതികരിക്കുമായിരുന്നുവോ അങ്ങനെ തന്നെ ഫ്രെഡും പറഞ്ഞു, “ഓ, കൊള്ളാം, മിക്കവാറും നടക്കും!” ഈ കഥ ഫ്രെഡ് എന്നോടു പറയുന്ന സമയത്ത് ആ വ്യക്തി ആയിരുന്നു രാജാവിന്റെ നേത്രപരിശോധകൻ.

ഇംഗ്ലണ്ടിന്റെ ഏതോ ഒരു കോണിൽ ആരാലും അറിയപ്പെടാതെ ജീവിച്ച ഒരു യുവാവ് എങ്ങനെയാണ് അവിശ്വസനീയമായ ഒരു പദവിയിൽ എത്തിച്ചേർന്നത്? ചെറുപ്പത്തിലേ തന്നെ തന്റെ ജീവിതത്തിന് വ്യക്തമായ ഒരു ഉദ്ദേശ്യം അദ്ദേഹം കണ്ടെത്തി. ജീവിതം മുഴുവൻ ഒരു പ്രാർത്ഥന പോലെ ആ ഒറ്റ ലക്ഷ്യത്തിലേക്കു തിരിച്ചുവിട്ട അയാൾ ആഗ്രഹിച്ചതുപോലെ തന്നെ രാജാവിന്റെ നേത്രപരിശോധകൻ ആയിത്തീർന്നു.

നാം എല്ലാവരും ക്രിസ്തുവിൽ പൂർണ്ണരായിരിക്കുവാൻ തക്കവണ്ണം ആത്മീയപരിപക്വതയിൽ വളർച്ച പ്രാപിക്കുന്നതാണ് സഭയുടെയും നമ്മുടെ പ്രവർത്തനങ്ങളുടെയും യഥാർത്ഥലക്ഷ്യം എന്നു ഞാൻ വിശ്വസിക്കുന്നു. പൗലൊസ് അപ്പൊസ്തലൻ ഇപ്രകാരം എഫെസൊസിലെ സഭയ്ക്ക് എഴുതി: “അവൻ ചിലരെ അപ്പൊസ്തലന്മാരായും, ചിലരെ പ്രവാചകന്മാരായും, ചിലരെ സുവിശേഷകന്മാരായും, ചിലരെ ഇടയന്മാരായും, ഉപദേഷ്ടാക്കന്മാരായും നിയമിച്ചിരിക്കുന്നു. അതു നാം എല്ലാവരും വിശ്വാസത്തിലും, ദൈവപുത്രനെക്കുറിച്ചുള്ള പരിജ്ഞാനത്തിലുമുള്ള ഐക്യവും, തികഞ്ഞ പുരുഷത്വവും, ക്രിസ്തുവിന്റെ സമ്പൂർണ്ണതയായ പ്രായത്തിന്റെ അളവും പ്രാപിക്കുവോളം വിശുദ്ധന്മാരുടെ യഥാസ്ഥാനത്വത്തിനായുള്ള ശുശ്രൂഷയുടെ വേലയ്ക്കും ക്രിസ്തുവിന്റെ ശരീരത്തിന്റെ ആത്മികവർദ്ധനയ്ക്കും ആകുന്നു.

അങ്ങനെ നാം ഇനി മനുഷ്യരുടെ ചതിയാലും, ഉപായത്താലും, തെറ്റിച്ചുകളയുന്ന തന്ത്രങ്ങളിൽ കുടുങ്ങിപ്പോകുവാൻ തക്കവണ്ണം, ഉപദേശത്തിന്റെ ഓരോ കാറ്റിനാൽ അലഞ്ഞുഴലുന്ന ശിശുക്കൾ ആയിരിക്കാതെ സ്നേഹത്തിൽ സത്യം സംസാരിച്ചുകൊണ്ടു, ക്രിസ്തു എന്ന തലയോളം സകലത്തിലും വളരുവാൻ ഇടയാകും. ശരീരം മുഴുവനും യുക്തമായി ചേർന്നും, ഏകീഭവിച്ചും, ഓരോ അംഗത്തിന്റെ അതതു വ്യാപാരത്തിനു ഒത്തവണ്ണം ഉതവി ലഭിപ്പാനുള്ള ഏതു സന്ധിയാലും, സ്നേഹത്തിലുള്ള വർദ്ധനയ്ക്കായി അവനിൽ നിന്നു വളർച്ച പ്രാപിക്കുന്നു.” (എഫെസ്യർ 4:11-16)

നമ്മുടെ ആത്മീയ വർദ്ധനയ്ക്കും വളർച്ചയ്ക്കും ഉതകുന്ന മൂന്നു കാര്യങ്ങൾ ഇവിടെ പ്രത്യേകം പരാമർശിച്ചിരിക്കുന്നു. 12-ാം വാക്യത്തിൽ പ്രസ്താവിച്ചിരിക്കുന്ന “തികഞ്ഞ പുരുഷത്വം” എന്നത് ക്രിസ്തുവിന്റെ സമ്പൂർണ്ണതയായ പ്രായത്തിന്റെ അളവായിട്ടാണ് വിവരിച്ചിരിക്കുന്നത്. ആയതിനാൽ നാം ഇനി ശിശുക്കളല്ല; മാത്രവുമല്ല സകലത്തിലും ക്രിസ്തു എന്ന തലയോളം വളരുവാൻ ഇടയാകുകയും ചെയ്യും.





സമഗ്രമായ ഒരു വളർച്ച നമ്മിൽ ഉണ്ടാകണമെന്നാണ് ദൈവത്തിന്റെ ആഗ്രഹം. ചില പ്രത്യേകകാര്യങ്ങളിൽ വിദഗ്ദ്ധരായാൽ മതിയെന്നുള്ളതാണ് നമ്മിൽ പലരുടേയും ചിന്ത, ഒരു തത്വത്തിൽ നാം ഉറച്ചുനിൽക്കുന്നുണ്ടായിരിക്കാം. ക്രിസ്തുവിന്റെ അതേഭാവം തന്നെ ചില കാര്യങ്ങളിൽ നാം പിൻതുടരുന്നുണ്ടായിരിക്കാം. എന്നാൽ ശരീരം മുഴുവനും ക്രിസ്തുവിന്റെ സാദൃശ്യത്തിൽ ആയിത്തീരേണ്ടതിന് സകലത്തിലും അവനെപ്പോലെ തന്നെ നാം വളരേണമെന്ന് പൗലോസ് ഓർമിപ്പിക്കുന്നു.

### പക്വത-നമ്മുടെ ലക്ഷ്യം

നമ്മുടെ കർത്താവിനെയും അവിടുത്തെ പൂർണതയെയുംപറ്റി ചിന്തിക്കുകയും, നാം എത്ര അപൂർണരാണെന്ന് ഓർക്കുകയും ചെയ്യുമ്പോൾ ആ പൂർണത നമുക്ക് അപ്രാപ്യമാണെന്ന് തോന്നാം. “ആകയാൽ നിങ്ങളുടെ സ്വർഗ്ഗീയ പിതാവു സൽഗുണപൂർണ്ണൻ ആയിരിക്കുന്നതുപോലെ നിങ്ങളും സൽഗുണപൂർണ്ണരാകുവിൻ.” (മത്തായി 5:48). ഈ പ്രബോധനത്തെ പരാമർശിച്ചുകൊണ്ട് ഡോ. എ.ടി. റോബർട്ട്സൺ എഴുതിയ ചില കാര്യങ്ങൾ എന്നെ വളരെ ആശ്വസിപ്പിച്ചിട്ടുണ്ട്. അതിങ്ങനെയാണ്. പൂർണ്ണത എന്ന വാക്ക് അതിന്റെ സമഗ്രമായ അർത്ഥത്തിൽ മാത്രമല്ല ഇവിടെ പ്രതിപാദിച്ചിരിക്കുന്നത്. മാതാപിതാക്കളുമായി താരതമ്യപ്പെടുത്തുമ്പോൾ ഒരു കുഞ്ഞ് എത്രമാത്രം അപൂർണ്ണനാണോ അത്തരത്തിൽ ആപേക്ഷികമായ അർത്ഥത്തിലും ഈ വാക്ക് ഉപയോഗിച്ചിരിക്കുന്നു. എനിക്ക് ദൈവത്തെപ്പോലെ സകലത്തിലും പൂർണ്ണനാകുവാൻ സാധിക്കുകയില്ല എന്നിരിക്കെത്തന്നെ തന്റെ മാതാപിതാക്കളുടെ പൂർണ്ണസ്വരൂപത്തിലേക്ക് വളരുന്ന ഒരു കുഞ്ഞിനെപ്പോലെ ആപേക്ഷികമായ വളർച്ചയ്ക്കുള്ള സാദ്ധ്യത എനിക്കും ഉണ്ട്.

ആരോഗ്യം ക്ഷയിക്കുമ്പോൾ നാം എങ്ങനെ പ്രതികരിക്കും? സ്വയസഹതാപത്തിലും സ്വന്ത താൽപര്യങ്ങളിലും വ്യാപൃതരായിക്കഴിയുകയല്ലേ മിക്കവാറും ചെയ്യാറുള്ളത്? പ്രശ്നക്കാരോട് നാം എങ്ങനെ പ്രതികരിക്കും? അക്ഷമയോടോ, അതോ കറ തീർന്ന സ്നേഹത്തോടോ? നമ്മുടെ പ്രതീക്ഷകൾ തകിടം മറിയുമ്പോൾ നാം എങ്ങനെ പ്രതികരിക്കും? ദൈവത്തോട് മറുതലിക്കുമോ അതോ വിജയത്തിലേക്കുള്ള ചവിട്ടുപടിയായി ആ സാഹചര്യത്തെ ഉപയോഗിക്കുമോ? സാവകാശം മറുപടി കണ്ടെത്തുക.

നാം പരിജ്ഞാനപൂർത്തി പ്രാപിക്കുവാൻ ശ്രമിക്കുക. (എബ്രായർ. 6:1). അക്ഷരാർത്ഥത്തിൽ അതിങ്ങനെ ആയിരിക്കണം; പൂർണ്ണതയിലേക്കുള്ള മുന്നേറ്റം തുടർന്നുകൊണ്ടേയിരിക്കുക. ഒറ്റരാത്രികൊണ്ട് സംഭവിക്കുന്ന ഒരു കാര്യമല്ല അത്.

ആരോഗ്യം ക്ഷയിക്കുമ്പോൾ നാം എങ്ങനെ പ്രതികരിക്കും? സ്വയസഹതാപത്തിലും സ്വന്ത താൽപര്യങ്ങളിലും വ്യാപൃതരായിക്കഴിയുകയല്ലേ മിക്കവാറും ചെയ്യാറുള്ളത്? പ്രശ്നക്കാരോട് നാം എങ്ങനെ പ്രതികരിക്കും? അക്ഷമയോടോ, അതോ കറ തീർന്ന സ്നേഹത്തോടോ? നമ്മുടെ പ്രതീക്ഷകൾ തകിടം മറിയുമ്പോൾ നാം എങ്ങനെ പ്രതികരിക്കും? ദൈവത്തോട് മറുതലിക്കുമോ അതോ വിജയത്തിലേക്കുള്ള ചവിട്ടുപടിയായി ആ സാഹചര്യത്തെ ഉപയോഗിക്കുമോ? സാവകാശം മറുപടി കണ്ടെത്തുക.

ക്രിസ്തുവാണ് നമുക്ക് സമ്പൂർണ്ണതയുടെ മാനദണ്ഡം. ഇതിന് ഏറ്റവും നല്ല വിശദീകരണം പിയാനോയിൽ ശ്രുതി മീട്ടുന്ന ഒരാളാണ്. ആദ്യം

> സ്വച്ഛതയും ശിക്ഷണവും ഒപ്പത്തിനൊപ്പം കൊണ്ടുനടന്ന അവിടുന്ന് ഒരിക്കലും മനഃക്ലേശം, ഉത്കണ്ഠ, അശ്രദ്ധ എന്നിവയ്ക്ക് അടിമയായിരുന്നില്ല. തികഞ്ഞ യാഥാർത്ഥ്യവാദിയായിരിക്കുമ്പോൾ തന്നെ ദോഷൈകദൃക് ആകാതെ ശുഭാപ്തിവിശ്വാസത്തോടെ അവിടുന്നു ജീവിച്ചു. യേശു കർത്താവിന്റെ ജീവിതത്തെ വിശകലനം ചെയ്യുമ്പോൾ ഒരു കാര്യം നമുക്കു മനസ്സിലാക്കാം- സകലത്തിലും അവിടുന്ന് നടത്തിയത് സമ്പൂർണ്ണതയുടെ പ്രതികരണങ്ങളായിരുന്നു.

കാണുന്ന തന്ത്രിയിൽ അയാൾ പാട്ടു തുടങ്ങുകയില്ല. കാര്യങ്ങളൊക്കെ ക്രമീകരിച്ചു കഴിഞ്ഞ് തന്ത്രിയിൽ ശ്രുതിമീട്ടുവാൻ തുടങ്ങും. അതു പൂർണ്ണമായി ഈണത്തിലായിക്കഴിയുമ്പോൾ, മറ്റുള്ള എല്ലാ തന്ത്രികളും ഒന്നൊന്നായി അതുമായി ചേർന്നുപോകുന്ന തരത്തിൽ ഈണമിടും. ഇതേപോലെതന്നെ നമ്മുടെ ജീവിതവും യേശുക്രിസ്തുവുമായി ഒരേ ഈണത്തിൽ ചേർന്നു പോകേണ്ടിയിരിക്കുന്നു.

നമ്മുടെ കർത്താവിന്റെ ഗുണഗണങ്ങൾ എന്തൊക്കെയാണ്? അവിടുന്ന് ഒരിക്കലും ഒരു ശുണ്ഠിക്കാരനോ അഹങ്കാരിയോ ആയിരുന്നില്ല, മറിച്ച് ക്ഷമയുടേയും താഴ്മയുടേയും ഉദാത്തരൂപമായിരുന്നു. സ്വച്ഛതയും ശിക്ഷണവും ഒപ്പത്തിനൊപ്പം കൊണ്ടുനടന്ന അവിടുന്ന് ഒരിക്കലും മനഃക്ലേശം, ഉത്കണ്ഠ, അശ്രദ്ധ എന്നിവയ്ക്ക് അടിമയായിരുന്നില്ല. തികഞ്ഞ യാഥാർത്ഥ്യവാദിയായിരിക്കുമ്പോൾ തന്നെ ദോഷൈകദൃക് ആകാതെ ശുഭാപ്തിവിശ്വാസത്തോടെ അവിടുന്നു ജീവിച്ചു. യേശു കർത്താവിന്റെ ജീവിതത്തെ വിശകലനം ചെയ്യുമ്പോൾ ഒരു കാര്യം നമുക്കു മനസ്സിലാക്കാം- സകലത്തിലും അവിടുന്ന് നടത്തിയത് സമ്പൂർണ്ണതയുടെ പ്രതികരണങ്ങളായിരുന്നു.

**ആത്മീയപക്വതയുടെ അടയാളങ്ങൾ**

നാം പക്വതയിലേക്കുള്ള പ്രയാണത്തിലാണോ? ആറു വ്യത്യസ്ത മേഖലകളിലൂടെ നമ്മെത്തന്നെ വിശകലനം ചെയ്യാം:

ഒന്നാമതായി, എല്ലാറ്റിനും മുമ്പെ ദൈവത്തിന്റെ മഹത്വം ആരായുക:

ഒരു നിർണ്ണായക സാഹചര്യത്തിൽ നാം എടുക്കുന്ന തീരുമാനം ഏതു ചോദ്യത്തിനുള്ള മറുപടി ആയിരിക്കും? ഈ തീരുമാനം നമ്മെ സന്തോഷിപ്പിക്കുന്നതിനും. നമ്മുടെ സ്വാർത്ഥ താത്പര്യങ്ങളെ പോഷിപ്പിക്കുന്നതിനും വേണ്ടി മാത്രമാണോ? പൂർണ്ണതയിലേക്കുള്ള യാത്രയിലാണ് നാമെങ്കിൽ "ഈ തീരുമാനം ദൈവത്തെ മഹത്വപ്പെടുത്തുമോ" എന്നായിരിക്കും നമ്മുടെ ആദ്യത്തെ ചോദ്യം.

"പിതാവായ ദൈവത്തിന് സകല മഹത്വവും കൊടുക്കുക" എന്നുള്ളതായിരുന്നു യേശുക്രിസ്തുവിന്റെ ശ്രേഷ്ഠമായ ദൗത്യം. "ഞാൻ ഭൂമിയിൽ നിന്നെ മഹത്വപ്പെടുത്തി. നീ എനിക്കു ചെയ്‌വാൻ തന്ന പ്രവൃത്തി തികച്ചിരിക്കുന്നു." (യോഹന്നാൻ 17:4). മുപ്പത്തിമൂന്നു വർഷത്തെ തന്റെ ഇഹലോകവാസത്തിന്റെ സംഗ്രഹമാണ് ഇത്. ക്രിസ്തീയ ജീവിതത്തിൽ വളരുകയും മുന്നേറുകയും ചെയ്യുന്നുണ്ടെങ്കിൽ നാമും അങ്ങനെ തന്നെ ആയിരിക്കും.

രണ്ടാമതായി ആത്മീയ ശിശുവായി പാൽ മാത്രം കുടിച്ചു ജീവിക്കാതെ കട്ടിയായുള്ള ആഹാരങ്ങളും കൂടി കഴിക്കുന്ന ആളായിരിക്കും.





ആത്മീയ വളർച്ചയ്ക്ക് തടസ്സമാകാവുന്ന രണ്ടു സാദ്ധ്യതകളെപ്പറ്റി തിരുവചനം തിരിച്ചറിവു നൽകുന്നു. ഒന്ന് ദൈർഘ്യമേറിയ ആത്മീയ ശൈശവം, മറ്റൊന്ന് അകാലത്തിലുള്ള ആത്മീയ വാർദ്ധക്യവും. രണ്ടും അനുചിതമാണ്. നാം ഏതുഗണത്തിലാണ് ഉൾപ്പെട്ടിട്ടുള്ളത്?

ആത്മീയ ശിശുക്കൾക്കുള്ള മുന്നറിയിപ്പാണ് 1 കൊരിന്ത്യർ 3-ാം അദ്ധ്യായം ഒന്നും രണ്ടും വാക്യത്തിലൂടെ പൗലൊസ് അപ്പൊസ്തലൻ നൽകുന്നത്. "ആത്മിക പൂർണ്ണരോട് എന്നപോലെ നിങ്ങളോടെ സംസാരിക്കണമെന്ന് എനിക്ക് ആഗ്രഹമുണ്ടായിരുന്നു. പക്ഷേ ക്രിസ്തുവിൽ ശിശുക്കളോട് എന്നപോലെ മാത്രമേ എനിക്ക് നിങ്ങളോടു സംസാരിക്കുവാൻ കഴിയുകയുള്ളു. ഭക്ഷണമല്ല പാൽ അത്രേ നിങ്ങൾ കുടിക്കുന്നത്.

ആത്മീയ വാർദ്ധക്യത്തിന്റെ അവശതകൾ നമുക്കുണ്ടോ എന്നറിയുവാൻ എബ്രായലേഖനം 5-ാം അദ്ധ്യായം 11 മുതൽ 14 വരെയുള്ള വാക്യങ്ങൾ ശ്രദ്ധിച്ചു വായിക്കുക. "മല്ക്കിസേദെക്കിന്റെ ക്രമപ്രകാരം ക്രിസ്തുവിനു ലഭിച്ച ശ്രേഷ്ഠ മഹാപൗരോഹിത്യത്തെപ്പറ്റി നിങ്ങളുമായി ചില സത്യങ്ങൾ പങ്കുവയ്ക്കുവാൻ എനിക്ക് അതിയായ വാഞ്ഛയുണ്ടെങ്കിലും സാധിക്കുന്നില്ല. എന്തെന്നാൽ നിങ്ങൾ പിന്മാറിപ്പോയി. രക്ഷിക്കപ്പെട്ട നാൾ മുതൽ കാണക്കാക്കി നോക്കിയാൽ നിങ്ങൾ ഇപ്പോൾ ഉപദേഷ്ടാക്കന്മാരായിരിക്കേണ്ടുന്നവരാണ്. പക്ഷേ ആരെങ്കിലും വന്ന ക്രിസ്തുവിന്റെ സുവിശേഷത്തിന്റെ ആദ്യപാഠങ്ങൾ മുതൽ പഠിപ്പിച്ചു തരേണ്ട ദുരവസ്ഥയിലാണ് നിങ്ങൾ."

"കട്ടിയായ ആഹാരം പ്രായം തികഞ്ഞവർക്കേപറ്റൂ." തിരുവചനം തറപ്പിച്ചു പറയുന്നു (എബ്രാ. 5:14).

> ആത്മീയ പക്വതയുടെ പാതയിലുള്ളവർ സ്വീകരിക്കുന്നതിനെക്കാൾ കൊടുക്കുന്നതിനെപ്പറ്റിയായിരിക്കും ഉത്കണ്ഠപ്പെടുന്നത്. മനുഷ്യപുത്രൻ ശുശ്രൂഷചെയ്യിപ്പാനല്ല, ശുശ്രൂഷിപ്പാനത്രേ വന്നത്. സ്വീകരിക്കുക, ശുശ്രൂഷിക്കപ്പെടുക എന്നുള്ളതല്ലായിരുന്നു യേശുവിന്റെ മനോഭാവം; പിന്നെയോ കൊടുക്കുക, ശുശ്രൂഷിക്കുക എന്നുള്ളതായിരുന്നു, പൂർണ്ണതലക്ഷ്യം വച്ചു മുന്നേറുന്ന ഓരോ ക്രിസ്ത്യാനിയുടെയും യഥാർത്ഥമനോഭാവവും അതുതന്നെ ആയിരിക്കും.

ആത്മീയ വളർച്ചയുടെ പാതയിലുള്ളവർ തിരുവെഴുത്തുകളുടെ ആഴങ്ങളിൽ മുങ്ങി ആഴമേറിയ സത്യങ്ങൾ കണ്ടെത്തുന്നവരായിരിക്കും. ഇഷ്ടമുള്ള ഭാഗങ്ങൾമാത്രം വായിച്ചു തൃപ്തിപ്പെടാതെ, ആദിയോടന്തം കൂടുതൽ ശ്രദ്ധയോടെ തിരുവചനം പഠിക്കേണ്ടതിന്റെ ആവശ്യകത ഇവിടെയാണ്.

കൃത്രിമമായി ഉത്തേജകങ്ങളിലൊന്നും ആശ്രയിക്കേണ്ടതില്ല. മറ്റുള്ളവരിൽ നിന്നും കിട്ടുന്ന രണ്ടാംതരം അനുഭവങ്ങളുടെ വെളിച്ചത്തിൽ ജീവിക്കുന്നവർ അപക്വതയുള്ളവരാണ്. ദൈവം തന്നെ നമ്മുടെ ഹൃദയങ്ങളിൽ നിക്ഷേപിക്കുന്ന വചനത്തിന്റെ വെളിപ്പാടുകൾ മാത്രമേ ആത്മീയ വളർച്ചയിൽ നമ്മെ സഹായിക്കുകയുള്ളൂ.

മൂന്നാമതായി, സന്തോഷത്തേക്കാൾ അധികം വിശുദ്ധിയിൽ തത്പരനായിരിക്കും.

വാസ്തവത്തിൽ സന്തുഷ്ടിയല്ലേ ക്രിസ്തീയജീവിതംകൊണ്ട് നാം ആഗ്ര

ഹിക്കുന്നത്, നാം സന്തുഷ്ടരായിരിക്കുന്നതിന് എതിർപ്പൊന്നും ഉള്ള ആളല്ല ദൈവം. നാം സന്തോഷകരമായ ജീവിതം നയിക്കണമെന്നു തന്നെയാണ് അവിടുത്തെ ആഗ്രഹം. അതുകൊണ്ടാണല്ലോ യേശു ഇപ്രകാരം പറഞ്ഞത് “എന്റെ സന്തോഷം നിങ്ങളിൽ ആകുവാനും നിങ്ങൾ പൂർണ്ണസന്തോഷത്തിലായിരിക്കുവാനും വേണ്ടി. ഞാൻ ഈ കാര്യങ്ങൾ നിങ്ങളോടു പറയുന്നു. ആഹ്ലാദം എന്ന അന്ത്യമലക്ഷ്യത്തിലേക്കുള്ളതായിരിക്കണം നമ്മുടെ എല്ലാ പ്രയത്നങ്ങളും എന്ന് തിരുവചനം ഒരിടത്തും സൂചിപ്പിക്കുന്നില്ല. “നീതിയെ പിൻതുടരുവാനാണ്” തിരുവചനം ആഹ്വാനം ചെയ്യുന്നത് (1തിമൊഥെയൊസ് 6:11). സന്തുഷ്ടിയല്ല, മറിച്ച് വിശുദ്ധതന്നെ ആയിരിക്കട്ടെ നമ്മുടെ ലക്ഷ്യം.

അസന്തുഷ്ടരെയോ അശരണരെയോ തേടി യേശു ചുറ്റുപാടും നടന്നില്ല. “വാടിയ മുഖം കാണിക്കരുതെന്ന്” അവിടുന്ന് ശിഷ്യന്മാരോട് പറഞ്ഞു (മത്തായി 6:16) “നിന്റെ ദൈവം നിന്റെ കൂട്ടുകാരിൽ പരമായി നിന്നെ ആനന്ദതൈലം കൊണ്ട് അഭിഷേകം ചെയ്തിരിക്കുന്നു” എന്ന് യേശുവിനെപ്പറ്റിയാണ് പറയുന്നത് (എബ്രായർ1:19) എന്തുകൊണ്ടാണ് യേശു സന്തോഷവാനായിരുന്നത്? അവിടുന്ന് നീതിയെ ഇഷ്ടപ്പെട്ടു. അതോടൊപ്പം അതിവിശുദ്ധനുമായിരുന്നു. കർത്താവിനെപ്പോലെ വിശുദ്ധിയുടെ പാരമ്യത്തിൽ എപ്പോൾ നാം എത്തുന്നുവോ അപ്പോൾ ബോണസെന്നപോലെ സന്തോഷം നമ്മിൽ നിറയും അല്ലാതെ സന്തുഷ്ടിക്കുവേണ്ടി നാം പ്രത്യേകിച്ച് ഒന്നും ചെയ്യേണ്ട ആവശ്യമില്ല.

നാലാമതായി ശുശ്രൂഷിക്കപ്പെടുന്നതിനേക്കാൾ, ശുശ്രൂഷിക്കുന്നതിലത്രേ താത്പര്യം

ആത്മീയ പക്വതയുടെ പാതയിലുള്ളവർ സ്വീകരിക്കുന്നതിനെക്കാൾ കൊടുക്കുന്നതിനെപ്പറ്റിയായിരിക്കും ഉത്കണ്ഠപ്പെടുന്നത്. മനുഷ്യപുത്രൻ ശുശ്രൂഷചെയ്യിപ്പാനല്ല, ശുശ്രൂഷിപ്പാനത്രേ വന്നത്. (മത്തായി 20:28). സ്വീകരിക്കുക, ശുശ്രൂഷിക്കപ്പെടുക എന്നുള്ളതല്ലായിരുന്നു യേശുവിന്റെ മനോഭാവം; പിന്നെയോ കൊടുക്കുക, ശുശ്രൂഷിക്കുക എന്നുള്ളതായിരുന്നു, പൂർണ്ണതലക്ഷ്യം വച്ചു മുന്നേറുന്ന ഓരോ ക്രിസ്ത്യാനിയുടെയും യഥാർത്ഥമനോഭാവവും അതുതന്നെ ആയിരിക്കും.

എന്തെങ്കിലും വില കൊടുക്കാതെ ഒരു ശുശ്രൂഷയും ഒരിക്കലും കർത്താവു ചെയ്തിട്ടില്ല എന്നുള്ള കാര്യം നാം ഓർക്കേണ്ടിയിരിക്കുന്നു. ഓരോ തവണയും തന്നെത്തന്നെ കുറേശ്ശെ അവിടുന്നു കൊടുത്തുകൊണ്ടേയിരുന്നു. രക്തസ്രവക്കാരിയായ സ്ത്രീ വസ്ത്രത്തിന്റെ തൊങ്ങൽ തൊട്ട ഉടനെ തന്നിൽ നിന്നും ശക്തി പുറപ്പെട്ടതുകൊണ്ടല്ലേ യേശു അതറിഞ്ഞത് (മർക്കൊസ് 5:30). കാൽവറിയിലെ ക്രൂശിൽ മാത്രമല്ല ക്രിസ്തു തന്റെ ജീവനെ നമുക്കായി വെടിഞ്ഞത്. രോഗികളെ സൗഖ്യമാക്കിയും, മരിച്ചവരെ ഉയർപ്പിച്ചും, ഭൂതങ്ങളെ പുറത്താക്കിയും താൻ ചെയ്ത ഓരോ ശുശ്രൂഷയിലും തന്റെ ജീവനെ കുറേശ്ശെ നമുക്കായി വിട്ടുകൊടുക്കുന്നുണ്ടായിരുന്നു. പ്രിയപ്പെട്ടവരേ ഇതു നമ്മുടെ കണ്ണു തുറപ്പിക്കുമോ? നമുക്ക് സ്വയം ചോദിക്കാം; നാം കൊടുക്കുന്നവരും ശുശ്രൂഷിക്കുന്നവരും ആണോ? അതോ വാങ്ങുന്നതിലും ശുശ്രൂഷിക്കപ്പെടുന്നതിലും ആണോ നമ്മുടെ ശുഷ്ക്കാന്തി? അഞ്ചാമതായി ഫലപ്രദമായി ക്രിസ്തീയ ജീവിതം നയിക്കുന്നവനായിരിക്കും.

*ശേഷം പേജ് 38 ൽ*





വിശുദ്ധരുടെ കാലൊച്ച

# ജോർജ് ഹെർബെർട്ട്: പ്രാർത്ഥിക്കുന്ന ഇടയൻ

നവീകരണകാലഘട്ടത്തിലെ വിശുദ്ധന്മാരുടെ പട്ടിക ജോർജ് ഹെർബർട്ടിനെ (1593-1633) കൂടാതെ പൂർത്തിയാകുകയില്ല. കേവലം നാൽപതു വർഷം നീണ്ടു നിന്ന ഹ്രസ്വമായ ജീവിതം. ഇംഗ്ലണ്ടിലെ ജെയിംസ് ഒന്നാമന്റെ കാലഘട്ടത്തിലാണ് ഹെർബെർട്ട് ജീവിച്ചിരുന്നത്. ജർമനിയിൽ മാർട്ടിൻ ലൂഥറിന്റ നേതൃത്വത്തിൽ തുടങ്ങിയ നവീകരണം ഇംഗ്ലണ്ടിൽ ചർച്ച് ഓഫ് ഇംഗ്ലണ്ടിലൂടെയാണ് പ്രകടമായത്. ഇംഗ്ലണ്ടിലെ ഔദ്യോഗികസഭയിൽ തുടർന്ന ജോർജ് ഹെർബെർട്ട് ഉള്ളിൽ ഒരു തികഞ്ഞ പ്യൂരിറ്റൻ ചിന്താഗതിക്കാരനായിരുന്നു. കേംബ്രിഡ്ജിൽ ഒരു വാഗ്മിയായി പൊതുജീവിതരംഗത്തേക്ക് കടന്നുവന്ന ഈ യുവാവ് ജെയിംസ് ഒന്നാമന്റെ നിര്യാണസമയത്ത് രാജകീയ സേവനരംഗത്ത് ചുവടുറപ്പിക്കാൻ ഏതാണ്ട് ഒരുങ്ങിക്കഴിഞ്ഞിരുന്നു. എന്നാൽ രാജാവിന്റെ വേർപാടും അതേകാലഘട്ടത്തിൽ തന്റെ മാതാവിന്റെ മരണവും ഒക്കെ ഹെർബെർട്ടിന്റെ ജീവിതദിശ തിരിച്ചുവിട്ടു. 1629 ൽ സാലിസ്ബറിക്ക് അടുത്തുള്ള ബിമെർട്ടൻ എന്ന ഗ്രാമീണ ഇടവകയിലെ ശുശ്രൂഷകനായി അദ്ദേഹം ചുമതലയേറ്റു. തന്റെ സമകാലികനും വഴികാട്ടിയുമായിരുന്ന പ്രസിദ്ധ കവി ജോൺ ഡൺ എഴുതിയ കവിതകൾ അടങ്ങിയ പ്രസിദ്ധീകരണങ്ങൾ ധാരാളമായി വിറ്റഴിക്കപ്പെട്ടിരുന്നു. ബിമെർട്ടനിൽ ദൈവത്തിന്റെ കുഞ്ഞാടുകളെമേയിക്കുന്ന ഉത്തരവാദിത്വം നിർവഹിക്കുമ്പോൾ തന്നെ ജോർജ് പ്രസിദ്ധമായ കവിതകൾ പലതും രചിക്കുകയുണ്ടായി.വ്യക്തിപരമായ ജീവിതാനുഭവങ്ങളുടെ മൂശയിൽ രൂപംകൊണ്ടതാണ് “ഗ്രാമീണഇടവകയുടെ ശത്രുക്കൾ” എന്ന ഗ്രന്ഥം. ദൈവഭക്തനായ ഒരു ശുശ്രൂഷകന്റെ തൂലികാചിത്രമാണത്. തനിക്ക് സ്വകാര്യജീവിതത്തിൽ, ശുശ്രൂഷയിൽ ഒരു ‘ലക്ഷ്യ’മായി ചിലത് ഉണ്ടായിരിക്കണം എന്ന നിർബ്ബന്ധമാണ് ഈ ഗ്രന്ഥരചനയുടെ പിമ്പിൽ. താൻ വരച്ചുകാട്ടിയ മാതൃകാശുശ്രൂഷകന്റെ അതേ കാൽച്ചുവടുകളിൽ നടക്കാൻ എല്ലാ പരിശ്രമവും അദ്ദേഹം



നടത്തിയിരുന്നു. മരണശേഷം മാത്രമാണ് ആ ഗ്രന്ഥം പ്രസിദ്ധീകരിച്ചത്. "ഗ്രാമീണഇടവകയുടെശുശ്രൂഷകൻ' എന്ന ഗ്രന്ഥത്തിൽ നിന്നുള്ള ഒരു പ്രാർത്ഥനയാണ് ഇതോടൊപ്പം ചേർത്തിരിക്കുന്നത്. യേശുവിന്റെ ശുശ്രൂഷ ചെയ്യുന്ന ഒരു നല്ല ഇടയൻ ദൈവവചനം പ്രസംഗിക്കുന്നതിനുമുമ്പ് പ്രാർത്ഥിക്കുന്ന ഹൃദയംഗമായ ഒരു പ്രാർത്ഥന.

നാം ഏതെങ്കിലും ഒരു വ്യക്തിയോട് എന്തെങ്കിലും ചോദിക്കുന്നത് ആ വ്യക്തിയെക്കുറിച്ചുള്ള നമ്മുടെ ചിന്തകൾക്കനുസൃതമായിരിക്കുമല്ലോ? നമ്മുടെ പിതാവിനെയോ, ദന്തഡോക്ടറെയോ, നിയമസഭാംഗത്തെയോ നാം സമീപിക്കുന്നത് തികച്ചും വ്യത്യസ്തമായ വിധങ്ങളിലാണ്?. ആരിൽ നിന്നെങ്കിലും മഹത്തായ കാര്യങ്ങൾ ചോദിക്കുംമുമ്പ് ആ വ്യക്തിക്ക് ആ കാര്യങ്ങൾ ചെയ്തുതരാനുള്ള ശക്തിയും മനസ്സും ഒരുപോലെ ഉണ്ടെന്ന് നാം വിശ്വസിക്കേണ്ടതല്ലേ? അതുകൊണ്ടുതന്നെ നമ്മുടെ ദൈവശാസ്ത്രചിന്തകളുടെ ഒരു പ്രതിഫലനമായിരിക്കും നമ്മുടെ പ്രാർത്ഥനകളും. ദൈവത്തെക്കുറിച്ചുള്ള നമ്മുടെ ചിന്തകൾക്ക് അനുസൃതമായിട്ടാവും നാം പ്രാർത്ഥിക്കുന്നതും. അല്പവിശ്വാസം ബലഹീനമായ പ്രാർത്ഥനകൾക്ക് ജന്മം നൽകുന്നു. ശക്തിയുള്ള വിശ്വാസം ജീവനുള്ള പ്രാർത്ഥന ഉളവാക്കുന്നു. ജോർജ് ഹെർബെർട്ടിന്റെ പ്രാർത്ഥനകളിൽ ഈ സത്യം നമുക്ക് ദർശിപ്പാൻ കഴിയും. ഈ ചിന്തയോടെ അദ്ദേഹത്തിന്റെ ഒരു മാതൃകാ പ്രാർത്ഥന വായിച്ചാലും:

# സ്നേഹനദിയുടെ ഒഴുക്ക്

**സർവ്വശക്തനും** നിത്യനുമായ പിതാവേ! മഹത്വവും, ശക്തിയും, പ്രഭയും, തേജസ്സും അണിഞ്ഞവനേ! ഞങ്ങൾ എന്തൊക്കെ സംജ്ഞകൾ അങ്ങയേ അഭിസംബോധന ചെയ്യുവാൻ ഉപയോഗിക്കുന്നുവോ ആ സംജ്ഞകൾ ഒക്കെ ഞങ്ങളിൽ നിന്നും എത്രമാത്രം അകലെയാണ് എന്നോർക്കുമ്പോൾ അവിടുത്തെ തിരുമുമ്പാകെ വരുവാൻ ഞങ്ങൾ എങ്ങനെ ധൈര്യപ്പെടും? ഞങ്ങൾ ആകമാനം ഇരുട്ടും ബലഹീനതയും, അശുദ്ധിയും ലജ്ജയും കൊണ്ട് മൂടപ്പെട്ടിരിക്കുന്നു. അരിഷ്ടതയും പാപവും ഞങ്ങളുടെ ജീവിതനാളുകളെ നിറച്ചിരിക്കുന്നു. എങ്കിലും അവിടുന്ന് ഞങ്ങളുടെ സ്രഷ്ടാവും ഞങ്ങൾ അവിടുത്തെ കൈവേലയുമല്ലോ? അവിടുത്തെ കരങ്ങൾ ഞങ്ങളെ മെനഞ്ഞുണ്ടാക്കുകയും, സകലചരാചരങ്ങൾക്കും അധിപതികൾ ആക്കി വയ്ക്കുകയും ചെയ്തു. ഞങ്ങളുടെ ഉള്ളിൽ ഒരു ലോകം തരുകയും ഞങ്ങളെ സേവിക്കാനായി പുറമേ ഒരു ലോകം സൃഷ്ടിക്കയും ചെയ്തശേഷം ഞങ്ങളെ ഏദൻ പറുദീസയിലാക്കി വച്ചു. ഞങ്ങളുടെ മേൽ സകല നന്മകളും ചൊരിഞ്ഞുകൊണ്ടിരിക്കെത്തന്നെ ഞങ്ങൾ അവിടുത്തെ ദിവ്യമായ ആലോചനകൾക്ക് തടസ്സം നിൽക്കുകയും, അവിടുത്തെ ഹൃദയത്തെ നിരാശപ്പെടുത്തുകയും ചെയ്തു. തേജോമയനായ, കൃപനിറഞ്ഞ ഞങ്ങളുടെ ദൈവത്തെ ഞങ്ങൾ വിറ്റുകളഞ്ഞു. ഏദനിലെ വിലക്കപ്പെട്ട ആ വൃക്ഷത്തിന്റെ ഒരു കനിക്കുവേണ്ടിയാണ് ഞങ്ങൾ അങ്ങയെ വിറ്റുകളഞ്ഞത്!

എഴുതുക! ഞങ്ങളുടെ നെറ്റിമേൽ എന്നെന്നേക്കും അത് എഴുതുക!! ഒരിക്കൽ ഒരു വൃക്ഷഫലത്തിനുവേണ്ടി ഞങ്ങൾക്ക് ദൈവം നഷ്ടമായെങ്കിൽ അതേ വിധത്തിൽ ഇന്നും ഞങ്ങൾ





ദൈവത്തെ നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുന്നു. പഴത്തിന്റെ സ്ഥാനത്ത് പണം, രുചികരമായഭക്ഷണം തുടങ്ങിയ കാര്യങ്ങൾക്കുവേണ്ടി ആണെന്നു മാത്രം. എങ്കിലും കർത്താവേ, അവിടുന്ന് ക്ഷമയും, കരുണയും, സ്നേഹവും നിറഞ്ഞ പിതാവാകയാൽ ഞങ്ങൾ നശിച്ചുപോകാതെയിരിക്കുന്നു. സകലത്തിന്റെയും മീതെ അവിടുന്ന് അങ്ങയുടെ ദയയെ ഉന്നതമാക്കിയിരിക്കുന്നു. ഞങ്ങളെ ശിക്ഷിക്കുന്നതിലല്ല, രക്ഷിക്കുന്നതിൽ അവിടുന്ന് മഹത്വം കണ്ടെത്തി. പാപം പെരുകിയിടത്ത്, മരണമല്ല, കൃപ അത്യന്തം പെരുകി. ആകാശത്തിലും ഭൂമിയിലും യാതൊരു സഹായവും ലഭ്യമല്ലാതിരുന്ന പാപികളായ ഞങ്ങളെ ഓർത്ത അവിടുത്തെ പുത്രൻ, 'ഇതാ ഞാൻ വരുന്നു!' എന്നു പറഞ്ഞുകൊണ്ട് ഈ താണ ഭൂമിയിലേക്കു വന്നു. ജീവനായകനായ കർത്താവ് ഞങ്ങൾക്കുവേണ്ടി മരണം ആസ്വദിച്ചു. അവിടുന്ന് ജഡമെടുത്തു. കണ്ണുനീർവാർത്തു, മരിച്ചു. തന്റെ ശത്രുക്കൾക്കുവേണ്ടി അവിടുന്ന് മരിച്ചു. തന്നെ ദുഷിച്ചവർക്കുവേണ്ടി, ഇപ്പോഴും നിന്ദിക്കുന്നവർക്കുവേണ്ടിയാണ് അവിടുത്തെ പുത്രൻക്രൂശിൽ കയറിയത്.

> ഒരിക്കൽ ഒരു വൃക്ഷഫലത്തിനുവേണ്ടി ഞങ്ങൾക്ക് ദൈവം നഷ്ടമായെങ്കിൽ അതേ വിധത്തിൽ ഞങ്ങൾ ഇന്നും ദൈവത്തെ നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുന്നു. പഴത്തിന്റെ സ്ഥാനത്ത് പണം, രുചികരമായഭക്ഷണം തുടങ്ങിയ കാര്യങ്ങൾക്കുവേണ്ടി ആണെന്നു മാത്രം. എങ്കിലും കർത്താവേ, അവിടുന്ന് ക്ഷമയും, കരുണയും, സ്നേഹവും നിറഞ്ഞ പിതാവാകയാൽ ഞങ്ങൾ നശിച്ചുപോകാതെയിരിക്കുന്നു. സകലത്തിന്റെയും മീതെ അവിടുന്ന് അങ്ങയുടെ ദയയെ ഉന്നതമാക്കിയിരിക്കുന്നു. ഞങ്ങളെ ശിക്ഷിക്കുന്നതിലല്ല, രക്ഷിക്കുന്നതിൽ അവിടുന്ന് മഹത്വം കണ്ടെത്തി.

വാഴ്ത്തപ്പെട്ട രക്ഷകാ! ഏറിയ വെള്ളങ്ങൾക്ക് അവിടുത്തെ സ്നേഹാഗ്നിയെ കെടുത്തിക്കളയാൻ കഴിയില്ല; അഗാധഗർത്തങ്ങൾക്ക് ആ സ്നേഹത്തെ മൂടിക്കളയുവാൻ കഴിയില്ല. അവിടുത്തെ രക്തനദി അന്ധകാരത്തിലൂടെ ശവക്കുഴിയിലൂടെ പാതാളത്തിലൂടെ ഒഴുകിയെങ്കിലും, കഷ്ടതകളെയും പ്രതിസന്ധികളെയും അതിജീവിച്ച് അവിടുന്ന് ജയാളിയായി ഉയിർത്തെഴുന്നേറ്റു. ആ ജയത്തിലൂടെ ഞങ്ങളെയും ജയാളികളാക്കി.

അവിടുത്തെ ദിവ്യസ്നേഹം അവിടെയും നിൽക്കുന്നില്ല! അവിടുത്തെ സമൃദ്ധമായ സമാധാനത്തിന്റെയും നിരപ്പിന്റെയും വചനങ്ങൾ ഇടിമിന്നലിനെയോ ദൂതന്മാരെയോ ഏൽപ്പിക്കാതെ, നിസ്സാരരും പാപികളുമായ മനുഷ്യരെ ഏൽപ്പിക്കുവാൻ അങ്ങേയ്ക്ക് പ്രസാദമായി. പാപമോചനം തന്ന് ഈ എന്നെ നിയോഗിച്ചിരിക്കുന്നത് മറ്റുള്ളവരെ അവിടുത്തെ സ്നേഹത്തിന്റെ മാധുര്യം ഗ്രഹിപ്പിക്കാനായിത്തന്നെ.

സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും ദൈവമായ കർത്താവ് വാഴ്ത്തപ്പെടുമാറാകട്ടെ! അവിടുന്ന് അത്ഭുതകാര്യങ്ങൾ ചെയ്യുന്നു. വീണയും കിന്നരവുമായുള്ളോരേ, ഉണരുക! എന്റെ മുഴുശക്തിയും അങ്ങയെ മഹത്വപ്പെടുത്തുവാൻ ഉണരട്ടെ. ഞങ്ങൾ അങ്ങനെ സ്തുതിക്കുന്നു; വാഴ്ത്തുന്നു. എന്നുമെന്നും ഞങ്ങൾ അങ്ങയെ മഹത്വപ്പെടുത്തും ആകയാൽ കർത്താവേ, അവിടുത്തെ ജയത്തിന്റെ ശക്തിയിൽ, അവിടുത്തെ വിധികളുടെ പാതയിൽ, അവിടുത്തെ സ്നേഹത്തിന്റെ സത്യത്തിൽ

ഇതാ, അവിടുത്തെ തിരുമുമ്പിൽ നിന്നുകൊണ്ട് അടിയങ്ങൾ യാചിക്കുന്നു:"അവിടുത്തെ വചനത്തെ അനുഗ്രഹിക്കണമേ". അതേ, ശക്തിയുടേയും സമാധാനത്തിന്റെയും വചനമാക്കി അതിനെ തീർക്കേണമേ. അങ്ങയുടെ വകയായിത്തീർന്നിട്ടില്ലാത്തവർ മനംതിരിഞ്ഞ് അങ്ങയുടെ സ്വന്തമായിത്തീരാനും, അങ്ങയുടെ സ്വന്തമായവർ അങ്ങയിൽ കൂടുതൽ ഉറയ്ക്കുവാനും ഈ വചനങ്ങളെ അനുഗ്രഹിക്കണമേ. ഭോഷത്തം നിറഞ്ഞ അയോഗ്യരായ ഞങ്ങളുടെ ഹൃദയങ്ങളിൽ നിന്നും അവിടുത്തെ മാധുര്യമേറിയ സ്നേഹം നഷ്ടപ്പെടാതിരിക്കട്ടെ. ഞങ്ങളുടെ പാപങ്ങളെ പൊറുക്കുകയും ഞങ്ങളിൽ അങ്ങു തുടങ്ങിയ നല്ലവേല പൂർത്തീകരിക്കുകയും ചെയ്യുമാറാകണം. കർത്താവേ, കേൾക്കേണമേ,! കർത്താവേ, ക്ഷമിക്കേണമേ,! കർത്താവേ, ചെവി ചായിക്കേണമേ,!! വാഴ്ത്തപ്പെട്ട അവിടുത്തെ പുത്രന്റെ നാമത്തിൽ തന്നെ ആമേൻ!

*(All the saints adore thee)*

❖

## എഡിറ്റോറിയൽ *തുടർച്ച*

ചര്യം എന്റെ സ്വർഗ്ഗീയപിതാവ് അനുവദിച്ചതാണ്. ഇതിനുവേണ്ടിയാണല്ലോ ഞാൻ ഈ നാഴികയിലേക്കു വന്നത്' എന്ന അംഗീകരണം. അങ്ങനെ താഴ്മയിൽ ഒരുവൻ അതു സ്വീകരിക്കുമ്പോൾ എങ്ങനെ മാറാനും വെയിലത്തു വച്ച വെണ്ണ പോലെ അവൻ തയ്യാർ. ദൈവത്തിന് അപ്പോൾ അവന്റെ സ്വഭാവത്തെ, കാഴ്ചപ്പാടിനെ, മനോഭാവത്തെ എല്ലാം തന്റെ പുത്രന്റെ സ്വരൂപത്തോട് അനുരൂപമായി നവീകരിക്കാൻ എളുപ്പമായിരിക്കും. അവൻ ദിവ്യസ്വഭാവത്തിലേക്ക് വളരെ വേഗം വളരുന്നു. കഷ്ടങ്ങൾ ഉപയോഗപ്പെടുത്തി ദൈവം ഒരുവനെ ആത്മീയപക്വതയിലേക്കു നയിക്കുന്നത് ഇവ്വിധമാണ്.

എന്നാൽ കഷ്ടതയെ ദൈവം അനുവദിച്ച സാഹചര്യമായി സ്വീകരിക്കാതെ നിഷേധത്തിലും ദേഷ്യത്തിലും വിഷാദത്തിലും അതിനോടു പ്രതികരിക്കുന്ന ഒരുവൻ വെയിലത്തു വച്ച കളിമണ്ണുപോലെ കൂടുതൽ കഠിനപ്പെടും. ഫലം അവനെ ദിവ്യസ്വഭാവത്തിന് അനുരൂപമായി രൂപാന്തരപ്പെടുത്താൻ ദൈവത്തിനു കഴിയുകയില്ല. ആത്മീയ പക്വതയിലേക്കു വളരുവാൻ അവനു സാധിക്കാതെ പോകും.

അതുകൊണ്ട് കഷ്ടങ്ങളെ നമുക്കു പാഴാക്കാതിരിക്കാം. പ്രതികൂലസാഹചര്യങ്ങളുടെ 'വരണ്ട നിലത്തു' നില്ക്കുമ്പോഴും ആത്മീയ പക്വതയുടെ ഔന്നത്യങ്ങളിലേക്കു വളരുന്ന 'ഇളയ തൈ പോലെ' നമുക്കായിരിക്കാം. ❖

**'Now, you can pay your subscription, online!'.**

**<u>Jeevamozhikal - Direct Fund transfer Details</u>**

Account Name: JEEVAMOZHIKAL
Account No. : 67074193088
Bank & Branch: SBT, Kumaranalloor, Kottayam
Bank IFSC CODE : SBTR0000677

**<u>Note:</u>**
Immediately after the fund transfer, kindly email to jeevamozhikal@gmail.com with the **transaction details, your address, phone number and the subscription reference number**.





വചനം

# ദൈവഭൃത്യന്മാർ എങ്ങനെയുള്ളവരായിരിക്കണം?

**പ**ഴയനിയമ വ്യവസ്ഥയിലെ ഏറ്റവും വലിയ പ്രവാചകനായിരുന്നു യോഹന്നാൻ സ്നാപകൻ. എന്നാൽ പുതിയ ഉടമ്പടിയിൻ കീഴിലുള്ള ഏറ്റവും ചെറിയ വ്യക്തിപോലും യോഹന്നാൻ സ്നാപകനിലും അധികമായ ഔന്നത്യം പ്രാപിക്കുമെന്ന് യേശു പ്രസ്താവിച്ചിട്ടുണ്ട് (മത്തായി 11:11). സ്നാപക യോഹന്നാനെക്കാളും ഉന്നതനായ ഒരുവനാകുക-ഇത് അത്ഭുതകരമായ ഒരു വിളി തന്നെ.

പഴയ ഉടമ്പടിയിൻ കീഴിലെ ശുശ്രൂഷയെക്കാൾ അത്യന്തം ഉന്നതമായ ഒന്നാണ് പുതിയ ഉടമ്പടിയിൻ കീഴിലുള്ള ശുശ്രൂഷ. മോശ, ഏലിയാവ്, യോഹന്നാൻ സ്നാപകൻ തുടങ്ങിയവരെപ്പോലുള്ള പഴയനിയമ ദൈവഭൃത്യന്മാരുടെ ജീവിതത്തിൽനിന്ന് നമുക്കു പഠിക്കാവുന്ന പല കാര്യങ്ങളുണ്ട്. അവർ കല്പനകൾ പാലിച്ചുകൊണ്ട് ദൈവത്തെ സേവിച്ചപ്പോൾ, നാം ഇന്ന് ഒരു മാതൃക പിന്തുടർന്നുകൊണ്ടാണ് ദൈവത്തെ സേവിക്കേണ്ടത്.

ഒരു ദൈവഭൃത്യനായിരിക്കുക എന്നതിന്റെ അർത്ഥമെന്തെന്നു കാണിക്കുന്നതിന് ഇന്ന് യേശുവാണ് നമ്മുടെ മാതൃക. യേശു എങ്ങനെയാണ് നമ്മുടെ മഹാപുരോഹിതനായിത്തീർന്നത്? അതു തന്റെ അത്ഭുതകരമായ ശുശ്രൂഷയിലൂടെയല്ല, മറിച്ച് സകലത്തിലും തന്റെ സഹോദരരായ നമ്മോടു തുല്യനായിത്തീർന്നിട്ട് നമുക്ക് മാതൃകയായി ഭവിച്ചതിലൂടെയാണ്.

പിതാവ് സകല മനുഷ്യവർഗത്തിന്മേലും തനിക്ക് അധികാരം നൽകിയിരിക്കുന്നുവെന്ന് യേശു പറഞ്ഞു (യോഹ: 17:2). എന്തിനായിരുന്നു ആ അധികാരം നൽകപ്പെട്ടത്? പിതാവു തനിക്ക് നൽകിയിട്ടുള്ള എല്ലാവർക്കും നിത്യജീവൻ നൽകുവാനായിട്ടാണെന്ന് അതേ വാക്യത്തിൽതന്നെ യേശു പ്രസ്താവിക്കുന്നു. നിത്യജീവൻ എന്നു വച്ചാൽ ഒരിക്കലും അവസാനിക്കാത്ത ഒരു ജീവിതം എന്നല്ല, നേരേമറിച്ച് ആരംഭാവസാനങ്ങൾ ഇല്ലാത്ത ഒരു ജീവിതം എന്നാണ് അതിന്റെയർത്ഥം. മറ്റൊരു തരത്തിൽപ്പറഞ്ഞാൽ ദൈവത്തിന്റെ ജീവിതം അഥവാ ദൈവസ്വഭാവത്തെയാണ് ആ പദം കുറിക്കുന്നത്.

മോശ, യോശുവാ, ശിംശോൻ, ദാവീദ് തുടങ്ങിയ പഴയനിയമത്തിലെ ദൈവഭൃത്യന്മാർക്കു മറ്റുള്ളവരെ ഭരിക്കുവാനും തങ്ങളുടെ മാനുഷിക ശത്രുക്കളുടെ മേൽ വിജയം വരിക്കുവാനുമുള്ള അധികാരം നൽകപ്പെട്ടിരുന്നു. എന്നാൽ പുതിയ ഉടമ്പടിയിൻ കീഴിൽ ദൈവഭൃത്യന്മാർക്ക് മറ്റുള്ളവരെ ദൈവസ്വഭാവത്തിൽ (നിത്യജീവനിൽ) പങ്കാളികളാക്കുവാനും തങ്ങളുടെ ജഡത്തിലെ ദുർമ്മോഹങ്ങളിന്മേൽ വിജയം വരിക്കുവാനുമുള്ള അധികാരമാണ് ദൈവം നൽകിയിട്ടുള്ളത്.

തന്റെ ഭൗമികജീവിതത്തിലെ സകല സാഹചര്യങ്ങളിലും ദൈവസ്വഭാവം പ്രകടമാക്കിയ യേശുക്രിസ്തുവിന്റെ സാദൃശ്യത്തിലേക്ക് നമ്മുടെ സഹോദരീസഹോദരന്മാരെ നയിക്കു

'നിങ്ങൾ എന്നെ പിന്തുടരേണ്ടാ; ക്രിസ്തുവിനെ മാത്രം പിന്തുടരുവിൻ' എന്നാണ് പല സുവിശേഷ പ്രസംഗകരും പറയുന്നത്. നമ്മെ ബോധ്യപ്പെടുത്തുമാറ് വളരെ വിനയഭാവമുള്ള ഒരു പ്രസ്താവനയാണത്. എന്നാൽ അതു വചനാനുസൃതമല്ല. അപ്പൊസ്തലന്മാരിൽ ആരും തന്നെ അപ്രകാരമുള്ള ഒരു പ്രസ്താവന ചെയ്തിട്ടില്ല. തങ്ങൾ ക്രിസ്തുവിനെ പിന്തുടരുന്നതുപോലെ ആളുകൾ തങ്ങളെയും പിന്തുടരണമെന്നാണ് അവർ എപ്പോഴും പ്രബോധിച്ചുപോന്നത്.

വാനുള്ള അധികാരമാണ് സഭയിൽ ദൈവം നമുക്കു നൽകിയിട്ടുള്ളത്. അതല്ലാതെ ഒരധികാരവും നമുക്കില്ല. ദൈവസ്വഭാവത്തിൽ മറ്റുള്ളവരെ പങ്കാളികളാക്കുവാൻ വേണ്ടി നമ്മുടെ അധികാരം നാം വിനിയോഗിക്കുന്നില്ലെങ്കിൽ നമ്മെത്തന്നെ പരാജയങ്ങളായി നാം കരുതേണ്ടിയിരിക്കുന്നു.

ദൗർഭാഗ്യവശാൽ ഇന്നു പല ക്രിസ്തീയ നേതാക്കന്മാരും പഴയനിയമത്തിലെ ദൈവഭൃത്യന്മാരെപ്പോലെ ആളുകളെ ഭരിക്കുന്നവരാണ്. എന്നാൽ യേശുവും അവിടുത്തെ അപ്പൊസ്തലന്മാരും സകല ജനങ്ങളുടെയും ദാസന്മാരായിരുന്നു.

ഏതുടമ്പടിയിൻ കീഴിലാണ് നാം ജീവിക്കുന്നത്? പഴയതിന്റെയോ പുതിയതിന്റെയോ?

യേശുവിനെ നമ്മുടെ മുന്നോടിയെന്ന് തിരുവചനം വിളിക്കുന്നു (എബ്രായർ 6:20). നാം പോകേണ്ടവഴിയിൽക്കൂടെ നമുക്കു മുമ്പേ പോയവനാണ് അവിടുന്ന്. ക്രൂശിനെ സഹിച്ച യേശുവിനെ നോക്കിക്കൊണ്ട് നമ്മുടെ ഓട്ടം ഓടുവാനും ദൈവവചനം നമ്മെ പ്രബോധിപ്പിക്കുന്നു (എബ്രാ. 12:12). സകലത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടവനെങ്കിലും അവിടുന്നു പാപം ചെയ്തില്ല (എബ്രാ. 4:15). അതിനാൽ പാപം ചെയ്യാത്ത അവിടുത്തെ കാൽച്ചുവടുകളെയാണ് നാം പിന്തുടരേണ്ടത് (1 പത്രോ. 2:21, 22).

നമുക്കു പിന്തുടരുവാൻ ഒരു നല്ല മാതൃകയായിരിക്കുവാൻ വേണ്ടി യേശു നമുക്കുള്ള എല്ലാ പരീക്ഷകളെയും അഭിമുഖീകരിച്ചു. അതുമൂലമാണ്- 'എന്നെ പിന്തുടരുവിൻ' എന്ന് അവിടുന്നു പറയുമ്പോൾ അവിടുത്തെ വാക്കുകൾ അത്ര ശക്തമായിരിക്കുന്നത്. ഇപ്പോൾ ദൈവത്തിന്റെ ആട്ടിൻകൂട്ടത്തിന്റെ ഇടയന്മാരെന്ന നിലയിൽ നാമും ആട്ടിൻകൂട്ടത്തെ അതേ വഴിയിക്കൂടെ നടത്തേണ്ടതാണ്. 'ഞാൻ ക്രിസ്തുവിന്റെ അനുകാരിയായിരിക്കുന്നതുപോലെ നിങ്ങളും എന്റെ അനുകാരികളാകുവിൻ' എന്നു പൗലോസ് പറഞ്ഞതുപോലെ മറ്റുള്ളവരോടു പറയുവാൻ നാമും കഴിവുള്ളവരായിത്തീരണം (1 കോരി: 11:1; ഫിലി: 3:17).

'നിങ്ങൾ എന്നെ പിന്തുടരേണ്ടാ; ക്രിസ്തുവിനെ മാത്രം പിന്തുടരുവിൻ' എന്നാണ് പല സുവിശേഷപ്രസംഗകരും പറയുന്നത്. നമ്മെ ബോധ്യപ്പെടുത്തുമാറ് വളരെ വിനയഭാവമുള്ള ഒരു പ്രസ്താവനയാണത്. എന്നാൽ അതു വചനാനുസൃതമല്ല. അപ്പൊസ്തലന്മാരിൽ ആരും തന്നെ അപ്രകാരമുള്ള ഒരു പ്രസ്താവന ചെയ്തിട്ടില്ല. തങ്ങൾ ക്രിസ്തുവിനെ പിന്തുടരുന്നതുപോലെ ആളുകൾ തങ്ങളെയും പിന്തുടരണമെന്നാണ് അവർ എപ്പോഴും പ്രബോധിച്ചുപോന്നത്.

യേശുക്രിസ്തുവാണ് ആടുകളുടെ വലിയ ഇടയൻ. നാം അവിടുത്തെ കീഴിൽ പ്രവർത്തിക്കുന്ന ചെറിയ ഇടയന്മാരാണ്. അതുപോലെ തന്നെ യേശുക്രിസ്തുവാണ് നമ്മുടെ മുന്നോടി. സഭയിൽ മറ്റുള്ളവർക്കു ചെറിയ





മുന്നോടികളാകുവാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. അവിടുന്നു പോയ അതേ വഴിയിലൂടെ നാമും പോകേണ്ടിയിരിക്കുന്നു. നാം സ്വയം ജയാളികളായിത്തീർന്നിട്ട് മറ്റുള്ളവരോട്-'ഞങ്ങൾ ജയാളികളായിരിക്കുന്നതുപോലെ നിങ്ങളും ആകുവിൻ എന്നു പ്രബോധിപ്പിക്കുവാൻ നമുക്കു കഴിയും (വെളി. 3:21).

**പുതിയനിയമ ശുശ്രൂഷയുടെ രഹസ്യം**

തന്റെ ഫലപ്രദമായ ശുശ്രൂഷയുടെ രഹസ്യം ഈ വാക്കുകളിലൂടെ പൗലോസ് വെളിപ്പെടുത്തിയിരിക്കുന്നു: 'ദൈവം ഞങ്ങളെ ശക്തിപ്പെടുത്തുന്ന അതേ ശക്തികൊണ്ട് ഞങ്ങൾ യാതൊരു കഷ്ടതയിലുമുള്ളവരെ ശക്തിപ്പെടുത്തുവാൻ കഴിവുള്ളവരാകേണ്ടതിന് ഞങ്ങളുടെ കഷ്ടതകളിലൊക്കെയും അവിടുന്നു ഞങ്ങളെ ശക്തിപ്പെടുത്തുന്നു' (2 കോരി. 1:4).

ആത്മീയമായ അഭ്യസനം ലഭിക്കേണ്ടതിന് പൗലോസിന് അനേകം കഷ്ടതകളിലൂടെ കടന്നുപോകേണ്ടതായി വന്നു. താൻ പീഡനങ്ങളിൽക്കൂടെ കടന്നുപോയപ്പോൾ തനിക്കു ലഭിച്ച അതേ ശക്തി മറ്റുള്ളവർക്കു പകർന്നുകൊടുക്കുവാൻ ആ വിധത്തിൽ മാത്രമേ അദ്ദേഹത്തിനു കഴിഞ്ഞുള്ളു. അത്തരം ഒരു അഭ്യസനം കൂടാതെ ആർക്കും പുതിയ ഉടമ്പടിയുടെ ശുശ്രൂഷകനാകുവാൻ സാധ്യമല്ല.

പഴയ ഉടമ്പടിയിൻ കീഴിൽ അഭിഷേകം പ്രാപിച്ച ഒരു ശിംശോനും പുതിയ ഉടമ്പടിയിൻ കീഴിൽ അഭിഷേകം പ്രാപിച്ച ഒരു പൗലോസും തമ്മിൽ വിപുലമായ വ്യത്യാസമുണ്ട്. ശിംശോനു പുറമേയുള്ള സിംഹങ്ങളെ ജയിക്കുവാനുള്ള ആത്മാവിന്റെ ശക്തിയുണ്ടായിരുന്നു; പൗലോസിനാകട്ടെ, തന്റെ ജഡത്തിൽ വസിച്ചിരുന്ന സിംഹങ്ങളെ ജയിക്കുവാനുള്ള ആത്മശക്തിയാണ് ലഭിച്ചത്. ആ സിംഹങ്ങളെ ജയിക്കുവാൻ ശിംശോനു സാധിച്ചില്ല.

പഴയ ഉടമ്പടിയിൻ കീഴിൽ ദൈവഭൃത്യന്മാർ ദൈവത്തിന്റെ മുമ്പാകെ നിന്ന് ദൈവം അരുളിച്ചെയ്യുന്നതു കേൾക്കുകയും അനന്തരം തങ്ങൾ കേട്ടതു മറ്റുള്ളവരെ അറിയിക്കുകയും ചെയ്തു. എന്നാൽ പുതിയ ഉടമ്പടിയിൽ അതു പോരാ. ഇപ്പോൾ ദൈവഭൃത്യന്മാർ പരീക്ഷകളിലും പീഡനങ്ങളിലും കൂടെ കടന്നുപോകുകയും ആ പീഡനങ്ങളെല്ലാം ജയിക്കുവാനാവശ്യമായ ദൈവകൃപ അനുഭവിക്കുകയും അനന്തരം തങ്ങളുടെ മാതൃക പിന്തുടരുവാൻ മറ്റുള്ളവരെ പ്രബോധിപ്പിക്കുകയും വേണം. ആ വിധത്തിലാണ് പുതിയനിയമ ശുശ്രൂഷ പഴയതിനെക്കാൾ അത്യന്തം ഉന്നതമായിരിക്കുന്നത്. അതിനു മറ്റതിനെക്കാൾ വളരെക്കൂടുതൽ വിലയും കൊടുക്കേണ്ടതത്രേ.

ഒരു ബൈബിൾ സ്കൂളിലെ പരിശീലനം കൊണ്ടു നമുക്കു പുതിയ ഉടമ്പടിയുടെ ശുശ്രൂഷകരാകുവാൻ സാധ്യമല്ല. ബൈബിളിൽ വിവരിച്ചിട്ടുള്ള യഥാർത്ഥപ്രവാചകന്മാരിലും അപ്പൊസ്തലന്മാരിലും ആരും തന്നെ ഒരു ബൈബിൾ സ്കൂളിലൂടെ കടന്നുവന്നവരല്ല. കെമിസ്ട്രി പഠിക്കുന്നതുപോലെ ഒരു ക്ലാസ്സ് മുറിയിൽ അടച്ചിരുന്നുകൊണ്ട് നമുക്ക് ബൈബിൾ പഠിക്കുവാൻ സാധ്യമല്ല. ജീവിതത്തിലെ സാഹചര്യങ്ങളുടെ മധ്യത്തിൽ പരിശുദ്ധാത്മാവ് തിരുവചനഭാഗങ്ങളുടെ അർത്ഥം നമുക്കു ഗ്രഹിപ്പിച്ചു തരുന്നു. അങ്ങനെയാണ് അപ്പൊസ്തലന്മാർ അതു പഠിച്ചത്. ഇന്നും ദൈവഭൃത്യന്മാർ അതു പഠിക്കുന്നത് ഈ വിധത്തിൽ തന്നെ. ആ വിധത്തിൽ മാത്രമേ നിത്യജീവനിൽ പങ്കാളികളാകുവാൻ വേണ്ടി മറ്റുള്ളവരെ നയിക്കുവാൻ നമുക്കു കഴിയൂ. യേശുവിനെ പിന്തുട

എന്നാൽ നാം സ്വയം ആത്മീയ പൂർണതയിലേക്കു മുന്നേറുന്നവരല്ലെ ങ്കിൽ മറ്റുള്ളവരെ അതിലേക്കു നട ത്തുവാനും നമുക്കു സാധ്യമല്ല. ജഡ ത്തിലെയും ആത്മാവിലെയും സകല കല്മഷങ്ങളിൽ നിന്നും നാം നമ്മെ ത്തന്നെ വെടിപ്പാക്കി ദൈവഭയത്തിൽ വിശുദ്ധിയെ തികയ്ക്കുകയും യേശു നിർമ്മലനായിരിക്കുന്നതു പോലെ സ്വയം നിർമ്മലീകരിക്കു കയും ചെയ്യുന്നുവെങ്കിൽ മാത്രമേ അപ്രകാരമൊരു ജീവിതത്തിലേക്കു മറ്റുള്ളവരെ നയിക്കുവാൻ നമുക്കു സാധിക്കുകയുള്ളു, വേറെ യാതൊരു മാർഗത്തിലും അതു സാധ്യമല്ല.

രുന്നതിൽക്കൂടെയാണ് പുതിയ ഉടമ്പടിയുടെ ശുശ്രൂഷകരായി നാം തീരുന്നത്.

പഴയ ഉടമ്പടിയുടെ കീഴിൽ ആളുകൾക്കു ദൈവികപരിപൂർണ്ണതയിലേക്കു മുന്നേറുവാൻ സാധ്യമായിരുന്നില്ല. എന്നാൽ പുതിയ ഉടമ്പടിയിൽ നമുക്കതു സാധ്യമാണ് (എബ്രായർ 6:1, 2 വാക്യങ്ങളെ 7:19 നോടു ബന്ധിപ്പിച്ചു ചിന്തിക്കുക).

എന്നാൽ നാം സ്വയം ആത്മീയ പൂർണതയിലേക്കു മുന്നേറുന്നവരല്ലെങ്കിൽ മറ്റുള്ളവരെ അതിലേക്കു നടത്തുവാനും നമുക്കു സാധ്യമല്ല. ജഡത്തിലെയും ആത്മാവിലെയും സകല കല്മഷങ്ങളിൽ നിന്നും നാം നമ്മെത്തന്നെ വെടിപ്പാക്കി ദൈവഭയത്തിൽ വിശുദ്ധിയെ തികയ്ക്കുകയും യേശു നിർമ്മലനായിരിക്കുന്നതുപോലെ സ്വയം നിർമ്മലീകരിക്കുകയും ചെയ്യുന്നുവെങ്കിൽ മാത്രമേ അപ്രകാരമൊരു ജീവിതത്തിലേക്കു മറ്റുള്ളവരെ നയിക്കുവാൻ നമുക്കു സാധിക്കുകയുള്ളു (2 കോരി: 7:10; 1 യോഹ: 3:3). വേറെ യാതൊരു മാർഗത്തിലും അതു സാധ്യമല്ല.

നാം മറ്റുള്ളവർക്കു ചെറിയ മുന്നോടികളായിത്തീരണം. അതിലേക്കുവേണ്ടിയാണ് മറ്റെല്ലാ വിശ്വാസികളും കടന്നുപോകുന്നതിലധികമായി ദൈവം നമ്മെ വിവിധങ്ങളായ ശോധനാസാഹചര്യങ്ങളിലൂടെ കടത്തിക്കൊണ്ടുപോകുന്നത്. അങ്ങനെ മാത്രമേ അവർക്ക് യഥാർത്ഥ ഇടയന്മാരായിത്തീരുവാൻ നമുക്കു സാധിക്കുകയുള്ളു. അല്ലാത്തപക്ഷം നാം കൂലിക്കാരായിത്തീർന്ന് സ്വന്തം ലാഭമോ മനുഷ്യരിൽനിന്നുള്ള മാനമോ തേടുന്നവരായിത്തീരും.

നമ്മുടെ സഭയിലുള്ള മറ്റുള്ളവർ അഭിമുഖീകരിക്കുന്ന എല്ലാ സാഹചര്യങ്ങളെയും നാം അഭിമുഖീകരിച്ചിട്ടില്ല, പിന്നെയോ നാം പരീക്ഷിക്കപ്പെടുന്ന എല്ലാ പരീക്ഷണങ്ങളാലും പരീക്ഷിക്കപ്പെട്ടിട്ടാണ്. യേശു നമുക്കു മുന്നോടിയായിത്തീർന്നത് (എബ്രാ. 4:15). നമ്മിൽ ചിലർക്കുള്ളതുപോലെ മദ്യപാനിയായ ഒരു പിതാവോ കലഹക്കാരിയായ ഭാര്യയോ അനുസരണംകെട്ട മക്കളോ യേശുവിന് ഉണ്ടായിരുന്നില്ല. നമുക്ക് ഇന്ന് ചെയ്യേണ്ടിവരുന്നതുപോലെ ഒരു ലൈസൻസ് ലഭിക്കാൻവേണ്ടി ഗവൺമെന്റാഫീസിന്റെ മുൻപിലുള്ള നീണ്ട ക്യൂവിൽ കാത്തുനിൽക്കേണ്ട ആവശ്യം യേശുവിന് ഉണ്ടായിട്ടില്ല.എങ്കിലും അവിടുന്നു നമ്മുടെ മുന്നോടിയായിരുന്നു. എന്തെന്നാൽ നാം ഇന്ന് അഭിമുഖീകരിക്കുന്ന എല്ലാ പരീക്ഷകളെയും തന്റെ കാലത്തുണ്ടായിരുന്ന വ്യത്യസ്ത സാഹചര്യങ്ങളിൽ അവിടുന്ന് അഭിമുഖീകരിച്ചിരുന്നു.

നമ്മുടെ സഹോദരീസഹോദരന്മാർ നേരിടുന്ന എല്ലാവിധ പരീക്ഷകളിലും കൂടെ ദൈവത്തിനു നമ്മെയും കടത്തിവിടേണ്ടതായി വരുന്നു. അവരെ നാം സേവിക്കുകയും നിത്യജീവനിലേക്കു നയിക്കുകയും ചെയ്യണമെങ്കിൽ ഈ പരീക്ഷകളിലെല്ലാം നാം വിജയികളായേ മതിയാവൂ. അങ്ങനെയാണ് നാം പുതിയ ഉടമ്പടിയുടെ ശുശ്രൂഷക്കാരായിത്തീരുന്നത്.





മൂപ്പന്മാർ ആട്ടിൻകൂട്ടത്തിനു മാതൃകകളായിത്തീരണമെന്ന് പത്രോസ് അപ്പോസ്തലൻ എഴുതിയിരിക്കുന്നു. (1പത്രോസ് 5:3). തിമോഥിയോസ് വാക്കിലും നടപ്പിലും സ്നേഹത്തിലും വിശ്വാസത്തിലും നിർമ്മലതയിലും വിശ്വാസികൾക്കു മാതൃകയായിരിക്കണമെന്ന് പൗലോസ് അദ്ദേഹത്തിന് എഴുതിയിരിക്കുന്നു (1 തിമോഥിയോസ് 4:12).

എല്ലാറ്റിലും മുമ്പേ നാം വാക്കിൽ മാതൃകകളായിരിക്കണം. നമ്മുടെ വാക്ക് എപ്പോഴും സൗമ്യവും കൃപയോടുകൂടിയതും ആയിരിക്കണം. വ്യർത്ഥസംസാരത്തിൽനിന്നും പരദൂഷണത്തിൽനിന്നും നാം പൂർണ്ണമായും സ്വതന്ത്രരായിരിക്കണം. ഒരാൾ നമ്മോടു രഹസ്യമായി ഒരു കാര്യം സംസാരിക്കുന്നപക്ഷം അതു നമ്മുടെ ഭാര്യമാർ പോലും അറിയാനിടയാകാതെ നാം രഹസ്യമായി സൂക്ഷിക്കണം.

സ്നേഹത്തിൽ നാം മാതൃകകളായിത്തീരണം. മറ്റുള്ളവർ നമ്മോട് എന്തു പറഞ്ഞാലും എന്തു ചെയ്താലും അവരോടുള്ള നമ്മുടെ സ്നേഹം മാറ്റമില്ലാതെ നിലനിൽക്കണം.

വിശ്വാസത്തിൽ നാം മാതൃകകളാകണം. നാം നേരിടുന്ന എല്ലാ ശോധനാസാഹചര്യങ്ങളിലും നാം ഒരിക്കലും സംഭീതരാകരുത്. നമ്മെ വിടുവിക്കാൻ ദൈവം കഴിവുള്ളവനാണെന്ന പൂർണ്ണവിശ്വാസം എപ്പോഴും നമുക്ക് ഉണ്ടായിരിക്കണം.

നിർമ്മലതയിൽ നാം മാതൃകകളായിരിക്കണം. നമ്മുടെ സഭകളിലുള്ള യുവസഹോദരന്മാരും സഹോദരിമാരും പരസ്പരബന്ധത്തിൽ നിർമ്മലരായിരിക്കണമെന്നു നാം പ്രതീക്ഷിക്കുന്നുണ്ടോ? ആ രംഗത്തു നാം പൂർണ്ണനിർമ്മലരായിരിക്കുന്നില്ലെങ്കിൽ അപ്രകാരം പ്രതീക്ഷിക്കുവാൻ നമുക്കു സാധ്യമല്ല.

സ്നേഹത്തിൽ നാം മാതൃകകളായിത്തീരണം. മറ്റുള്ളവർ നമ്മോട് എന്തു പറഞ്ഞാലും എന്തു ചെയ്താലും അവരോടുള്ള നമ്മുടെ സ്നേഹം മാറ്റമില്ലാതെ നിലനിൽക്കണം.

വിശ്വാസത്തിൽ നാം മാതൃകകളാകണം. നാം നേരിടുന്ന എല്ലാ ശോധനാസാഹചര്യങ്ങളിലും നാം ഒരിക്കലും സംഭീതരാകരുത്. നമ്മെ വിടുവിക്കാൻ ദൈവം കഴിവുള്ളവനാണെന്ന പൂർണ്ണവിശ്വാസം എപ്പോഴും നമുക്ക് ഉണ്ടായിരിക്കണം.

### ക്രിസ്തുവിന്റെ ആജീവനാന്ത ദാസൻ (A bond slave of Christ)

പൗലോസ് തന്നെത്തന്നെ ക്രിസ്തുവിന്റെ ആജീവനാന്തദാസനെന്നു വിളിക്കുന്നു (റോമർ 1:2). ആദ്യകാല അപ്പോസ്തലന്മാരെല്ലാം ഇപ്രകാരമുള്ളവരായിരുന്നു. യേശുക്രിസ്തു ഇന്നു ഭൃത്യന്മാർക്കുവേണ്ടിയല്ല, ആജീവനാന്ത ദാസന്മാർക്കുവേണ്ടിയാണു വാഞ്ഛിക്കുന്നത്. ആജീവനാന്ത ദാസന് (അഥവാ അടിമയ്ക്ക്) ശമ്പളം ലഭിക്കുന്നില്ല. പുതിയ ഉടമ്പടിയിൻ കീഴിൽ ദൈവത്തിന് ഭൃത്യന്മാർ ആരുമില്ല. ആജീവനാന്ത ദാസന്മാർ അഥവാ അടിമകൾ മാത്രമേയുള്ളു.

താൻ അപ്പൊസ്തലന്മാരായി വിളിച്ചവർക്ക് യേശു ഒരിക്കലും ശമ്പളം വാഗ്ദാനം ചെയ്തില്ല. പൂർണ്ണസമയ ക്രിസ്തീയ വേലയ്ക്കായി വിളിക്കപ്പെട്ടവരാണ് നാമെങ്കിൽ ഒരിക്കലും നാം ശമ്പളത്തിന്നായി വേല ചെയ്യുകയി

താൻ അപ്പൊസ്തലന്മാരായി വിളിച്ചവർക്ക് യേശു ഒരിക്കലും ശമ്പളം വാഗ്ദാനം ചെയ്തില്ല. പൂർണ്ണസമയ ക്രിസ്തീയവേലയ്ക്കായി വിളിക്കപ്പെട്ടവരാണ് നാമെങ്കിൽ ഒരിക്കലും നാം ശമ്പളത്തിന്നായി വേല ചെയ്യുകയില്ലെന്നു മനസ്സിൽ ഉറപ്പിച്ചുകൊള്ളുക. അല്ലാത്തപക്ഷം നാം മനുഷ്യരുടെ ഭൃത്യന്മാരായി മാറിപ്പോകും. ആളുകൾ നമുക്കു ദാനങ്ങൾ തരുമെന്ന പ്രതീക്ഷയോടെ നാം സഭകളിൽ സേവനം ചെയ്യരുത്. അവരിൽനിന്നു നാം ഒന്നും പ്രതീക്ഷിക്കാതിരിക്കെത്തന്നെ അവർ അതു ചെയ്യുന്നുവെങ്കിൽ ചെയ്തുകൊള്ളട്ടെ. എങ്കിലും നാം ആരിൽനിന്നും ഒരിക്കലും ഒന്നും പ്രതീക്ഷിക്കരുത്.

ല്ലെന്നു മനസ്സിൽ ഉറപ്പിച്ചുകൊള്ളുക. അല്ലാത്തപക്ഷം നാം മനുഷ്യരുടെ ഭൃത്യന്മാരായി മാറിപ്പോകും. ആളുകൾ നമുക്കു ദാനങ്ങൾ തരുമെന്ന പ്രതീക്ഷയോടെ നാം സഭകളിൽ സേവനം ചെയ്യരുത്. അവരിൽനിന്നു നാം ഒന്നും പ്രതീക്ഷിക്കാതിരിക്കെത്തന്നെ അവർ അതു ചെയ്യുന്നുവെങ്കിൽ ചെയ്തുകൊള്ളട്ടെ. എങ്കിലും നാം ആരിൽനിന്നും ഒരിക്കലും ഒന്നും പ്രതീക്ഷിക്കരുത്.

മാത്രമല്ല, നമ്മെക്കാൾ താണ ജീവിതനിലവാരമുള്ളവരിൽ നിന്ന് പണമൊന്നും സ്വീകരിക്കുകയില്ലെന്ന ഒരു പ്രമാണവും നാം സ്വീകരിക്കേണ്ടതാണ്.

എങ്കിലും പൂർണ്ണസമയ പ്രവർത്തനത്തിൽ കർത്താവിനെ സേവിക്കുന്നതിന്റെ സർവോന്നത മാതൃക ഒരപ്പൊസ്തലനെന്ന നിലയിൽ പൗലോസ് നയിച്ചിരുന്ന ജീവിതത്തിൽ നാം കാണുന്നു. അദ്ദേഹത്തെപ്പോലെ നമ്മുടെ ജീവിതാവശ്യങ്ങൾക്കായി ആരുടെയും ദാനങ്ങളെ ആശ്രയിക്കാതിരിക്കുമാറ് മതേതരമായ ഒരു തൊഴിൽ ചെയ്തു ജീവിക്കുന്നതാണ് ഉത്തമ മാർഗം (1 കോരി: 9:14- 18; 2 കോരി: 11:7-15; അപ്പോ: പ്ര: 20:33, 34).

ശമ്പളത്തിനുവേണ്ടി പ്രവർത്തിക്കുന്നവരാണ് നാമെങ്കിൽ നമുക്കു പുതിയ നിയമ ശുശ്രൂഷകരാകുവാൻ സാധ്യമല്ല. നാം ക്രിസ്തുവിന്റെ ആജീവനാന്ത ദാസന്മാരായിരിക്കണം. നമുക്ക് സുഖസൗകര്യങ്ങൾ ലഭിക്കാനവകാശമുണ്ടെന്നു നാം ചിന്തിക്കുന്നപക്ഷം അപ്പോൾ നാം ശമ്പളം വാങ്ങുന്ന ഭൃത്യരാണ്, ആജീവനാന്ത ദാസന്മാരല്ല. ഒരു ദാസന് യാതൊന്നിനും അവകാശമില്ല; മാനം, പ്രശസ്തി എന്നിവയ്ക്കുപോലും. നമുക്കു താമസിക്കുവാൻ ഒരു വീടു ദൈവം തരുന്നപക്ഷം അതിൽ നാം നന്ദിയുള്ളവരായിരിക്കും. എന്നാൽ നമുക്കു താമസിക്കാൻ ഒരു വീടില്ലെങ്കിൽ തന്നെയും നാം അവിടുത്തെ സേവിക്കും. നാം വാസ്തവമായും ക്രിസ്തുവിന്റെ ശരീരം പണിയുവാനുള്ള പദവി അവിടുന്നു നമുക്കു നൽകിയെന്ന വസ്തുത തന്നെ നമുക്കു മതിയായ പ്രതിഫലമാണ്.

ദൈവത്തിന്റെ ഒരാജീവനാന്ത ദാസന്റെ ഭൂതം, വർത്തമാനം, ഭാവി എന്നിവയെപ്പറ്റി റോമർ 6:22ൽ വിവരിച്ചിരിക്കുന്നത് ഇങ്ങനെയാണ്.

1. ഭൂതകാലത്തിൽ-ബോധപൂർവ്വമായ പാപത്തിൽനിന്നു സ്വാതന്ത്ര്യം.

2) വർത്തമാനകാലത്തിൽ-വർദ്ധമാനമായ വിശുദ്ധീകരണമെന്ന ഫലം

3) ഭാവിയിൽ-ദൈവസ്വഭാവത്തിന്റെ പരിപൂർണ്ണത.

ഒന്നാമതായിത്തന്നെ, നാം ബോധപൂർവമായ പാപത്തിൽനിന്നു സ്വതന്ത്രരാകണം. ഒട്ടധികമാളുകളും തങ്ങളുടെ രഹസ്യപരാജയങ്ങളെപ്പറ്റി വിലപിക്കുന്നില്ല. ആ കാരണംകൊണ്ടാണ് പാപത്തിന്മേൽ വിജയമുള്ള ഒരു ജീവിതത്തിൽ അവർ വന്നുചേരാത്തത്. നമ്മുടെ ചിന്താജീവിതത്തിലുള്ള അശുദ്ധി, നമ്മുടെ ജീവിതത്തിലെ ആ മേഖ





ലയെ മറ്റുള്ളവർ കാണാത്തതുകൊണ്ട് അതു പ്രധാന കാര്യമല്ലെന്നു നാം ചിന്തിച്ചേക്കാം. എങ്കിലും ആ മേഖലയിലാണ് നാം ദൈവത്തെ ഭയപ്പെടുന്നുണ്ടോ ഇല്ലയോ എന്ന് അവിടുന്നു നമ്മെ പരിശോധിക്കുന്നത്.

രണ്ടാമത്, നാം യഥാർത്ഥമായി ദൈവത്തിന്റെ ആജീവനാന്ത ദാസന്മാരാണെങ്കിൽ വർദ്ധമാനമായ വിശുദ്ധീകരണമാണ് നമ്മുടെ ജീവിതത്തിൽനിന്നുത്ഭവിക്കുന്ന പ്രാഥമിക ഫലം. മറ്റുള്ളവരെ ക്രിസ്തുവിലേക്കു നയിക്കുന്നതും അവരെ വിശ്വാസത്തിൽ വളർത്തുന്നതും രണ്ടാമത്തെ ഒരു ഫലം മാത്രമാണ്. നാം യഥാർത്ഥത്തിൽ ദൈവത്തെ സേവിക്കുന്നവരെങ്കിൽ നമ്മുടെ പ്രയത്നഫലമായി നമ്മുടെ വ്യക്തിജീവിതത്തിൽ വർദ്ധമാനമായ ദൈവഭക്തി നമുക്ക് ഉണ്ടാവുകയും ചെയ്യും.

വിശുദ്ധീകരണമെന്നത് ക്രമാനുഗതമായ ഒരു പരിപാടിയാണ്. അതിൽ നമ്മുടെ ജഡത്തിൽ വസിക്കുന്ന തിന്മയെപ്പറ്റി നമുക്ക് അധികമധികം വെളിച്ചം ലഭിച്ചുകൊണ്ടിരിക്കും. യേശുവിന്റെ മരണം നാം ശരീരത്തിൽ വഹിക്കുമ്പോൾ ഓരോരോ മേഖലകളിൽ നാം അധികമധികം യേശുവിന്റെ ജീവനിൽ പങ്കാളികളായിത്തീരും. നാം ശുദ്ധീകരണം പ്രാപിച്ചുകൊണ്ടിരിക്കുന്നവരെങ്കിൽ നമുക്കു ചില കാര്യങ്ങളിൽ അധികമധികം വെളിച്ചം ലഭിക്കും. ഉദാഹരണമായി കുടുംബാംഗങ്ങളോടു സംസാരിക്കുമ്പോൾ നമ്മുടെ സംഭാഷണത്തിലെ പരുഷസ്വരം, നമ്മോടു വിയോജിക്കുന്നവരോടുള്ള സ്നേഹരാഹിത്യം, ശുശ്രൂഷയിൽ സ്വന്ത മാനമന്വേഷിക്കുന്ന പ്രവണത, അനാവശ്യ സംസാരം, കളിവാക്ക്, നമ്മുടെ പ്രസംഗത്തിന്റെ നിർജ്ജീവത തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് ദൈവം നമുക്കു ബോധം വരുത്തും.

അവസാനമായി ഒരാജീവനാന്ത ദാസൻ ദൈവസ്വഭാവത്തിലുള്ള പങ്കാളിത്തത്തെ (നിത്യജീവനെ) അതിന്റെ എല്ലാ സമ്പൂർണതയോടും കൂടെ പ്രാപിക്കുവാൻ വാഞ്ഛിച്ചു കാത്തിരിക്കുന്നവനായിരിക്കും. എല്ലാ ദൈവദാസന്മാരും ആ ലക്ഷ്യം പ്രാപിക്കുവാനാണ് ആകാംക്ഷയോടെ മുന്നേറിക്കൊണ്ടിരിക്കുന്നത്.

ദൈവത്തിന്റെ അടിമകളെന്ന നിലയിൽ ഈ ഭൂമിയിൽ ഒട്ടനേകം കഷ്ടതളിലും തെറ്റിദ്ധാരണകളിലും മിഥ്യയായ കുറ്റാരോപണങ്ങളിലും കൂടെ നമുക്കു കടന്നുപോകേണ്ടിവരാം. എന്നാൽ അവസാനംവരെയും നാം സ്നേഹത്തിൽ നിലനിന്നാൽ ഒടുവിൽ കർത്താവിനെ നാം അഭിമുഖമായിക്കാണുമ്പോൾ അതെല്ലാം നിസ്സാരമെന്നു നമുക്കു ബോധ്യപ്പെടും.

പുതിയനിയമ ശുശ്രൂഷകന്മാരെന്ന നിലയിൽ നമ്മുടെ ശുശ്രൂഷയ്ക്ക് ആക്ഷേപം വരാതിരിക്കേണ്ടതിനും ഒന്നിലും നാം ഇടർച്ചയ്ക്കു കാരണമുണ്ടാക്കരുതെന്ന് പൗലോസ് നമ്മെ ഓർപ്പിക്കുന്നു. നേരേ മറിച്ച് ബഹുസഹിഷ്ണുത, കഷ്ടതകൾ, ദുരിതങ്ങൾ, അധ്വാനം, ഉറക്കിളപ്പ്, പട്ടിണി, നിർമ്മലജീവിതം, ദീർഘക്ഷമ, ദയ, നിർവ്യാജസ്നേഹം എന്നിവയിലും മാനാപമാനങ്ങളിലും ദുഷ്കീർത്തി സൽക്കീർത്തികളിലും നാം നമ്മെത്തന്നെ അവിടുത്തേക്കു സമർപ്പിക്കണം. മറ്റുള്ളവർ നമ്മെ വഞ്ചകന്മാരെന്നു കരുതുമ്പോഴും സത്യസന്ധരായും അറിയപ്പെടാത്തവരെങ്കിലും എല്ലാവരും അറിയുന്നവരായും ദരിദ്രരെങ്കിലും പലരെയും സമ്പന്നരാക്കുന്നവരായും ഒന്നുമില്ലാത്തവരെങ്കിലും എല്ലാമുള്ളവരായും ഇടുങ്ങിയ ഹൃദയത്തോടെ നമ്മെ വീക്ഷിക്കുന്നവരോടു വിശാലഹൃദയരായും നാം ജീവിക്കണം (2 കൊരി:3-11)

❖



# ബൈബിളിലൂടെ...

## മർക്കോസ് എഴുതിയ സുവിശേഷം
(തുടർച്ച)

**സാക്പുന്നൻ**

### അദ്ധ്യായം രണ്ട്

മർക്കോസ് 2:3 ൽ ഒരു പക്ഷവാതക്കാരനെ യേശുവിന്റെ വീട്ടിലേക്ക് ആളുകൾ ചുമന്നുകൊണ്ടുവരുന്നതായി നാം കാണുന്നു. ആൾക്കൂട്ടം കാരണമായി വീടിനുള്ളിലേക്കു പ്രവേശിക്കാൻ കഴിയാതെ വന്നതുകൊണ്ട് അവർ യേശുവിന്റെ വീടിന്റെ മേൽക്കൂര പൊളിച്ചു. അത്തരം ഒരു കാര്യം ചെയ്യുവാൻ അവർക്കെങ്ങനെ ധൈര്യം വന്നു? കാരണം അത് യേശുവിന്റെ വീടായിരുന്നു (വാക്യം 1ഉം മത്തായി 4:13 ഉം താരതമ്യം ചെയ്യുക) യേശു തന്റെ വീടിനെക്കാളധികം ആളുകളെ സ്നേഹിച്ചിരുന്നു എന്ന് അവർ അറിഞ്ഞിരുന്നു. ഒരാളുടെ സൗഖ്യത്തിനു വേണ്ടി തന്റെ വീടിന്റെ മേൽക്കൂര തകരുന്നതിനും യേശുവിനു സന്തോഷമായിരുന്നു.

കൊണ്ടുവന്നവരുടെ വിശ്വാസം കണ്ട് യേശു പക്ഷവാതക്കാരനെ സൗഖ്യമാക്കി. (വാക്യം 5, 11) പൊതുവായിപ്പറഞ്ഞാൽ നമുക്കൊക്കെ ലഭിക്കുന്നതു നമ്മുടെ വിശ്വാസത്തിനനുസൃതമായിട്ടാണ്. യേശു എപ്പോഴും വിശ്വാസത്തിലധിഷ്ഠിതമായി പ്രവർത്തിച്ചു. എന്നാൽ ഇവിടെ മറ്റുള്ളവരുടെ വിശ്വാസത്താൽ ഒരു മനുഷ്യൻ ദൈവാനുഗ്രഹം പ്രാപിക്കുന്നതായി നാം കാണുന്നു. ഈ മനുഷ്യന് ഒരുപക്ഷേ വിശ്വാസമുണ്ടായിരുന്നിരിക്കില്ല. അവന്റെ സ്നേഹിതരുടെ വിശ്വാസം അവന്റെ സൗഖ്യത്തിനുകാരണമായി തീർന്നു.

ഭൂതഗ്രസ്തനായ ഒരു മകന്റെ സൗഖ്യത്തിന് ഒരിക്കൽ അവന്റെ പിതാവിന്റെ വിശ്വാസം കാരണമായി തീർന്നു (മർക്കോ. 9:24) ഒരു കനാന്യസ്ത്രീയുടെ വിശ്വാസം അവളുടെ മകളുടെ രോഗസൗഖ്യത്തിനു മുഖാന്തരമായി (മത്താ. 15:28) ശതാധിപന്റെ വിശ്വാസം അവന്റെ ഭൃത്യന്റെ സൗഖ്യത്തിന് ഹേതുവായി (മത്താ. 8:13) ഇന്ന് നമുക്കും പക്ഷവാതം പിടിച്ചവരെയും ഭയവും നിരാശയും ബാധിച്ചവരെയും പ്രാർത്ഥനയാൽ യേശുവിന്നടുത്തേക്കു കൊണ്ടുവരികയും നമ്മുടെ വിശ്വാസത്താൽ അവരെ വിടുവിക്കയും ചെയ്യാം. ദൈവത്തിന്റെ അനുഗ്രഹം മറ്റുള്ളവരുടെ മേൽ വരേണ്ടതിന്നു നമുക്കു പ്രാർത്ഥിക്കാം.

ക്രിസ്തുശരീരത്തിൽ നമുക്കുള്ള സ്വാതന്ത്ര്യമെന്തെന്ന് ഈ സംഭവത്തിലൂടെ നമുക്കു ഗ്രഹിക്കാൻ കഴിയും. ക്രിസ്തീയജീവിതം നാം ഒറ്റയ്ക്കു ജീവിക്കേണ്ട ഒന്നല്ല, മറിച്ച് മറ്റുള്ളവരോടു ചേർന്ന് കൂട്ടായി. ജീവിക്കേണ്ട ഒന്നാണ്. ആരോടും ഉത്തരവാദിത്വമില്ലാതെ സ്വന്തം ഇഷ്ടം പോലെ പ്രവർത്തിക്കാൻ കഴിയുന്ന സ്വാതന്ത്ര്യമുള്ള ഒരു ജീവിതമാണ് എപ്പോഴും നാം താത്പര്യപ്പെടുന്നതും നമുക്കു സൗകര്യപ്രദവും. പക്ഷേ അപ്രകാരം പ്രവർത്തിക്കുന്നവർ എപ്പോഴും സ്വയം നശിപ്പിക്കുകയാവും ഫലം. എപ്പോഴും കൂട്ടായ്മ അന്വേഷിക്കുക. അതു







*യേശുവിന്റെ കാലത്തെ പരീശന്മാരെപ്പോലെ ഇന്നത്തെ ക്രിസ്ത്യാനികൾ പിതാക്കന്മാരുടെ പാരമ്പര്യങ്ങളെ പിന്തുടരുന്നവരാണ്. അതുകൊണ്ടാണവർ തങ്ങളുടെ ജീവിതത്തിൽ വളർച്ച മുരടിച്ച് ദൈവഹിതത്തിൽ നിന്നകന്നു പോകുന്നത്.*

നിങ്ങളെ രക്ഷിക്കും. നിങ്ങൾ യുവാവായിരിക്കുമ്പോൾ ഒരു ഭക്തനായ സഹോദരനെ കണ്ടെത്തുക. അവനു കീഴടങ്ങുക. നീ ബലഹീനനായിരിക്കുമ്പോൾ അവന്റെ വിശ്വാസം നിന്നെ സഹായിക്കും.

മർക്കോസ് 2:18–22–ൽ യേശുവിന് ഒരു ചോദ്യത്തെ അഭിമുഖീകരിക്കേണ്ടി വരുന്നതായി നാം കാണുന്നു. പല മതവിഭാഗങ്ങളും ഉപവസിക്കുന്നതുപോലെ യേശുവിന്റെ ശിഷ്യന്മാർ എന്തുകൊണ്ട് ഉപവസിക്കുന്നില്ല? യേശു പഠിപ്പിച്ചത് രഹസ്യമായി ഉപവസിക്കാനാണ്. അതുകൊണ്ട് നമുക്കു മറ്റൊരാളിന്റെ ഉപവാസത്തെക്കുറിച്ച് അന്വേഷിക്കേണ്ട കാര്യമില്ല. മണവാളൻ പിരിഞ്ഞുപോയിക്കഴിയുമ്പോൾ ശിഷ്യന്മാർ ഉപവസിക്കും എന്നാണ് യേശു മറുപടി പറഞ്ഞത്. യേശു ഒരിക്കലും നമുക്ക് ഉപവസിക്കാൻ കല്പന തന്നിട്ടില്ല. എന്നാൽ ക്രിസ്തുവിന്റെ മണവാട്ടി സ്വമേധയാ രഹസ്യത്തിൽ ഉപവസിക്കയും പ്രാർത്ഥിക്കയും ചെയ്യുന്നവളാണ്.

പുതിയ നിയമത്തിൽ എല്ലാ കാര്യങ്ങളും പഴയനിയമത്തിൽ നിന്നും വ്യത്യസ്തമാണെന്ന് യേശു പഠിപ്പിച്ചു. പ്രത്യേക നിയമങ്ങളോ പ്രമാണങ്ങളോ ഒന്നുംതന്നെയില്ല. എല്ലാ കാര്യങ്ങളും അതു ചെയ്യുന്ന വ്യക്തികൾ സ്വമേധയാ, അവരവരുടെ പ്രാപ്തിപോലെ ചെയ്യേണ്ടതാകുന്നു. യേശു ഒരു ദൃഷ്ടാന്തം പറഞ്ഞു: "ഒരു പുതിയ, ചുരുങ്ങാത്ത, തുണിക്കഷണം പഴയ ഒരു പരുത്തിത്തുണി വസ്ത്രത്തിൽ ചേർത്തുവച്ചു തുന്നി എന്നു കരുതുക. അതു അലക്കുമ്പോൾ പഴയ തുണി കീറിപ്പോകും." ഇതിന്റെയർത്ഥം ഇതാണ്:നിങ്ങൾക്കൊരിക്കലും പുതിയ നിയമസത്യങ്ങൾ അല്പാല്പമായി പഴയ നിയമവ്യവസ്ഥിതിയോടു ചേർത്തുവയ്ക്കുവാൻ കഴിയില്ല. എഴുപത്തിയഞ്ചു ശതമാനം പഴയ നിയമ തുണിക്കഷണം പുതിയതിനോടു ചേർത്തു പിടിപ്പിക്കാൻ കഴിയില്ല. ഒരു സഭ നൂറു ശതമാനവും പുതിയനിയമ അടിസ്ഥാനത്തിൽതന്നെയാവണം.

> യേശു പഠിപ്പിച്ചത് രഹസ്യമായി ഉപവസിക്കാനാണ്. അതുകൊണ്ട് നമുക്കു മറ്റൊരാളിന്റെ ഉപവാസത്തെക്കുറിച്ച് അന്വേഷിക്കേണ്ട കാര്യമില്ല. മണവാളൻ പിരിഞ്ഞുപോയിക്കഴിയുമ്പോൾ ശിഷ്യന്മാർ ഉപവസിക്കും എന്നാണ് യേശു മറുപടി പറഞ്ഞത്. യേശു ഒരിക്കലും നമ്മോട് ഉപവസിക്കാൻ കല്പന തന്നിട്ടില്ല. എന്നാൽ ക്രിസ്തുവിന്റെ മണവാട്ടി സ്വമേധയാ രഹസ്യത്തിൽ ഉപവസിക്കയും പ്രാർത്ഥിക്കയും ചെയ്യുന്നവളാണ്.

അല്ലെങ്കിൽ ഗുരുതരമായ പ്രശ്നങ്ങൾ അതിന്നുണ്ടാകും.

തുടർന്നു മറ്റൊരു ദൃഷ്ടാന്തവും യേശു പറഞ്ഞു: പുതിയ വീഞ്ഞു പകർന്നു വയ്ക്കുവാൻ പുതിയ തുരുത്തി തന്നെ വേണം (2:22) അക്കാലത്ത് തുകൽസഞ്ചികളിലായിരുന്നു വീഞ്ഞു പകർന്നു വച്ചിരുന്നത്. അകത്തെ വീഞ്ഞു പുളിച്ചു പൊങ്ങുമ്പോൾ, അതിന്റെ വ്യാപ്തം വർദ്ധിക്കുന്നതനുസരിച്ച് തുകൽ സഞ്ചിക്ക് വികസിക്കാൻ കഴിയില്ല. നിങ്ങൾ പുളിക്കാത്ത പുതിയ വീഞ്ഞ് ഇപ്രകാരം നേരത്തെ വികസിച്ച ഒരു തോൽ സഞ്ചിയിലേക്കു പകർന്നാൽ വീഞ്ഞു പുളിച്ചു വികസിക്കുമ്പോൾ പഴയ സഞ്ചിക്കു വികസിക്കാൻ കഴിയാത്തതിനാൽ അതു പൊട്ടിപ്പോകും. പഴയ വീഞ്ഞ് എന്നാൽ പഴയനിയമജീവിതവും പഴയ തുരുത്തി പഴയ നിയമവ്യവസ്ഥിതിയുമാണ്. പുതിയ വീഞ്ഞ് യേശുവിന്റെ ജീവനാണ്. പുതിയ തുരുത്തി പുതിയനിയമസഭയാണ്. നാം യേശുവിന്റെ ജീവനെ പുരോഹിതന്മാരും ദശാംശവും ആചാരങ്ങളും പ്രമാണങ്ങളുമുള്ള. പഴയ നിയമ വ്യവസ്ഥിതിയിലേക്ക് പകർന്നാൽ യേശുവിന്റെ ജീവൻ അതിനെ മറികടന്നുപോകും. പഴയനിയമവ്യവസ്ഥിതി നിലനിർത്തണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ മോശയുടെ പ്രമാണത്തിൻകീഴിൽ ജീവിക്കുവാൻ നിങ്ങൾ തീരുമാനിക്കേണ്ടിയിരിക്കുന്നു. പഴയ പുതിയ നിയമങ്ങളെ നമുക്കു ഇടകലർത്തുവാൻ കഴിയുന്നതല്ല. സഭയിൽനിന്നും പഴയനിയമ പ്രമാണങ്ങളും വ്യവസ്ഥിതികളും തുടച്ചു നീക്കുകതന്നെ ചെയ്യണം. അവർ പുതിയ വീഞ്ഞിനെ പഴയ തുരുത്തിയിൽ പകരുകയും അത് അവിടെയുമിവിടെയും പൊട്ടിയൊഴുകയും ചെയ്തു. യേശു പറഞ്ഞതുപോലെതന്നെ.

## അധ്യായം മൂന്ന്

3:1–6ൽ യേശു ഒരു ശബ്ബത്തു ദിവസത്തിൽ പള്ളിയിൽ പോകുന്നതായി നാം വായിക്കുന്നു. അവിടെ വരണ്ട കൈയുള്ള ഒരു മനുഷ്യൻ ഉണ്ടായിരുന്നു. യേശു അവനെ സൗഖ്യമാക്കുമോ എന്ന് പരീശന്മാർ ശ്രദ്ധിച്ചുകൊണ്ടിരുന്നു. യേശു കോപിച്ചതായി തിരുവെഴുത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ഒരു വേദഭാഗം ഇതാണ്. ദേവാലയത്തിനുള്ളിൽ ദൈവത്തിന്റെ പേരിൽ കച്ചവടം നടത്തി ധനസമ്പാദനം നടത്തി വന്നിരുന്നവരെ ചമ്മട്ടിയുപയോഗിച്ച് പുറത്താക്കിയപ്പോഴും യേശു കോപിച്ചിരിക്കാമെന്നു ഞാൻ കരുതുന്നു. യേശു അവരെ കോപത്തോടെ നോക്കി എന്നു നാം ഇവിടെ വായിക്കുന്നു. കാരണം അവരുടെ ഹൃദയകാഠിന്യം തന്നെ. അത് അവിടുത്തെ വല്ലാതെ ദുഃഖിപ്പിച്ചു. പരീശന്മാർക്ക് എന്തു തോന്നാം എന്നതിനെ അവഗണിച്ചു തന്നെ യേശു ആ മനുഷ്യനെ സൗഖ്യമാക്കി. ആ മനുഷ്യൻ സൗഖ്യമായതിൽ സന്തോഷിക്കുന്നതിനു പകരം യേശുവിനെ എങ്ങനെ നശിപ്പിക്കാമെന്ന് ആലോചിക്കുക വഴി പരീശന്മാരിലെ





തിന്മ പ്രകടമായിത്തീരുകയും ചെയ്തു.

എന്തുകൊണ്ടാണ് അവർ യേശുവിനെ നശിപ്പിക്കാനാഗ്രഹിച്ചത്? വരണ്ട കൈയുള്ള മനുഷ്യൻ വർഷങ്ങളായി പള്ളിയിൽ വന്നിരിക്കുന്ന ആളായിരുന്നു. പരീശന്മാർക്ക് അവനെ സൗഖ്യമാക്കാൻ കഴിഞ്ഞില്ല. എന്നാൽ ഇവിടെ ഇതാ, നിരക്ഷരനായ ഒരു മരപ്പണിക്കാരൻ നിന്ദ്യമായ നസറേത്ത് പട്ടണത്തിൽനിന്ന് വന്ന് അവനെ സൗഖ്യമാക്കിയിരിക്കുന്നു. ഈ പുതിയ ഉപദേഷ്ടാവിന് തങ്ങളെക്കാൾ അധികം ജനപ്രീതി ലഭിക്കാനുള്ള സാധ്യത കണ്ട് അസൂയ മുഴുത്താണ് അവർ യേശുവിനെതിരേ ആലോചന നടത്തിയത് തന്നെയും തന്റെ ശുശ്രൂഷയെയും തകർക്കുവാൻ ചിന്തിച്ചത്. അദ്ദേഹത്തെ അവർ ദുരുപദേശകൻ എന്നോ കള്ള പ്രവാചകനെന്നോ വിളിച്ചിരിക്കാം. ഇന്നും ദൈവം നിങ്ങളെ ഉപയോഗിക്കുമ്പോൾ അസൂയ പൂണ്ട് നിങ്ങളുടെ ശുശ്രൂഷയെയോ നിങ്ങളെത്തന്നെയോ നശിപ്പിക്കാനാഗ്രഹിക്കുന്ന പരീശമനോഭാവമുള്ള ക്രിസ്ത്യാനികൾ ധാരാളമുണ്ട്. അവർ നിങ്ങൾക്കെതിരെ അപവാദപ്രചാരണം നടത്തിയോ നിങ്ങളെ ഒരു കള്ളപ്രവാചകൻ എന്നു വിളിച്ചോ നിങ്ങളുടെ ശുശ്രൂഷയെ നശിപ്പിക്കാൻ ശ്രമിച്ചേക്കാം. ദൈവം നിങ്ങളിലൂടെ ചെയ്യുന്നത് ചെയ്യാൻ അവർക്ക് കഴിയാത്തതിനാലാവാം അവർ അസൂയപ്പെടുന്നത്. മറ്റൊരാളിന്റെ ശുശ്രൂഷയെക്കുറിച്ച് അസൂയ ഉണ്ടാകുന്നതിനെതിരേ നാം കരുതലുള്ളവരായിരിക്കണം.

കോപത്തെക്കുറിച്ച് ചില വാക്കുകൾ ഞാൻ പറയട്ടെ: "കോപിച്ചാൽ പാപം ചെയ്യരുത്" എന്ന് എഫെ 4:26-ൽ നാം കാണുന്നു. പാപകരമായ കോപം ഉണ്ട്. പാപകരമല്ലാത്ത കോപവും ഉണ്ട്. പാപകരമല്ലാത്ത തരത്തിലുള്ള കോപം യേശുവിൽ നമുക്കു കണ്ടെത്താൻ കഴിയും. എപ്പോഴായിരുന്നു അവിടുന്ന് കോപിച്ചത് എപ്പോ

> സാധുക്കളായ ആളുകൾക്കു നേരെയുള്ള കഠിനമായ പെരുമാറ്റം യേശുവിനെ കോപിപ്പിച്ചു. ദേവാലയത്തിൽ ദൈവനാമത്തിൽ സാധുക്കളെ ചൂഷണം ചെയ്തു ലാഭമുണ്ടാക്കുന്നതു കണ്ട് യേശുവിനു കോപമുണ്ടായി. എന്നാൽ ആളുകൾ തന്നെ ഭൂതമെന്നു വിളിച്ചപ്പോഴോ മുഖത്തു തുപ്പിയപ്പോഴോ ക്രൂശിച്ചപ്പോഴോ അവിടുന്നു കോപിച്ചില്ല. ആളുകൾ നമ്മോടും ചെയ്യുന്നതിനെതിരെ നാം കോപിക്കുന്നതു പാപകരമാണ്- തന്നെ അടിക്കാൻ കല്പിച്ച മഹാപുരോഹിതനെ പൗലോസ് ശകാരിച്ചതുപോലെ ദൈവനാമം സഭയിൽ ദുഷിക്കപ്പെടുന്നതിനെതിരേ നാം കോപിക്കുന്നതു നീതിയാണ്.

ഴാണ് കോപിക്കാതിരുന്നത്? നാം ഇവിടെ കണ്ടതുപോലെ സാധുക്കളായ ആളുകൾക്കു നേരെയുള്ള കഠിനമായ പെരുമാറ്റം യേശുവിനെ കോപിപ്പിച്ചു. ദേവാലയത്തിൽ ദൈവനാമത്തിൽ സാധുക്കളെ ചൂഷണം ചെയ്തു ലാഭമുണ്ടാക്കുന്നതു കണ്ട് യേശുവിനു കോപമുണ്ടായി. എന്നാൽ ആളുകൾ തന്നെ ഭൂതമെന്നു വിളിച്ചപ്പോഴോ മുഖത്തു തുപ്പിയപ്പോഴോ ക്രൂശിച്ചപ്പോഴോ അവിടുന്നു കോപിച്ചില്ല. ആളുകൾ നമ്മോടും ചെയ്യുന്നതിനെതിരെ നാം കോപിക്കുന്നതു പാപകരമാണ്- തന്നെ അടിക്കാൻ കല്പിച്ച മഹാപുരോഹിതനെ പൗലോസ് ശകാരിച്ചതുപോലെ (അ:പ്ര:23.3) ദൈവനാമം സഭയിൽ ദുഷിക്കപ്പെടുന്നതിനെതിരേ നാം കോപിക്കുന്നതു നീതിയാണ്.

അധികം ക്രിസ്ത്യാനികളും വിപരീത മനോഭാവമുള്ളവരാണ്. തങ്ങളെ മറ്റുള്ളവർ ദ്രോഹിക്കുമ്പോൾ അവർ കോപിക്കുന്നു. ദൈവനാമം ദുഷിക്ക

അധികം ക്രിസ്ത്യാനികളും വിപരീത മനോഭാവമുള്ളവരാണ്. തങ്ങളെ മറ്റുള്ളവർ ദ്രോഹിക്കുമ്പോൾ അവർ കോപിക്കുന്നു. ദൈവനാമം ദുഷിക്കപ്പെടുമ്പോൾ അവർ നിസ്സംഗരായിരിക്കുകയും ചെയ്യുന്നു. യേശുവിന്റെ പേരിൽ സാധുക്കളെ ചൂഷണം ചെയ്തു ധനസമ്പാദനം നടത്തുന്ന ധാരാളം പ്രസംഗകർ ഭാരതത്തിലുണ്ട്. ക്രിസ്ത്യാനികൾ അവർക്കെതിരെ രോഷം പ്രകടിപ്പിക്കാറുണ്ടോ? ഇല്ല. എന്തുകൊണ്ട്? കാരണം ഈ ക്രിസ്ത്യാനികൾ ക്രിസ്തുവിനെ അനുകരിക്കുവാൻ താത്പര്യമുള്ളവരല്ല. യേശു പറഞ്ഞു: "എന്നിൽ നിന്നും പഠിക്കുക. എന്നെ അനുഗമിക്കുക."

പ്പെടുമ്പോൾ അവർ നിസ്സംഗരായിരിക്കുകയും ചെയ്യുന്നു. യേശുവിന്റെ പേരിൽ സാധുക്കളെ ചൂഷണം ചെയ്തു ധനസമ്പാദനം നടത്തുന്ന ധാരാളം പ്രസംഗകർ ഭാരതത്തിലുണ്ട്. ക്രിസ്ത്യാനികൾ അവർക്കെതിരേ രോഷം പ്രകടിപ്പിക്കാറുണ്ടോ? ഇല്ല. എന്തുകൊണ്ട്? കാരണം, ഈ ക്രിസ്ത്യാനികൾ ക്രിസ്തുവിനെ അനുകരിക്കുവാൻ താത്പര്യമുള്ളവരല്ല. യേശു പറഞ്ഞു: "എന്നിൽ നിന്നും പഠിക്കുക. എന്നെ അനുഗമിക്കുക."

4:38-ൽ യേശു പടകിൽ തലയിണ വച്ച് സുഖമായി ഉറങ്ങുന്നതായി നാം വായിക്കുന്നു. ഒരു തലയിണ അതു നൽകുന്ന സുഖത്തെ സൂചിപ്പിക്കുന്നു. യേശു പടകിലെ പലകമേലല്ല തലയിണയിൽ തലവച്ചാണ് ഉറങ്ങിയത് എന്ന കാര്യം എന്റെ ഹൃദയത്തിന് സന്തോഷം നൽകുന്നു. നല്ല ഒരു കിടക്ക സൗജന്യമായി ലഭിക്കുമ്പോൾ എല്ലാം ത്യജിച്ച ഒരു സർവസംഗപരിത്യാഗിയായിട്ടല്ല യേശു ജീവിച്ചത്. വെറുംതറയിൽ കിടന്നുറങ്ങുന്നത് ഉയർന്ന ആത്മീയതയുടെ ഒരു ലക്ഷണമായിക്കരുതുന്ന നിരവധി ക്രിസ്ത്യാനികളുണ്ട്. എന്നാൽ അതല്ല ആത്മീയത. യേശുവിനെ അനുഗമിക്ക എന്നാൽ ഇതൊന്നുമല്ലതാനും.

## അധ്യായം അഞ്ച്

5-ാം അദ്ധ്യായത്തിൽ ഒരു ഭൂതഗ്രസ്തനെ യേശു സ്വതന്ത്രനാക്കുന്നതു നാം വായിക്കുന്നു. ഭൂതങ്ങൾ പന്നികളിൽ പ്രവേശിക്കാനനുവാദം ചോദിക്കയും യേശു അനുവദിക്കയും ചെയ്യുന്നു. ഏകദേശം രണ്ടായിരത്തോളം ഭൂതങ്ങൾ ആ മനുഷ്യനിൽ ഉണ്ടായിരിക്കണം! ആ മനുഷ്യനെ സൗഖ്യവും സുബോധവുമുള്ളവനാക്കിക്കണ്ടിട്ട് "കർത്താവേ കടന്നുവന്ന് ഞങ്ങളുടെ ഗ്രാമങ്ങളിലും ശുശ്രൂഷിക്കേണമേ" എന്നു പറയുന്നതിനുപകരം തങ്ങളുടെ അതിർ വിട്ടു പോകുവാൻ ആളുകൾ യേശുവിനെ നിർബന്ധിക്കയാണത്രേ ചെയ്തത് (വാ. 17). അത് അവരുടെ തെറ്റായ മൂല്യബോധത്തെയാണു കാണിക്കുന്നത്. അവർ പന്നികളെ മനുഷ്യരെക്കാൾ വിലമതിച്ചു. എന്നാൽ ഒരു ആത്മാവ് സർവ്വ ലോകത്തെക്കാളും മൂല്യമുള്ളതെന്നു യേശു പഠിപ്പിച്ചു (8:36) യേശു അവരുടെ ആഗ്രഹം മാനിച്ചു അവിടെ നിന്നും കടന്നുപോയി. എന്നാൽ സൗഖ്യം പ്രാപിച്ച ആ വ്യക്തിയോടു ആ നാട്ടിൽ തന്റെ സാക്ഷിയായിരിക്കുവാൻ കല്പിച്ചു. (വാ. 19).

## അധ്യായം ആറ്

6:3-ൽ യേശുവിനു നാലു സഹോദരന്മാരുണ്ടായിരുന്നതായി നാം കാണുന്നു- യാക്കോബ്, യോസെ, യൂദാ, ശീമോൻ. സഹോദരിമാരും ഉണ്ടായിരുന്നു എന്നു പറയുന്നതിൽ കുറഞ്ഞ പക്ഷം രണ്ടു പേരെങ്കിലുമുണ്ടായിരുന്നു എന്നു കരുതണം. അങ്ങനെ മറിയയ്ക്ക് കുറഞ്ഞത് ഏഴു മക്കളുണ്ടായിരുന്നു.





ജോസഫിനെക്കുറിച്ച് പരാമർശങ്ങളൊന്നുമില്ലാത്തതിനാൽ ഇക്കാലത്തിനു മുമ്പ് അദ്ദേഹം മരണമടഞ്ഞിരുന്നു എന്നു കരുതാം.

വളരെക്കാലം എട്ടംഗങ്ങളുള്ള ഒരു കുടുംബത്തെ മരപ്പണിചെയ്തു പുലർത്തേണ്ട ഭാരം യേശുവിന്റെ ചുമലിലായിരുന്നു എന്നു നമുക്കു കരുതേണ്ടതുണ്ട്. വലിയ കുടുംബഭാരം വഹിക്കുന്ന അനേകം മാതാപിതാക്കൾക്ക് ഒരു മാതൃകയെന്നോണം ദൈവം സ്വപുത്രനെ ഇത്തരം സാഹചര്യങ്ങളിലൂടെയൊക്കെയും കടന്നുപോകുവാനനുവദിച്ചു. അതുകൊണ്ട് അവരുടെ കഷ്ടങ്ങളിൽ സഹതാപം കാട്ടുവാൻ അവിടുത്തേക്കു കഴിയും. (എബ്രാ. 4:15).

6:14-ൽ യേശു പറഞ്ഞു: "ഒരു പ്രവാചകൻ സ്വന്ത ഭവനത്തിലും സ്വന്ത പട്ടണത്തിലുമൊഴികെ എവിടെയും ആദരിക്കപ്പെടുന്നവനാണ്." ഒന്നാം നൂറ്റാണ്ടിൽ അതു സത്യമായിരുന്നു. ഇരുപത്തിയൊന്നാം നൂറ്റാണ്ടിലും. സ്വന്തം ബന്ധുജനങ്ങളുടെയിടയിലും സ്വന്തം പട്ടണത്തിലും പ്രവാചകൻ നിന്ദിതനാണ്.എന്നാൽ അദ്ദേഹം സ്വന്തം പട്ടണത്തിനു പുറത്ത് ദൈവജനത്താൽ മാനിതനാണ്. അതിപരിചയം അവജ്ഞയെ ഉളവാക്കുന്നു. അതുകൊണ്ട് യേശുവിനു തന്റെ സ്വന്തം പട്ടണത്തിൽ അധികം വീര്യപ്രവൃത്തികളെ ചെയ്വാൻ കഴിഞ്ഞില്ല (6.5). ഒരു ദൈവമനുഷ്യനെ നിങ്ങൾ വിലമതിക്കുന്നില്ലെങ്കിൽ അയാളെക്കൊണ്ടു മറ്റുള്ളവർക്കു ലഭിക്കുന്ന അനുഗ്രഹം ഒരിക്കലും നിങ്ങൾക്കു കിട്ടിയെന്നു വരില്ല. ആളുകളുടെ അവിശ്വാസം കാരണമായി തന്റെ പട്ടണക്കാരുടെ എല്ലാ ആവശ്യങ്ങളും യേശുവിനു നിറവേറ്റാൻ കഴിഞ്ഞില്ല. നമ്മുടെ അവിശ്വാസത്താൽ നമുക്കു യേശുവിന്റെ കരങ്ങളെ ബന്ധിക്കുവാൻ കഴിയും. അവിടുന്നു നമുക്കുവേണ്ടി ചെയ്യാൻ ആഗ്രഹിക്കുന്നതു പോലും നമുക്കു

യേശു പടകിൽ തലയിണവച്ച് സുഖമായി ഉറങ്ങുന്നതായി നാം വായിക്കുന്നു. ഒരു തലയിണ അതു നൽകുന്ന സുഖത്തെ സൂചിപ്പിക്കുന്നു. യേശു പടകിലെ പലകമേലല്ല തലയിണയിൽ തലവച്ചാണ് ഉറങ്ങിയത് എന്ന കാര്യം എന്റെ ഹൃദയത്തിന് സന്തോഷം നൽകുന്നു. നല്ല ഒരു കിടക്ക സൗജന്യമായി ലഭിക്കുമ്പോൾ എല്ലാം ത്യജിച്ച ഒരു സർവസംഗപരിത്യാഗിയായിട്ടല്ല യേശു ജീവിച്ചത്. വെറുംതറയിൽ കിടന്നുറങ്ങുന്നത് ഉയർന്ന ആത്മീയതയുടെ ഒരു ലക്ഷണമായി കരുതുന്ന നിരവധി ക്രിസ്ത്യാനികളുണ്ട്. എന്നാൽ അതല്ല ആത്മീയത. യേശുവിനെ അനുഗമിക്ക എന്നാൽ ഇതൊന്നുമല്ലതാനും.

തരുവാൻ യേശുവിനു കഴിയില്ല.

## അധ്യായം ഏഴ്

7-ാം അദ്ധ്യായത്തിൽ ദൈവവചനത്തെക്കാൾ തങ്ങളുടെ സമ്പ്രദായങ്ങളെ വിലമതിക്കയാൽ പരീശന്മാരെ യേശു ശാസിക്കുന്നു. ക്രൈസ്തവ മതഭക്തന്മാരെ സംബന്ധിച്ചും ഇതു സത്യമാണ്. യേശുവിന്റെ കാലഘട്ടത്തിൽ യേശു നേരിട്ട ഏറ്റവും വലിയ സംഘർഷം ഇക്കാര്യത്തിലായിരുന്നു: മുൻഗാമികളുടെ പാരമ്പര്യത്തെ മുറുകെ പിടിച്ച പരീശ മതത്തോട് വചനത്തെ മുറുകെപ്പിടിച്ച യേശുവിനുണ്ടായ വിയോജിപ്പ്. ക്രൈസ്തവ ലോകത്തിലും ഈ സംഘർഷം തുടരുന്നു. അധികം ക്രിസ്ത്യാനികളും തങ്ങളുടെ പൂർവികർ വിശ്വസിക്കയും ആചരിക്കയും ചെയ്തുപോന്നതിനെ അതു ദൈവവചനത്തിനു നിരക്കുന്നതാണോ എന്നുപോലും ശ്രദ്ധിക്കാൻ മെനക്കെടാതെ അന്ധമായി ആചരിച്ചു പോകുന്നു. ഇത്തരം പാരമ്പര്യങ്ങളും സമ്പ്രദായങ്ങളും പടിപടിയായി മൂന്നു

നമ്മുടെ മാതാപിതാക്കൾ വൃദ്ധരായിരിക്കുമ്പോൾ അവർക്കു സഹായം നൽകേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് യേശു പറയുന്നു. അക്കാലത്ത് ആത്മീയതയുടെ അതിപ്രസരത്താൽ (ഇക്കാലത്തും) ചിലർ മാതാപിതാക്കളോട് ഇങ്ങനെ പറയുമായിരുന്നു: "ഞാൻ ദൈവശുശ്രൂഷയിലായിരിക്കുന്നതിനാൽ നിങ്ങളെ ഒരു തരത്തിലും സഹായിക്കുവാൻ എനിക്കു കഴിയില്ല. അതിൽ എനിക്കു ദുഃഖമുണ്ട്" യേശു പറഞ്ഞു: "അതു ദൈവവചനത്തെ നിഷേധിക്കലാണ്." നാം നമ്മുടെ വൃദ്ധ മാതാപിതാക്കളെ സഹായിച്ചേ മതിയാവൂ.

ഘട്ടങ്ങളിലൂടെ ഒരു സമ്പൂർണ്ണ പതനത്തിലെത്തിക്കുമെന്ന് യേശു മുന്നറിയിപ്പു നൽകുന്നു. (1) അതു ദൈവകല്പനകളെ അവഗണിക്കുന്നതിലേക്കു നയിക്കും. (വാ.8). (2) തുടർന്നു ദൈവകല്പനകളെ ഒഴിവാക്കിത്തുടങ്ങും (വാ. 9 ) 3) അവസാനമായി ദൈവകല്പനയെ തീർത്തും ഉപേക്ഷിക്കും. (വാ. 13)- ഇതാണ് അപകടം. അതുകൊണ്ടുതന്നെ നാം ആചരിക്കുന്ന പാരമ്പര്യങ്ങളും മതസമ്പ്രദായങ്ങളും ദൈവവചന വെളിച്ചത്തിൽ പരിശോധിക്കേണ്ടിയിരിക്കുന്നു. വചനാടിസ്ഥാനമില്ലാത്തവയെ എത്രയധികം ആളുകൾ എതിർത്താലും ഉപേക്ഷിക്കുവാൻ നാം മനസ്സുവയ്ക്കണം. മതസമ്പ്രദായങ്ങളും സഭാപാരമ്പര്യങ്ങളുമാണ് ഇന്നും പരീശന്മാരെ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്.

ഭൗതികകാര്യങ്ങളിലേക്കു വരുമ്പോൾ നാം എങ്ങനെ പെരുമാറുന്നുവെന്നു ചിന്തിച്ചു നോക്കാം. നമുക്കു രോഗം വരുമ്പോൾ നാം ഒരിക്കലും നമ്മുടെ മുത്തച്ഛന്മാർ പോയിരുന്ന വൈദ്യന്മാരുടെയടുക്കൽ പോകാറില്ല. കാരണം ഏറ്റവും ആധുനിക സൗകര്യങ്ങളുള്ള ആശുപത്രികൾ സുലഭമായിട്ടുണ്ട്. നാം നമ്മുടെ കുട്ടികളെ സ്കൂളിലേക്കയയ്ക്കുമ്പോൾ നമ്മുടെ മുത്തച്ഛന്മാർ പോയിരുന്ന ആശാൻമാരുടെയടുക്കൽ അയയ്ക്കാറില്ല. കാരണം ഏറ്റവും പരിഷ്കൃതമായ വിദ്യാഭ്യാസം നൽകുന്ന സ്കൂൾ നമുക്കു സുലഭമായിട്ടുണ്ട്. എന്നാൽ ആത്മീയകാര്യങ്ങളിലേക്കു നാം നമ്മുടെ മുത്തച്ഛന്മാരുടെ പാത മാത്രമേ താത്പര്യപ്പെടുന്നുള്ളു. എന്തുകൊണ്ടാണ് ഇക്കാര്യത്തിൽ ഏറ്റവും നല്ലത് എന്തെന്ന് അന്വേഷിക്കാത്തത്.? കാരണം വീണ്ടും ജനിച്ചവരെന്ന് അവകാശപ്പെടുന്നവർ പോലും ലക്ഷ്യം വച്ചിരിക്കുന്നത് ഇഹത്തിലാണ്. അവരുടെ മനസ്സ് ആത്മീയമനസ്സല്ല ജഡികമനസ്സാണ്. ഭൗതികമായി ഏറ്റവും നല്ലതൊക്കെ അവർക്കു വേണം. ആത്മീയകാര്യങ്ങളിൽ ആ താൽപര്യമില്ല. തങ്ങളുടെ ആരോഗ്യകാര്യത്തിലും മറ്റും തങ്ങൾക്കുള്ള താൽപര്യം ആത്മീയകാര്യങ്ങളിലുണ്ടായിരുന്നെങ്കിൽ ഏറ്റവും ആത്മീയമായ സഭ അവർ അന്വേഷിച്ചു കണ്ടെത്തുമായിരുന്നു- അവരുടെ പിതാക്കന്മാർ പോയിരുന്നതല്ലെങ്കിലും. എന്നാൽ എത്ര വിശ്വാസികൾക്ക് അതിനുള്ള ധൈര്യമുണ്ട്? ഒരു പക്ഷേ നൂറിലൊരാൾ കണ്ടേക്കുമായിരിക്കും. മറ്റെല്ലാവരും തന്നെ യേശുവിന്റെ കാലത്തെ പരീശന്മാരെപ്പോലെ പിതാക്കന്മാരുടെ പാരമ്പര്യങ്ങളെ പിന്തുടരുന്നവരാണ്. അതുകൊണ്ടാണ്ടാണവർ തങ്ങളുടെ ജീവിതത്തിൽ വളർച്ച മുരടിച്ച് ദൈവഹിതത്തിൽ നിന്നകന്നു പോകുന്നത്.

ദൈവവചനത്തിനുവിരുദ്ധമായ എല്ലാ പാരമ്പര്യങ്ങളെയും ഉപേക്ഷിക്കുവാനുള്ള ധൈര്യമുള്ളവരായിത്തീരുവാൻ ഈ തലമുറയിലെ യുവജനങ്ങളെ ഞാൻ വെല്ലുവിളിക്കുന്നു. അപ്പോൾ മാത്രമേ എല്ലാ കാര്യങ്ങ

*ശേഷം പേജ് 33 ൽ*





ചരിത്രകഥ



# മരണത്തെ പേടിയില്ലാത്തവർ

കഥ ഇതുവരെ

*റോമാനഗരം. ആദ്യനൂറ്റാണ്ടിൽ റോമൻചക്രവർത്തിമാരുടെ പീഡനത്തെ ഭയന്ന് ക്രിസ്ത്യാനികൾ രഹസ്യതാവളത്തിൽ കഴിയുന്ന കാലം. റോമിലെ അരീനയിൽ ക്രിസ്തീയവിശ്വാസികൾ മൃഗങ്ങളോട് ഏറ്റുമുട്ടി രക്തസാക്ഷിമരണം വരിക്കുന്നത് റോമൻ പട്ടാളഉദ്യോഗസ്ഥനായ മാർസില്ലസ് തന്റെ സഹപ്രവർത്തകനായ ലൂക്യുല്ലസിനോടൊപ്പം കാണാൻ ഇടയായി. മാർസില്ലസിന് ക്രിസ്ത്യാനികളോട് സഹതാപം തോന്നി. ഇതിനിടെ ക്രിസ്ത്യാനികളെ പിടികൂടി നിയമത്തിനു മുൻപിൽ കൊണ്ടുവരിക എന്ന ദൗത്യം ചക്രവർത്തി മാർസില്ലസിനെ ഏൽപ്പിച്ചു. മാർസില്ലസ് ഒരു കുട്ടിയെ പിന്തുടർന്ന് ക്രിസ്ത്യാനികളുടെ ഭൂഗർഭതാവളത്തിൽ എത്തിച്ചേർന്നു. അവിടെ അദ്ദേഹം ക്രിസ്ത്യാനികളെ സംബന്ധിച്ച സത്യങ്ങൾ മനസ്സിലാക്കി. മാർസില്ലസും സുവിശേഷം അംഗീകരിച്ചു.തുടർന്ന് മാർസില്ലസ് പട്ടാളക്യാമ്പിൽ മടങ്ങിയെത്തി. എന്നാൽ അദ്ദേഹം ക്രിസ്ത്യാനിയായത് അറിഞ്ഞ് പട്ടാളമേധാവി തടവിലാക്കാൻ തുനിഞ്ഞു. സുഹൃത്ത് ലൂക്യുല്ലസ് അദ്ദേഹത്തെ രക്ഷപെടാൻ അനുവദിച്ചു...* ***തുടർന്നു വായിക്കുക.***

## അദ്ധ്യായം 5

## നഗരത്തിനടിയിലെ ജീവിതം

**മാ**ർസില്ലസിന്റെ മടങ്ങിവരവിൽ ഭൂഗർഭതാവളത്തിലുള്ളവർ ആനന്ദാശ്രുക്കളോടെ അവനെ സ്വാഗതം ചെയ്തു. മേലുദ്യോഗസ്ഥരുമായുള്ള കൂടിക്കാഴ്ചയുടെ വിവരണം അവർ ആകാംക്ഷയോടെ കേട്ടിരുന്നു-കഷ്ടങ്ങളിൽ സഹതാപം കാണിച്ചും ക്രിസ്തുവിനുവേണ്ടി കഷ്ടം സഹിക്കാൻ അവൻ യോഗ്യനായി എണ്ണപ്പെട്ടതിൽ സന്തോഷിച്ചും കൊണ്ട്.

ഇതിനിടയിൽ ഓരോ ദിവസവും പുതിയ സത്യങ്ങൾ പഠിച്ചും അനുയായികളുടെ സഹിഷ്ണുതകണ്ടും മാർസില്ലസ് ആത്മീയതയിൽ വളർന്നു. ഭൂഗർഭ ഒളിത്താവളത്തിലെ ജീവിതം തികച്ചും വ്യത്യസ്തവും പുതുമയുള്ളതുമായിരുന്നു. മരണശയ്യയിൽ കിടക്കുന്നു ബന്ധുവോ സ്നേഹിതനോ ഇല്ലാത്ത വ്യക്തികൾ വിരളമായിരുന്നു.

പീഢനത്തിൽ നിന്നും രക്ഷ നേടാനുള്ള ഒരു സങ്കേതമെന്ന നിലയിൽ ഈ താവളം മാത്രമാണ് ക്രിസ്ത്യാനികൾക്കുണ്ടായിരുന്നത്. അവർക്കൊരിക്കലും ഒരു വിദേശരാജ്യത്തേക്കു പോകാനാകുമായിരുന്നില്ല. കടലിനക്കരെയോ മറ്റെവിടെയെങ്കിലുമോ ഉള്ള

ഒരു രാജ്യവും അവർക്ക് ഒരു തരത്തിലുമുള്ള സഹായ ഹസ്തം നീട്ടിയിരുന്നില്ല. റോമാസാമ്രാജ്യത്തിന്റെ സർവ്വാധിപത്യം, അറിയപ്പെടുന്ന സകല പരിഷ്കൃതരാജ്യങ്ങളെയും അതിന്റെ ഉരുക്കു മുഷ്ടിക്കുള്ളിൽ ഒതുക്കിയിരുന്നതുകൊണ്ട് അവരുടെ കോപത്തിൽനിന്നും ആർക്കും രക്ഷപ്പെടാൻ കഴിയുമായിരുന്നില്ല. ഏറ്റവും ഉന്നതനായ പ്രഭു മുതൽ ഏറ്റവും എളിയ അടിമ വരെ ഈ അധികാര പരിധിയ്ക്കുള്ളിൽ അമർന്നു. ആർക്കും അതിനോടു ചെറുത്തുനിൽക്കാൻ കഴിഞ്ഞില്ല. നീറോ ചക്രവർത്തിക്ക് പതനമുണ്ടായപ്പോൾ അടുത്ത ഒരു വിശ്രമകേന്ദ്രത്തിൽ പോയി അദ്ദേഹം ജീവനൊടുക്കി. എങ്കിലും ഈ ഭൂഗർഭ കേന്ദ്രങ്ങളിൽ റോമിന്റെ സർവ്വാധിപത്യ ശക്തിയും നിസ്സഹായമായിരുന്നു. റോമൻ സാമ്രാജ്യത്തിന്റെ ദൂതന്മാർ ഭൂഗർഭ ഒളിത്താവളത്തിലേക്കുള്ള ഓരോ പ്രവേശനത്തിലും ആശയക്കുഴപ്പത്തിലാവുകയും വഴിതെറ്റി ഉഴലുകയും ചെയ്തു.

ഈ ഭൂഗർഭ നിലവറകളിലെ വഴികളിലൊക്കെ ക്രിസ്ത്യാനികൾ താമസിക്കുകയും കൂട്ടം കൂടുകയും പരസ്പരം ധൈര്യപ്പെടുത്തുകയും ആശ്വസിപ്പിക്കയും രക്തസാക്ഷികളെക്കുറിച്ച് വിലപിക്കയും രാത്രികളിൽ തങ്ങളുടെ കൂട്ടത്തിലുള്ള ധീരന്മാരെ പുറംലോകത്തെ വാർത്തകൾ ശേഖരിക്കാനായിട്ടോ മുറിവേറ്റവരെ താഴേക്കു കൊണ്ടുവരാനായിട്ടോ അയയ്ക്കുകയും ചെയ്തുപോന്നു. സാമ്രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലായി ലക്ഷക്കണക്കിനു ക്രിസ്ത്യാനികളെ കൊന്നൊടുക്കിയെങ്കിലും അതിനൊന്നും ക്രൈസ്തവലോകത്തിന്റെയും അവരുടെ വിശ്വാസത്തിന്റെയും ശക്തിയെ ക്ഷയിപ്പിക്കാൻ കഴിയില്ലെന്ന് പീഡനങ്ങളുടെ നടുവിലും ഈ സങ്കേതങ്ങളിൽ താമസിച്ചുകൊണ്ട് അവർ ഉറപ്പാക്കി.

അവരുടെ ജീവൻ നിലനിർത്തിയതും സുരക്ഷ ഉറപ്പാക്കിയതും എങ്ങനെയായിരുന്നു?

അവർ ജീവിച്ച കാലഘട്ടത്തിന്റെ സ്വഭാവത്തിന്റെ പശ്ചാത്തലത്തിൽ മാത്രമേ അതു മനസ്സിലാക്കാൻ കഴിയൂ. പ്രജാധിപത്യ വ്യവസ്ഥയുടെ പഴയതും ലളിതവുമായ മൂല്യങ്ങൾ അപ്രത്യക്ഷമാകയും അരാജകസ്വാതന്ത്ര്യം അതിന്റെ ഹീനമായ അർത്ഥത്തിൽ വ്യാപിക്കുകയും ചെയ്തു. അഴിമതി അതിന്റെ മാരകമായ ഹസ്തങ്ങളാൽ സമൂഹത്തെ അടിമുടി പുൽകി കീഴടക്കി. ഗൂഢാലോചനകൾ, മത്സരങ്ങൾ, വിപ്ലവങ്ങൾ, രാജ്യദ്രോഹ നടപടികൾ, പ്രക്ഷോഭങ്ങൾ മുതലായവ മാറിമാറി സമൂഹത്തിന് ശാപമായിത്തീർന്നു. പൊതുജനം നിശ്ശബ്ദരായി കണ്ടുനിന്നു. അവരുടെ വീരന്മാർ പട്ടുപോയി. ധീരന്മാർ വീണുപോയി. എങ്കിലും സമൂഹം നിശ്ശേഷ്ടമായി നിന്നു. മഹാന്മാരുടെ മനസ്സുകളോ തീക്ഷ്ണമായ ധിഷണകളോ ഉണർന്നില്ല. അധമ വികാരങ്ങൾ മാത്രം ഉണർന്ന് അഴിഞ്ഞാടി.

ഇത്തരത്തിലുള്ള ഒരു സാമൂഹിക, രാഷ്ട്രീയ, പശ്ചാത്തലത്തിലാണ് ക്രിസ്തുവിന്റെ സുവിശേഷസത്യം ധീരമായി കടന്നുവന്നതും ഇത്തരം ശത്രുക്കളോടു പോരാടി കടമ്പകൾ കടന്ന് മന്ദവും സ്ഥിരവും ഉറപ്പുള്ളതുമായ പുരോഗതിയെ പ്രാപിച്ചതും. ആ കൊടിക്കീഴിൽ നിരന്നവരാരും അലസന്മാരായിരുന്നില്ല. സ്വൈരജീവിതക്കാരായിരുന്നില്ല. എന്നാൽ ക്രിസ്ത്യാനികളുടെ എണ്ണം വർദ്ധിക്കുന്നതനുസരിച്ചുതന്നെ ഇരുട്ടിന്റെ ശക്തിയും വർദ്ധിച്ചു വന്നു.

റോമാക്കാരുടെ ഹൃദയം കഠിനമാകുകയും കണ്ണുകൾ അന്ധമായിത്തീരു





കയും ചെയ്തു. ശിശുവിന്റെ നിഷ്കളങ്കതയോ സ്ത്രീയുടെ വിശുദ്ധിയോ പുരുഷന്റെ ശ്രേഷ്ഠതയോ വാർദ്ധക്യത്തിന്റെ ആദരണീയതയോ അചഞ്ചല വിശ്വാസമോ മരണത്തെ ജയിക്കുന്ന സ്നേഹമോ ഒന്നും അവരുടെ ഹൃദയങ്ങളെ സ്പർശിച്ചില്ല. ആർദ്രത എന്നോ അവർക്കന്യമായിത്തീർന്നിരുന്നു.

എങ്കിലും ഭീകരതയുടെ ഈ താണ്ഡവ കാലയളവിൽ ക്രിസ്ത്യാനികൾക്ക് ഒരു സങ്കേതനഗരം പോലെ ഭൂഗർഭ ഒളിത്താവളം തുറക്കപ്പെട്ടു.

അതിനുള്ളിലെ തണുത്ത അന്തരീക്ഷം അവരെ മരവിപ്പിക്കയും പുറത്തുനിന്നുള്ള ശുദ്ധമായ വായു തടസ്സപ്പെടുകയും ചെയ്തു. തറയും ഭിത്തികളും മേൽത്തട്ടും എല്ലാം ഈർപ്പവും പൂപ്പലും അഴുക്കും പുതച്ചുനിന്നു. എങ്ങും ഹിതകരമല്ലാത്ത ഒരു ഗന്ധം. അശുദ്ധവായുവും വിഷവാതകങ്ങളും കൂടിക്കലർന്ന കനത്ത വായു. ശക്തനായ ഒരു പുരുഷനും ലോലയായ ഒരു തരുണിക്കും ഇളം കുഞ്ഞിനും ഒരു പോലെ റെഗുലസിന്റെ ധീരതയും കർട്ടിയസിന്റെ ഭക്തിയും ബ്രൂട്ടസിന്റെ സ്ഥൈര്യവും അതേ അളവിലോ അതിലധികമോ ഇവിടെ ആവശ്യമായിരുന്നു. അങ്ങനെ ധീരരും ശ്രേഷ്ഠരും ഹൃദയനൈർമല്യമുള്ളവരും നല്ലവരുമെല്ലാം മർദ്ദകരുടെ ഭീകരശക്തിക്കു കീഴടങ്ങാതെ അതിനെ പുച്ഛിച്ചുകൊണ്ടു മുമ്പോട്ടുപോയി. മരണം അവരെ ഭയപ്പെടുത്തിയില്ല. അല്ലെങ്കിൽ മരണകരമായ ഇരുൾ ഘനീഭവിച്ചുനിൽക്കുന്ന ഇവിടുത്തെ ജീവിതം അവർക്കു ദുസ്സഹമായിരുന്നു.

മ്ലാനതയെയും വിഷാദത്തെയും അകറ്റിനിർത്തുവാനുള്ള നിരന്തരശ്രമങ്ങൾ എവിടെയും പ്രത്യക്ഷമായിരുന്നു. ചുമരുകൾ നിറയെ ചിത്രങ്ങളായിരുന്നു. ദേവീദേവന്മാരുടെയല്ല, സത്യത്തിനുവേണ്ടി നിലകൊണ്ട ധീരന്മാരുടെ. വിശ്വാസത്താൽ രാജ്യങ്ങളെ കീഴടക്കി, നീതിനടത്തിയ, വാഗ്ദത്തം പ്രാപിച്ച, സിംഹങ്ങളുടെ വായടച്ച, തീയുടെ ഭീഷണിയെ കെടുത്തിയ, വാളിന്റെ വായ്ത്തലയ്ക്കു തെറ്റിയ, ബലഹീനതയിലൂടെ ശക്തിപ്രാപിച്ച, യുദ്ധത്തിൽ ജയം നേടിയ, ശത്രുസൈന്യത്തെ ഓടിച്ച-വിശ്വാസവീരന്മാരുടെ (എബ്രാ.11:33, 34) ചിത്രങ്ങളായിരുന്നു അവ.

പ്രാർത്ഥനാലയങ്ങളിലെ ചുമരുകൾ ഇതിനാൽ അലങ്കരിക്കപ്പെട്ടിരുന്നു. കർത്തൃമേശയ്ക്കുള്ള അപ്പവും വീഞ്ഞും വയ്ക്കുന്ന മേശ മാത്രമായിരുന്നു ഒരേ ഒരു ഉപകരണം.

ക്രിസ്തീയ വിശ്വാസത്തിന് ദീർഘകാലം ചെറുത്ത് നിൽക്കേണ്ടിവന്നത് ജീർണ്ണതയോടാണ്. തന്റെ ശത്രുവുമായി ഒരു ഒത്തുതീർപ്പിൽ മുമ്പോട്ടു പോകുവാൻ അവർ എന്തെങ്കിലും ചെയ്തിരുന്നെങ്കിൽപ്പോലും അതിനെ അസാധാരണം എന്നു വിശേഷിപ്പിക്കാൻ കഴിയില്ലായിരുന്നു. അപ്പൊസ്തലന്മാരുടെ മാതൃകയിൽനിന്നും അല്പം വ്യത്യസ്തമായ എന്തെങ്കിലുമൊക്കെ ഉണ്ടായിരുന്നാലും അതൊക്കെ അവഗണിക്കാവുന്നതേയുള്ളൂ. എങ്കിലും അവർ യാതൊരു വിട്ടുവീഴ്ചയ്ക്കും തയ്യാറായില്ല. ക്രിസ്തുവിന്റെ കാതലായ ഉപദേശങ്ങൾക്ക് ദോഷം വരുത്തുന്ന ഒന്നിനും അവർ തയ്യാറായില്ല. മനുഷ്യന്റെ പാപം, പിതാവിന്റെ കരുണ, പുത്രന്റെ പ്രായശ്ചിത്തം, പരിശുദ്ധാത്മാവിന്റെ അധിവാസം, വീണ്ടെടുപ്പുകാരനിലുള്ള വിശ്വാസത്താലുള്ള രക്ഷ, തന്റെ അമൂല്യമായ രക്തത്തിന്റെ വില, തന്റെ ശരീരത്തിലുള്ള പുനരുത്ഥാനം, തന്റെ മടങ്ങിവരവിനെക്കുറിച്ചുള്ള ഭാഗ്യകരമായ പ്രത്യാശ -ഈ അടിസ്ഥാന സത്യങ്ങളെല്ലാം തന്നെ ഒരു ഭാഷയ്ക്കും വിവരിക്കാൻ

കഴിയാത്ത എരിവോടും ഉത്സാഹത്തോടും കൂടെ അവർ പരിപാലിച്ചുപോന്നു.

ഭാഷയ്ക്കും ഗോത്രത്തിനും ജാതിക്കും വർണ്ണത്തിനുമതീതമായി സ്നേഹം ഉയർത്തപ്പെട്ടു. അതിവിസ്തൃതമായ ഒരു വൃത്തപരിധിക്കുള്ളിലേക്ക്, സഹോദരനുവേണ്ടി ജീവൻ വയ്ക്കുന്ന ഒരു നിലവാരത്തിലേക്ക്, ദൈവത്തിന്റെ സ്നേഹം പരിശുദ്ധാത്മാവിനാൽ ഓരോ ഹൃദയത്തിലേക്കും പകർന്നുകൊണ്ട് ഏവരെയും സ്വാഗതം ചെയ്തു. സത്യസന്ധതയും പരമാർത്ഥതയും ഉള്ളവരെ മാത്രമേ അവർ ഉൾക്കൊണ്ടുള്ളു. അതു കാപട്യത്തിന് ഒരു പരിഹാരമാർഗ്ഗമായിരുന്നു. ആ കാലഘട്ടത്തിൽ ഒരു ക്രിസ്ത്യാനിയായിരിക്കുക എന്നത് ജീവനു ഭീഷണിയായിരുന്നു. ചില വാക്കുകൾ ഉച്ചരിച്ചോ, തികച്ചും ലളിതമായ ഒരു കാര്യം ചെയ്തോ ഒക്കെ ജീവനെ രക്ഷിക്കാൻ കഴിയുമായിരുന്നു. പക്ഷേ അവരുടെ നാവ് വിഗ്രഹസ്തുതിയുടെ വാക്കുകളുച്ചരിക്കാൻ വിസമ്മതിച്ചു. അവരുടെ കരങ്ങൾ വഴിപാടർപ്പിക്കാൻ ഉയർന്നില്ല. യേശുവിന്റെ കാതലായ ഉപദേശങ്ങൾ തങ്ങളുടെ ധിഷണയിലേതിനേക്കാളുപരി ആത്മാവിലേക്കിറങ്ങിയിരുന്നു.

മാർസില്ലസിന്റെ ക്രിസ്തുവിലേക്കുള്ള മാനസാന്തരം പെട്ടെന്നായിരുന്നു. നീതിസൂര്യനെ കാണുവാൻ തന്റെ അന്തർനേത്രങ്ങൾ തുറന്നതു മുതൽ അതടയ്ക്കുവാൻ അവനു കഴിഞ്ഞില്ല. പുതുക്കത്തിന്റെ ദൈവികമായ ആ പ്രവൃത്തി സമഗ്രമായിരുന്നു. പീഡിതരുടെ കഷ്ടങ്ങളിലെ തന്റെ പങ്കാളിത്തം അയാൾ സന്തോഷത്തോടെ സ്വാഗതം ചെയ്തു.

തന്റെ പുതിയ സഹോദരങ്ങളൊത്തുള്ള സംസർഗ്ഗവും നടപ്പും ജീവിതവും അവരുടെ സന്തോഷത്തിലേക്കും ഭയത്തിലേക്കും പ്രത്യാശയിലേക്കും പ്രവേശിക്കുവാൻ മാർസില്ലസിനെ സഹായിച്ചു. ഭാഗ്യകരമായ ജീവന്റെ വചനം പഠിക്കുന്നതും തന്റെ ആനന്ദമായിത്തീർന്നു. എല്ലാഉപദേശങ്ങളും ആർത്തിയോടെ ഗ്രഹിക്കുന്ന ശ്രദ്ധാലുവായ ഒരു പഠിതാവായി അയാൾ തീർന്നു.

സ്തുതിക്കും പ്രാർത്ഥനയ്ക്കും വേണ്ടിയുള്ള യോഗങ്ങൾ ഭൂഗർഭനിലവറയിൽ കൂടെക്കൂടെ കൂടാറുണ്ടായിരുന്നു. ലൗകികമായ തൊഴിലുകൾ വിട്ടവർ ഉന്നതമായ ലക്ഷ്യങ്ങളെ പിന്തുടരുന്നതിലേക്ക് തങ്ങളുടെ ജീവിതം അർപ്പിച്ചു.

മാർസില്ലസ് ഒരു കാര്യം മനസ്സിലാക്കുകയായിരുന്നു: ഈ തുരങ്കങ്ങൾ വെറും മൃതദേഹങ്ങൾ സംസ്ക്കരിക്കുന്ന ശ്മശാനഭൂമിയല്ല ജീവനുള്ളവരുടെ ഭൂമി കൂടിയാണ്. മുകളിൽ ലഭിക്കാവുന്നതിനെക്കാൾ മെച്ചമായ ഒരു ജീവിതം ഇവിടെ ലഭിക്കുന്നു. രക്തസാക്ഷികളുടെ ചോരയിൽ വിലാപത്തിന്റെ കണ്ണുനീർ കലരുമ്പോഴും സ്നേഹത്തിന്റെ കരങ്ങൾ ആ വിളറിയ ശരീരത്തിൽ ശവക്കച്ച പൊതിഞ്ഞ് യാത്രയാക്കുന്നു. ധീരരായ ആത്മാക്കൾ ഈ തുരങ്കങ്ങളിൽ സകല ദുഃഖങ്ങൾക്കും മീതേ ജയാളികളാകുന്നു. വിശ്വാസവും പ്രത്യാശയും പുഞ്ചിരിതൂകിക്കൊണ്ട് പ്രശോഭിതമായ പ്രഭാതനക്ഷത്രത്തിലേക്കു ദിശ കാട്ടുമ്പോൾ വിലപിക്കുന്നവരുടെ ചുണ്ടുകളിൽ നിന്നും സ്തുതിയുടെ ഗാനം ഉയർന്നു.

(തുടരും)

**മൊഴിമാറ്റം: ബോബി ചെറിയാൻ**





# ബൈബിളിലൂടെ

*28-ാം പേജിൽ നിന്നു തുടർച്ച*

ളിലും യേശുവിനെ അനുഗമിക്കുവാൻ നിങ്ങൾക്ക് കഴിയൂ. ഏതു സഭയിലാണ് നിങ്ങൾ ചേരേണ്ടതെന്നു പറയുകയല്ല എന്റെ ലക്ഷ്യം. നിങ്ങൾ താമസിക്കുന്ന പട്ടണത്തിലോ സമീപത്തോ ഉള്ള ഏറ്റവും നല്ല ക്രിസ്തുശിഷ്യന്മാരുടെ കൂട്ടത്തിൽ ചേരുക. അവരുടെ കൂട്ടം ഏതു പേരിൽ അറിയപ്പെട്ടിരുന്നാലും.

ഞാൻ അങ്ങനെ ചെയ്യുവാനായിരിക്കും താത്പര്യപ്പെടുക. എന്റെ കൂറും ഭക്തിയും യേശുക്രിസ്തുവിനോടാണ്. ഞാൻ നട്ടു പരിപാലിക്കുന്ന സഭകളോടല്ല. സഭാവിഭാഗങ്ങളിലും സമുദായങ്ങളിലും എനിക്കു വിശ്വാസമില്ല. വെളിപ്പാട് 1-3 അദ്ധ്യായങ്ങളിൽ പരാമർശിച്ചിട്ടുള്ളതുപോലെയുള്ള പ്രാദേശിക സഭകളിലാണ് ഞാൻ വിശ്വസിക്കുന്നത്. ഞാൻ എന്റെ സഭകളിലുള്ള സഹോദരന്മാരോട് ഇങ്ങനെ പറയാറുണ്ട്: നിങ്ങൾ മറ്റ് ഏതെങ്കിലും സ്ഥലത്തോ പട്ടണത്തിലോ പോകുമ്പോൾ ആ പട്ടണത്തിലുള്ള നമ്മുടെ സഭയേക്കാൾ ആത്മീയ നിലവാരത്തിൽ മുൻപന്തിയിൽ നിൽക്കുന്ന മറ്റേതെങ്കിലും ഒരു സഭ കണ്ടെത്തുകയാണെങ്കിൽ നിങ്ങൾ തീർച്ചയായും അവിടെത്തന്നെയായിരിക്കണം പോകേണ്ടത്. നമ്മുടെ സഭയിലായിരിക്കരുത്. ഓരോ പ്രാദേശിക സഭയുടെ നിലവാരവും അവിടുത്തെ നേതൃത്വത്തെ ആശ്രയിച്ചാണിരിക്കുന്നത്.

7:10-11-ൽ നമ്മുടെ മാതാപിതാക്കൾ വൃദ്ധരായിരിക്കുമ്പോൾ അവർക്കു സഹായം നൽകേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് യേശു പറയുന്നു. അക്കാലത്ത് ആത്മീയതയുടെ അതിപ്രസരത്താൽ (ഇക്കാലത്തും) ചിലർ മാതാപിതാക്കളോട് ഇങ്ങനെ പറയുമായിരുന്നു: "ഞാൻ ദൈവശുശ്രൂഷയിലായിരിക്കുന്നതിനാൽ നിങ്ങളെ ഒരു തരത്തിലും സഹായിക്കുവാൻ എനിക്കു കഴിയില്ല. അതിൽ എനിക്കു ദുഃഖമുണ്ട്" യേശു പറഞ്ഞു: "അതു ദൈവവചനത്തെ നിഷേധിക്കലാണ്." (വാ. 13) നാം നമ്മുടെ വൃദ്ധ മാതാപിതാക്കളെ സഹായിച്ചേ മതിയാവൂ. "ഞാൻ ദൈവവേലയ്ക്കു കൊടുത്തുപോയി. ഇനി നിങ്ങൾക്കു തരുവാനൊന്നുമില്ല" എന്ന് അവരോടു പറയുവാൻ പാടില്ല. മാതാപിതാക്കളെ സഹായിക്കുന്നതും കൂടി ഉൾപ്പെട്ടതായിരിക്കണം നമ്മുടെ ദൈവശുശ്രൂഷ. നിങ്ങൾ വീടുവിട്ടുപോയശേഷം നിങ്ങൾക്കു മാതാപിതാക്കളെ അനുസരിക്കേണ്ടതായിട്ടില്ല. അവർക്കു നിങ്ങളുടെ ശുശ്രൂഷകളിൽ തടസ്സം സൃഷ്ടിക്കാനും കഴിയില്ല. പക്ഷേ അവരെ സാമ്പത്തികമായും ശാരീരികമായും സഹായിക്കേണ്ടത് അവശ്യമാണ്.

മൂന്നു തരത്തിലുള്ള പുളിപ്പുകളെ സൂക്ഷിക്കണമെന്നു യേശു തന്റെ ശിഷ്യന്മാർക്കു മുന്നറിയിപ്പു നൽകി. മത്താ. 1.11-ൽ പരീശന്മാരുടെയും സദൂക്യരുടെയും പുളിച്ചമാവിനെ സൂക്ഷിക്കണമെന്നും മുന്നറിയിപ്പു നൽകുന്നു. ഇവിടെ ഹെരോദാവിന്റെ പുളിച്ച മാവിന്നെതിരെയും മുന്നറിയിപ്പു നൽകുന്നതായി നാം കാണുന്നു. എന്തൊക്കെയാണീ പുളിപ്പുകൾ?

എല്ലാ ഉപദേശവും കിറുകൃത്യമായി സൂക്ഷിക്കുന്ന വചനവാദികളായിരുന്നു പരീശന്മാർ. (മത്താ. 23:3-ൽ യേശു തന്നെ അവർക്കു അംഗീകാരപത്രം നൽകുന്നതു ശ്രദ്ധിക്കുക). സദൂക്യർ യേശുവിന്റെ കാലഘട്ടത്തിലെ സ്വാതന്ത്ര്യവാദികളായിരുന്നു. അവർ അത്ഭുതങ്ങളിലും ആത്മാവിലും പുനരുത്ഥാനത്തിലുമൊന്നും വിശ്വസിച്ചിരുന്നില്ല. ഹെരോദ്യർ ഹെരോദാവിന്റെ അനുയായികളായിരുന്നു. അവർ തികച്ചും ലൗകികരായിരുന്നു. ഹെരോദാവിന് ഒരേസമയം യോഹന്നാൻ

# നാളും നാഴികയും അറിയായ്കയാൽ

**മാത്യു ജോർജ്**

**ഇന്ന്** നിങ്ങളുടെ ജീവിതത്തിന്റെ അവസാനദിവസമാണെന്ന മുന്നറിയിപ്പു കിട്ടിയാൽ എന്താവും നിങ്ങളുടെ പ്രതികരണം? ഇനിയുള്ള മണിക്കൂറുകൾ നിങ്ങൾ എങ്ങനെ ചെലവഴിക്കും? സാധാരണ ഒരു ദിവസം ആയിരിക്കുമോ അത്?

മരണത്തെപ്പറ്റി ഒരു മുന്നറിയിപ്പ് ലഭിക്കുന്നത് എല്ലാംകൊണ്ടും നല്ലതാണെന്ന് തോന്നിയിട്ടുണ്ട്. മാനസികമായ ഒരു തയ്യാറെടുപ്പിനുവേണ്ടി, ഗൃഹകാര്യങ്ങൾ ക്രമപ്പെടുത്തുവാൻ, പ്രിയപ്പെട്ടവരോട് യാത്രചോദിക്കുവാൻ, എല്ലാറ്റിലും ഉപരിയായി ദൈവത്തോട് നിരപ്പു പ്രാപിക്കാൻ മരണത്തെപ്പറ്റി ഒരു മുന്നറിയിപ്പ് തികച്ചും അഭിലഷണീയം തന്നെ. എന്നാൽ അത്തരം ഒരു മുന്നറിയിപ്പ് അത്യപൂർവ്വം വ്യക്തികൾക്കു മാത്രമല്ലേ ലഭിച്ചിട്ടുള്ളൂ! അങ്ങനെയിരിക്കെ ജീവിതത്തിന്റെ അവസാന ദിവസത്തിനായി എങ്ങനെ ഒരുങ്ങാൻ കഴിയും? മരണത്തിലൂടെയോ യേശുകർത്താവിന്റെ പുനരാഗമനത്തിലൂടെയോ ഇവിടുത്തെ ജീവിതത്തിന് തിരശ്ശീല വീഴാം. ഈ ചോദ്യത്തിന് ഉത്തരം കണ്ടെത്താനുള്ള അന്വേ

---

സ്നാപകന്റെ ഞെട്ടിപ്പിക്കുന്ന പ്രസംഗവും ശലോമിയുടെ അല്പ വസ്ത്രമണിഞ്ഞുള്ള അശ്ലീലനൃത്തവും ആസ്വദിക്കാൻ ഒരു പ്രയാസവുമുണ്ടായിരുന്നില്ല. (മർക്കോ. 6:20-22). ഇന്നു ഞായറാഴ്ച ക്രിസ്ത്യാനികൾ നല്ല ഒരു ആരാധനയ്ക്കുശേഷം വീട്ടിൽവന്ന് ഒരു മസാലചിത്രം അതിന്റെ എല്ലാ എരിവോടും പുളിയോടും ആസ്വദിക്കുന്നതുപോലെ.

ഈ മൂന്നു തരത്തിലുള്ള ക്രിസ്ത്യാനികളും ഇന്നു നിലവിലുണ്ട്- വചനവാദികൾ, സ്വാതന്ത്ര്യവാദികൾ, ലൗകികർ. എന്നാൽ നാം പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യം ഇതാണ് യേശുവിനെ ഏറ്റവുമധികം എതിർത്തിരുന്നതു സദൂക്യരും ഹെരോദ്യരുമായിരുന്നില്ല പരീശന്മാരായിരുന്നു. വചവാദികളായിരുന്നു ഏറ്റവും വലിയ കാപട്യക്കാർ. ഇത് ഇന്നും സത്യമാണ്. കപടഭക്തന്മാർ ഏറ്റവുമധികമുള്ളത് ലൗകികക്രിസ്ത്യാനികളിലും മിതവാദികളായ ക്രിസ്ത്യാനികളിലുമല്ല മറിച്ച് യാഥാസ്ഥിതികരായ വചനാനുസാരികളിലാണ്. തങ്ങളുടെ ഉപദേശങ്ങളെല്ലാം കൃത്യമാണെന്ന് അവകാശപ്പെടുമ്പോൾ തന്നെ തങ്ങളെത്രമാത്രം കാപട്യത്തിലാണു ജീവിക്കുന്നതെന്ന് അവർ മനസ്സിലാക്കുന്നില്ല. നിയമത്തെ മുറുകെപിടിക്കുന്ന തങ്ങളുടെ മനോഭാവത്തിനെതിരെ പരിശുദ്ധാത്മാവു നൽകുന്ന ഉണർത്തലുകളോടു പ്രതികരിക്കാൻ കൂടി അവർക്കു കഴിയുന്നില്ല. അതുകൊണ്ടുതന്നെ അതിൽനിന്നും സ്വാതന്ത്ര്യം പ്രാപിക്കാനും കഴിയുന്നില്ല. ഇന്നും യേശു അവരുമായി സംഘർഷത്തിലാണ് - രണ്ടായിരം വർഷം മുൻപായിരുന്നതുപോലതന്നെ. (തുടരും)

**മൊഴിമാറ്റം:സുജ ഏബ്രഹാം**

❖





ഷണം പത്തു കന്യകമാരുടെ ഉപമയിലേക്കാണ് ആദിമക്രിസ്ത്യാനികളെ നയിച്ചത് (മത്തായി 25:1-13).

യേശു ഒലിവുമലയിൽ ഇരിക്കുമ്പോൾ ശിഷ്യന്മാർ അവനോട് തന്റെ മടങ്ങി വരവിനും ലോകാവസാനത്തിനും അടയാളം എന്ത് എന്ന് ചോദിക്കുന്നു. (മത്താ.24:3) "ആരും നിങ്ങളെ വഞ്ചിക്കാതിരിപ്പാൻ സൂക്ഷിച്ചുകൊൾക" എന്ന മുന്നറിയിപ്പോടുകൂടിയാണ് യേശു ശിഷ്യന്മാരുടെ ഈ ചോദ്യത്തിന് മറുപടി പറഞ്ഞു തുടങ്ങുന്നത്. സുദീർഘമായ ഈ മറുപടി മത്തായി 25-ാം അധ്യായത്തിലാണ് അവസാനിക്കുന്നത്. ഈ പശ്ചാത്തലത്തിൽ വേണം പത്തു കന്യകമാരുടെ ഉപമ നാം മനസ്സിലാക്കുവാൻ. കൂടാതെ പാലസ്തീനിലെ അക്കാലത്തെ വിവാഹരീതിയുടെ ചിത്രം മനസ്സിലുണ്ടാകുന്നത് വളരെ സഹായകമാകും. പലസ്തീനിൽ അക്കാലത്ത് കന്യകയുടെ വിവാഹനിശ്ചയം കഴിഞ്ഞാൽ വരൻ വിവാഹത്തിനുള്ള ഒരുക്കങ്ങൾക്കായി മടങ്ങിപ്പോകുമ്പോൾ എത്രയും വേഗം മടങ്ങിവന്ന് വധുവിനെ മണിയറയിലേക്ക് കൂട്ടിക്കൊണ്ടുപോകാം എന്ന വാഗ്ദാനം നൽകുന്നു. മടങ്ങിവരുന്ന സമയം മാത്രം പറയാറില്ല. ആ ദിവസം മുതൽ മണിയറയുടെ ഒരുക്കവും മണവാട്ടിയുടെ ഒരുക്കവും തുടങ്ങുന്നു. മണവാളന്റെ മടങ്ങിവരവിനായി കാത്തിരിക്കുന്ന കന്യകയായ മണവാട്ടി കത്തിച്ച ഒരു വിളക്ക് സദാ അവളുടെ മുറിയിൽ കിടക്കയ്ക്ക് അരികിൽ സൂക്ഷിക്കുന്നു. മണവാളൻ രാത്രിയുടെ രണ്ടാം യാമത്തിലോ മൂന്നാം യാമത്തിലോ മറ്റേതു നേരത്തോ വന്നാലും കത്തിയ വിളക്കുമായി അവനെ എതിരേൽക്കാൻ അവൾ ഒരുങ്ങിയിരിക്കുന്നു. ഈ ചിത്രം പശ്ചാത്തലമായിക്കണ്ട് നമുക്ക് ഉപമ ശ്രദ്ധിക്കാം.

പത്തുപേരും കന്യകമാരാണ്.

> നാളും നാഴികയും അറിയാത്തതിനാൽ ഓരോ ദിവസവും അവസാനത്തേതെന്ന് കരുതി ജീവിക്കുക മാത്രമാണ് ക്രിസ്തുശിഷ്യർക്ക് കരണീയം. മരണത്തിന്റെ സമയത്തോ അല്ലെങ്കിൽ ക്രിസ്തുവിന്റെ പുനരാഗമനസമയത്തോ പ്രത്യേക തയ്യാറെടുപ്പിന് അവസരം ലഭിക്കില്ല. എണ്ണ വാങ്ങാൻ അപ്പോൾ കഴിയുകയില്ല. ഇപ്പോഴാണ് എണ്ണ (മണവാളനോടുള്ള നിർമ്മല സ്നേഹം)സംഭരിക്കാനുള്ള സുവർണ്ണാവസരം!! നാളും നാഴികയും അറിയായാകയാൽ.... ഒരുങ്ങിയിരിപ്പിൻ.

പത്തുപേരും മണവാളനെ കാത്തിരിക്കുന്നവരാണ്. എല്ലാവർക്കും വിളക്കും എണ്ണയും ഉണ്ടായിരുന്നു. തുടക്കത്തിൽ എല്ലാവരുടേയും വിളക്കുകൾ കത്തിനിന്നു. മണവാളൻ താമസിച്ചപ്പോൾ പത്തുപേരും മയക്കംപിടിച്ച് ഉറങ്ങി. അർദ്ധരാത്രിയിൽ "മണവാളൻ വരുന്നു" എന്ന ആർപ്പുവിളി എല്ലാവരും കേട്ടു. എല്ലാവരും ക്ഷണത്തിൽ ഉണർന്ന് വിളക്കുകളുടെ കരിന്തിരി തെളിച്ച് മണവാളനെ എതിരേൽക്കാൻ പുറപ്പെട്ടു. അഞ്ചുപേർ വേറെ പാത്രങ്ങളിൽ വിളക്കുകളോടൊപ്പം കരുതൽ ശേഖരമായി എണ്ണ സംഭരിച്ചിരുന്നു. മറ്റേ അഞ്ചുപേർക്ക് അത്തരം ഒരു ശേഖരം ആവശ്യമെന്ന് തോന്നിയിരുന്നില്ല. തുടക്കത്തിൽ പുറമേ പത്തുപേരും ഒരുപോലെ കാണപ്പെട്ടെങ്കിലും സമയം കടന്നുപോയപ്പോൾ, മണവാളൻ താമസിച്ചപ്പോൾ, അഞ്ചു പേരുടെ എണ്ണ തീർന്നുപോയി. വിളക്കുകൾ അണയാൻ തുടങ്ങിയ അവർ എണ്ണ വാങ്ങാൻ പോയ സമയത്ത് മണവാളൻ വന്നു. വാതിൽ അടച്ചശേഷം വൈകിവന്ന അഞ്ചുപേർ കൈവിടപ്പെട്ടു.

"ആകയാൽ നാളും നാഴികയും അറിയായ്കയാൽ നിങ്ങൾ ഉണർന്നിരിപ്പീൻ" എന്ന വാക്കുകളോടെയാണ് യേശു ഈ ഉപമ അവസാനിപ്പിക്കുന്നത്.

ഇന്ന് നിങ്ങളുടെ ജീവിതത്തിന്റെ അവസാന ദിവസമാണെങ്കിൽ- മരണമോ കർത്താവിന്റെ മടങ്ങിവരവോ നിങ്ങൾ അഭിമുഖീകരിക്കേണ്ടിവന്നാൽ- ബുദ്ധികെട്ട അഞ്ചു കന്യകമാരെപ്പോലെ നിങ്ങൾക്ക് എണ്ണ വാങ്ങേണ്ടതിന് പോകേണ്ടിവരുമോ? അതിനുള്ള സമയം ലഭിക്കുമോ? ഒരിക്കലും ഇല്ല. അങ്ങനെയെങ്കിൽ ബുദ്ധിയോടെ കാര്യങ്ങൾ ക്രമീകരിക്കേണ്ടത് ഇന്നല്ലേ? ഇപ്പോഴാണ് സുപ്രസാദ കാലം! ഇന്നാണ് രക്ഷയുടെ ദിവസം!!! ഉണർന്നിരിക്കുക എന്നു പറയുമ്പോൾ എന്താണ് കർത്താവ് അർത്ഥമാക്കുന്നത്? മത്തായി 24:36-44 ശ്രദ്ധിക്കുക. ആ നാളും നാഴികയും സംബന്ധിച്ച് പിതാവായ ദൈവം മാത്രം അറിയുന്നു. നാം വിചാരിക്കാത്ത നാഴികയിൽ മനുഷ്യപുത്രൻ വരുന്നതുകൊണ്ട് ഒരുങ്ങിയിരിക്കാൻ പറഞ്ഞിരിക്കുന്നു. (വാ. 44) നിങ്ങളുടെ കർത്താവ് ഏതു ദിവസത്തിൽ വരുന്നു എന്ന് നിങ്ങൾ അറിയായ്കകൊണ്ട് ഉണർന്നിരിപ്പിൻ (വാ. 42) രണ്ടുപേർ വയലിൽ ഇരിക്കും; രണ്ടുപേർ തിരികല്ലിൽ പൊടിച്ചുകൊണ്ടിരിക്കും; രണ്ടുപേർ ഒരു കിടക്കയിലായിരിക്കും (ലൂക്കോ 27:34). ഒരു പ്രവൃത്തി ചെയ്തുകൊണ്ടിരിക്കുന്ന രണ്ടുപേരിൽ ഒരാളുടെ ഹൃദയം കർത്താവിൽ ആയിരിക്കയും മറ്റേ ആളിന്റെ ഹൃദയം ചെയ്യുന്ന പ്രവൃത്തിയിൽ മാത്രം ആയിരിക്കയും ചെയ്യാം. ലൂക്കോസ് 17:20-37 ശ്രദ്ധിച്ചാൽ നോഹയുടെ കാലത്തെപ്പറ്റിയും ലോത്തിന്റെ കാലത്തെപ്പറ്റിയും പറഞ്ഞിരിക്കുന്നു. വിറ്റും, നട്ടും, തിന്നും, കുടിച്ചും, വിവാഹം കഴിച്ചും, വിവാഹത്തിന് കൊടുത്തും പോന്ന ആ തലമുറകളുടെ പാപം എന്തായിരുന്നു? സോദോം വിട്ട് ജീവരക്ഷയ്ക്കായി ഓടുമ്പോഴും സോദോം ലോത്തിന്റെ ഭാര്യയുടെ ഉള്ളിൽ നിറഞ്ഞുനിന്നിരുന്നു. പാപകരമായ (അനുവദനീയമായ) കാര്യങ്ങളിൽ ഏർപ്പെടുമ്പോഴും മണവാളന്റെ വരവിൽ കൈവിടപ്പെട്ടുപോകാൻ സാദ്ധ്യതയുള്ള ഒരു ജീവിതം! മനുഷ്യപുത്രന്റെ നാളിൽ അവ്വണ്ണം തന്നെ ആയിരിക്കും എന്ന് പറഞ്ഞിരിക്കുന്നത് പ്രത്യേകം ശ്രദ്ധിക്കുക. (വാ. 30)

അപ്പൊസ്തലനായ പൗലൊസ് ഈ സത്യം ഗ്രഹിച്ച വ്യക്തിയായിരുന്നു.1 കൊരി 7:29-31 ശ്രദ്ധിക്കുക. ലോകത്തെ അനുഭവിക്കുന്നവർ അതിനെ നൂറു ശതമാനവും ഊറ്റിക്കുടിക്കുന്നവരാകരുത്. വിലയ്ക്കു വാങ്ങുന്നവർ ആ വസ്തു നിത്യകാലം കൈവശം വച്ചുകൊണ്ടിരിക്കാൻ കഴിയുന്ന വ്യക്തിയെപ്പോലെ പെരുമാറരുത്. വിവാഹജീവിതം താൽകാലികമാണെന്ന് മറക്കരുത്. സന്തോഷത്തിൽ മതിമറന്നുപോകയോ, ദുഃഖത്തിൽ മുങ്ങിത്താഴുകയോ അരുത്. ചിന്താകുലം ഇല്ലാത്തവരായിരിക്കാനുള്ള മാർഗ്ഗം ഇതത്രേ. മിസ്രയേമിൽ നിന്നുള്ള യിസ്രായേൽ മക്കളുടെ പുറപ്പാടിന് തൊട്ടുമുമ്പ് പെസഹാ ഭക്ഷിക്കുന്നതിനെപ്പറ്റി പറയുന്ന ഭാഗം ശ്രദ്ധിച്ചാൽ ഇതേ പ്രമാണം അവർക്കും കൊടുത്തിരിക്കുന്നതായി കാണാം. (പുറപ്പാട് 12:8,11). പുളിപ്പില്ലായ്മ, കൈപ്പുചീര എന്നീ അനുഭവങ്ങളോടെ മാത്രമല്ല, അരകെട്ടിയും, കാലിൽ ചെരുപ്പണിഞ്ഞും, കൈയിൽ വടിപിടിച്ചുംകൊണ്ട് പെസഹാ ഭക്ഷിക്കണം. തിടുക്കത്തോടെ അത് തിന്നണം. എന്തുകൊണ്ട്? പുറപ്പാടിന്റെ പ്രതീക്ഷയിലായിരുന്നു അവർ. മണവാട്ടി കത്തിച്ച വിളക്കുമായി കാത്തിരിക്കുമ്പോൾ ഉണ്ടായിരിക്കേണ്ട മനോഭാവം എന്തായിരിക്കണം?





ഈ ബന്ധത്തിൽ 1 തെസ്സ 5:1-11 ശ്രദ്ധേയമാണ്. കർത്താവിന്റെ നാൾ കള്ളനെപ്പോലെ വരും. കർത്താവല്ല, കർത്താവിന്റെ നാൾ ആണ് കള്ളനെപ്പോലെ (അപ്രതീക്ഷിതമായി) വരുന്നത്. വെളിച്ചത്തിന്റെ (പകലിന്റെ -മക്കൾക്ക് ഒരിക്കലും ആ നാൾ കള്ളനെപ്പോലെ ഞെട്ടൽ ഉളവാകുകയില്ല. കർത്താവിന്റെ നാൾ നിനച്ചിരിക്കാത്ത നാഴികയിലായാലും പകലിനുള്ളവർ വിശ്വാസം സ്നേഹം എന്നിവയുടെ കവചവും (ഹൃദയത്തിന് ഈ സംരക്ഷണ കവചം എത്ര ആവശ്യം!) രക്ഷയുടെ പ്രത്യാശ എന്ന ശിരസ്ത്രവും (യുക്തിചിന്തകൾക്കെതിരേ എത്ര ആവശ്യം!) ധരിച്ച് സുബോധത്തോടെ ഉണർന്നിരിക്കുന്നവരത്രേ. അങ്ങനെയുള്ളവർ ഉറങ്ങുമ്പോൾ പോലും ശേഷം മനുഷ്യരെപ്പോലെ ഉറങ്ങുന്നില്ല. (വാ. 6) അവർ ഉറക്കത്തിലും 'ഉണർന്നിരിക്കുന്ന'വരും സുബോധമുള്ളവരുമത്രേ. പത്താം വാക്യത്തിൽ പറയുന്നത് കർത്താവിന്റെ രക്ഷ പ്രാപിക്കാനായി നമ്മെ നിയമിച്ചിരിക്കയാൽ അവന്റെ മടങ്ങിവരവിൽ (ആർപ്പുവിളികേൾക്കുമ്പോൾ) നാം ശാരീരികമായി ഉണർന്നിരുന്നാലും, അല്ല ഉറക്കത്തിലാണെങ്കിലും ഒരു വ്യത്യാസവും വരുന്നില്ല എന്നാണ്. ആർപ്പുവിളി കേട്ട സമയം പത്തു കന്യകമാരും ഉറങ്ങുകയായിരുന്നു എന്ന കാര്യം ഓർക്കുക. എന്നാൽ വിളക്കോടൊപ്പം പാത്രത്തിൽ എണ്ണ എടുത്തിരുന്ന ബുദ്ധിയുള്ള കന്യകമാർ വിശ്വസ്തരായിരിക്കാനും, മണവാളനെ പ്രസാദിപ്പിക്കാനും മാത്രം ശ്രദ്ധിച്ചപ്പോൾ, ബുദ്ധിഹീനർ കല്യാണ വിരുന്നിന്റെ പ്രതീക്ഷയിലായിരുന്നെങ്കിലും വിശ്വസ്തരായിരിക്കാനും, മണവാളനെ പ്രസാദിപ്പിക്കാനും മാത്രം ആഗ്രഹിച്ചിരുന്നില്ല. ബുദ്ധിയുള്ള കന്യകമാർ മറ്റുള്ളവരെപ്പോലെ കേവലം ഉറക്കം മാത്രം ലക്ഷ്യം വച്ചവരായിരുന്നില്ല. ഉറങ്ങുമ്പോഴും അവരുടെ ഹൃദയം ഉണർന്നിരുന്നു. ഉത്തമഗീതം 5:2ൽ ശൂനേംകാരത്തിയുടെ വാക്കുകൾ ശ്രദ്ധിക്കുക: "ഞാൻ ഉറങ്ങുന്നു എങ്കിലും എന്റെ ഹൃദയം ഉണർന്നിരിക്കുന്നു." എന്നാൽ ഇവിടെയും ഒരപകടം പതിയിരിക്കുന്നുണ്ട്. ബുദ്ധികെട്ട കന്യകമാർ മണവാളന്റെ വരവിന്റെ ആർപ്പുവിളി കേട്ടെങ്കിലും അവർക്ക് മണിയറയിൽ പ്രവേശിക്കാൻ കഴിഞ്ഞില്ല. ശൂനേംകാരത്തി പ്രിയൻ വാതിൽക്കൽ മുട്ടുന്ന സ്വരം കേൾക്കുന്നു എങ്കിലും, ഉടനെ തുറന്നുകൊടുക്കാൻ കഴിയാതെ തികച്ചും ന്യായമെന്ന് തോന്നാവുന്ന ചിന്തകൾമൂലം ദുഃഖിക്കേണ്ടിവരുന്നു. ഊരിവച്ച മേലങ്കി വീണ്ടും ധരിക്കണം. കഴുകിയിരിക്കുന്ന കാലുകൾ വീണ്ടും മലിനമാകാൻ സാധ്യതയുണ്ട്. അവൾക്ക് മണവാളൻ നഷ്ടപ്പെടുന്നു. വെളിപ്പാട് പുസ്തകം 14:4ൽ കുഞ്ഞാട് പോകുന്നിടത്തൊക്കെയും അവനെ അനുഗമിക്കുന്ന ഒരു കൂട്ടത്തെപ്പറ്റി പറയുന്നുണ്ട്. ശൂനേംകാരത്തിയുടെ മനോഭാവം ഇതിൽനിന്നും വ്യത്യസ്തമാണ്. കുഞ്ഞാടിന്റെ ഹൃദയം കവരുന്ന ഒരു വിശുദ്ധീകരണത്തിന്റെ സ്ഥാനത്ത് സ്വയം സൃഷ്ടിക്കുന്ന ഒരു വിശുദ്ധിയിൽ അവൾ സംതൃപ്തയാണ്.

നാളും നാഴികയും അറിയാത്തതിനാൽ ഓരോ ദിവസവും അവസാനത്തേതെന്ന് കരുതി ജീവിക്കുക മാത്രമാണ് ക്രിസ്തുശിഷ്യർക്ക് കരണീയം. മരണത്തിന്റെ സമയത്തോ അല്ലെങ്കിൽ ക്രിസ്തുവിന്റെ പുനരാഗമനസമയത്തോ പ്രത്യേക തയ്യാറെടുപ്പിന് അവസരം ലഭിക്കില്ല. എണ്ണ വാങ്ങാൻ അപ്പോൾ കഴിയുകയില്ല. (വിശുദ്ധരാകാൻ അപ്പോൾ കഴിയുകയില്ല!) ഇപ്പോഴാണ് എണ്ണ (മണവാളനോടുള്ള നിർമ്മല സ്നേഹം) സംഭരിക്കാനുള്ള സുവർണ്ണാവസരം!! നാളും നാഴികയും അറിയായാകയാൽ..... ഒരുങ്ങിയിരിപ്പിൻ.

❖

# ആത്മീയപരിപക്വത

പേജ് 10 ൽ നിന്നു തുടർച്ച

ആത്മാവിന്റെ ഫലങ്ങളെന്നും ശുശ്രൂഷയുടെ ഫലങ്ങളെന്നും രണ്ടു തരം ഫലങ്ങളെപ്പറ്റി പുതിയ നിയമം പ്രതിപാദിക്കുന്നു. നാം ശുശ്രൂഷയുടെ ഫലങ്ങൾ പുറപ്പെടുവിക്കണമെന്നാണ് ദൈവത്തിന്റെ ആഗ്രഹം. ശാരീരിക വളർച്ചയുടെ ലക്ഷണങ്ങളിലൊന്നാണ് പ്രത്യുല്പാദനക്ഷമത. വിശ്വാസികളായ നമ്മെപ്പറ്റി ദൈവം ആഗ്രഹിക്കുന്നതും ഇതു തന്നെയാണ്. ചിലരെ ക്രിസ്തുവിങ്കലേക്കു നയിക്കുക, മറ്റുചിലരെ ആത്മീയ ജീവിതത്തിന്റെ ഔന്നത്യങ്ങളിലേക്കു കൈപിടിച്ചുയർത്തുക, എന്നിങ്ങനെ പ്രത്യക്ഷമായോ പരോക്ഷമായോ മറ്റുള്ളവരുടെ ജീവിതത്തിൽ ഫലങ്ങൾ ഉളവാക്കുന്നവയായിരിക്കണം നമ്മുടെ ശുശ്രൂഷകൾ.

ആത്മാവിന്റെ ഫലമായ സ്വഭാവശ്രേഷ്ഠതയും നമ്മൾ പുറപ്പെടുവിക്കേണ്ടിയിരിക്കുന്നു. ശ്രേഷ്ടഗുണങ്ങളുടെ നിറവ് നമ്മിൽ ഉണ്ടോ? കഴുത്തു മുതൽ താഴോട്ട് ശരീരം മുഴുവൻ തളർന്ന് ഒരു മാംസപേശിപോലും അനക്കാൻ വയ്യാതെ ശയ്യാവലംബിയായ ഒരാൾക്കുപോലും, ഗലാത്യർ 5-ാം അദ്ധ്യായം 22, 23 വാക്യങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന ആത്മാവിന്റെ ഫലങ്ങളെ അതിന്റെ പൂർണ്ണനിറവിൽത്തന്നെ പ്രാവർത്തികമാക്കുവാൻ സാധിക്കുമെന്നുള്ള സത്യം എന്നെങ്കിലും നമ്മുടെ ചിന്തയിൽ ഉദിച്ചിട്ടുണ്ടോ? കൂടുതൽ കാര്യങ്ങൾ കൂടുതൽ വേഗത്തിൽ ചെയ്താൽ നന്നായി ചെയ്യാമെന്നാണ് നമ്മുടെ മിഥ്യാധാരണ. ഇതിനുള്ള നെട്ടോട്ടമാണ് ഈ കാലഘട്ടത്തിന്റെ തന്നെ വലിയൊരു പ്രശ്നം. വാസ്തവത്തിൽ ഇങ്ങനെയൊന്നുമല്ല കാര്യങ്ങൾ കൈകാര്യം ചെയ്യേണ്ടത്. നാം എന്തു ചെയ്യുന്നു എന്നതിനെക്കാൾ എന്തായിരിക്കുന്നു അല്ലെങ്കിൽ ആരായിരിക്കുന്നു എന്നുള്ളതിനാണ് പുതിയ നിയമം ഊന്നൽ കൊടുക്കുന്നത്. നമ്മുടെ സ്വഭാവത്തിൽ വിശിഷ്ട ഫലങ്ങൾ നാം പുറപ്പെടുവിക്കുന്നുണ്ടോ?

അവസാനമായി, ദൈവത്തിന്റെ ശിക്ഷണങ്ങളെ നീരസമോ എതിർപ്പോ കൂടാതെ സ്വീകരിക്കുന്നവനായിരിക്കും.

കർത്താവ് നമ്മുടെ ജീവിതത്തിൽ പ്രതികൂല സാഹചര്യങ്ങൾ അനുവദിക്കുമ്പോൾ, ഗൂഢമായിട്ടാണെങ്കിലും നീരസപ്പെടുവാനുള്ള സാദ്ധ്യത വളരെ അധികമാണ്. ഭക്തിയുടെ നിറകുടങ്ങളാണു നാമെന്ന മിഥ്യാധാരണയിൽ അത് പുറത്തു പറയുന്നില്ലെന്നേയുള്ളു. പക്ഷേ ഹൃദയം കാപട്യത്താൽ നിറഞ്ഞിരിക്കുകയാണ്. പക്വതയിലേക്കു പ്രയാണം നടത്തുന്ന ഒരാൾ ഒരിക്കലും ദൈവത്തിന്റെ ശാസന നിരസിക്കുകയില്ല. അവിടുത്തെ ശിക്ഷണങ്ങളെ സ്വീകരിക്കുവാൻ നാം എങ്ങനെ പ്രാപ്തരാകും? പിതാവായ ദൈവത്തോടുള്ള ബന്ധം, വ്യത്യസ്ത സാഹചര്യങ്ങളിൽകൂടെ അവിടുന്നു നമ്മെ കടത്തി വിടുമ്പോഴുള്ള നമ്മുടെ പ്രതികരണം എന്നിവയെ ആശ്രയിച്ചിരിക്കും അവിടുത്തെ ശിക്ഷണത്തെ നാം സ്വീകരിക്കുന്നത്.നിങ്ങൾ വചനം കൂടുതൽ പ്രാവശ്യം വായിച്ചതുകൊണ്ടോ പഠിച്ചതുകൊണ്ടോ ഒന്നും ആത്മീയ വളർച്ച പ്രാപിക്കണമെന്നില്ല. അവയൊക്കെ തികച്ചും ബുദ്ധിപരമായ നടപടിക്രമങ്ങൾ എന്നേയുള്ളു. അത്തരം പഠനങ്ങൾ ക്രിസ്തുവിന്റെ സ്വഭാവത്തോട് നമ്മെ ഏകീഭവിപ്പിക്കുമ്പോൾ മാത്രമാണ് നാം വളർച്ച പ്രാപിക്കുന്നത്.

(തുടരും)

**മൊഴിമാറ്റം: ബീനാ ജോയ്സ്**

❖








# AM I GOING IN THE RIGHT DIRECTION?

**Sandeep Poonen**

***Question:***

You have mentioned that the Christian life is a journey. But do we as Christians have a destination in this journey? I would like to treat my Christian walk as a journey, but shouldn't I know where I am going? Also, how can I know if I'm going in the right direction?

***Answer:***

Thank you for your question. This is a very important question to answer. In fact, asking this question for myself made me fundamentally change my life. It helped me focus and re-order my priorities. So I hope what I share with you will help you as well.

I think that you have hit on something important in your question. It's quite obvious from life that having a destination is critical for whatever goals we pursue. Otherwise, we have very little hope of ever reaching our destination. So even in the physical sense, if we are trying to go from Bangalore to Delhi, we will never reach Delhi if we simply wander in any old direction that we "feel" seems right. It is important that we start of in the right direction and keep assessing our journey with regards to our final destination.

The Christian life is a journey (the Apostle Paul calls it a race to be run), and God has given us a clear knowledge of our final destination. Our final destination is very clear - so we can (and must) remind ourselves and point our lives towards that destination every day!

Now as Christians, we don't get to pick the destination. We find our destination from the Bible. So if we want to be true in our walk as Christians, we must embrace the destination that has been defined for us in the Bible.

Otherwise we will simply be wandering Christians - people who demonstrate no clear spiritual purpose in their lives.

Now to be clear, there are individual paths that take us towards our destination. The path I might take towards the Christian destination may be different in external appearance from another Christian's. That is where our individual strengths and gifts come in – they take us down unique paths. Nonetheless, the final destination for **all Christians** is the same.

So what is the destination for all Christians? And what is the primary goal for all Christians? I see this clearly defined in Romans 8:28-29 - [28]*And we know that God causes all things to work together for good to those who love God, to those who are called according to His purpose.* [29]*For those whom He foreknew, He also predestined to become conformed to the image of His Son, so that He would be the firstborn among many brethren;*

Verse 29 makes the destination and goal for my life abundantly clear. Now I can be sure that this is my destination because this is not merely my own goal. This is **God's** goal for me.

So what is that destination and goal from this passage?
**To become conformed to the image of Jesus!**

And one other verse further cemented this concept for me: *2 Corinthians 3:18 – But we all, with unveiled face, beholding as in a mirror the glory of the Lord, are being transformed into the same image from glory to glory, just as from the Lord, the Spirit.*

The impact of this realization was MONUMENTAL for me! If this indeed was my destination, then my entire life had to revolve around this destination and this destination alone. So I must constantly evaluate my life from this core perspective to see if indeed I was being transformed into the image of Jesus from one level of glory to glory. Every other evaluation of my life must be subjected to this evaluation.

So if I gained the whole world but lost out on growing close to this destination (given to me by God Himself), then I have lost out eternally. And if I lost out on a lot of this world but I gained on growing close to this destination, then I have gained eternally.





***What does the image of Jesus look like?***

What does it mean to be "conformed to the image" of Jesus? Does this mean that we should all be carpenters? Does this mean that we should all live in Israel? Does this mean that we should all seek to be healing the sick and driving out demons like Jesus did?

Well, we don't have to guess. The Bible once again is very clear on this. So I want to take this article and the next one to address this. I want to share with you the two parts of the life of Jesus that I must conform to, and set as my destination.

The two parts of the life of Jesus are simply this:

1. His internal, personal life as it relates to His character
2. His inter-personal life as it relates to His ministry

In this article, I want to address the personal, internal life of Jesus and His character that we must determine to become conformed to. I see what this looks like in 1 John 3:2-3:
[2]*Beloved, now we are children of God, and it has not appeared as yet what we will be We know that when He appears, we will be like Him, because we will see Him just as He is.* [3]*And everyone who has this hope fixed on Him purifies himself, just as He is pure.*

So when we are asked to be like Him in character, it is in His purity. This also resonates with the purpose of why Jesus came to this earth. "*You shall call His name Jesus, for He will save His people from their sins*" (Matthew 1:21). It was for our salvation and freedom from sin that was the core purpose and mission of Jesus.

So my destination as it relates to my personal life can be paraphrased this way
**TO BECOME MORE AND MORE LIKE JESUS IN HIS PURITY AND FREEDOM FROM SIN.**

So this is the most important thing that I must be concerned about as I live my life. Every other goal of mine (to have a great job, to get married, to have children and grand-children) can definitely be valid but only as long as it does not distract from my pursuing this primary goal. Every other definition of success and failure must be thrown in the garbage bin, in favor of defining success and failure by this goal.

So if 2010 was a year where I got a raise at work, and I had a healthy baby girl, and I got to travel to a foreign country, but I didn't grow more like Jesus in my purity and freedom from sin, then 2010 has been a failed year for me.  And the converse of that is true as well.

**One Caution:**

We must be careful not to be super-spiritual and feel that activities like desiring a vacation with family or enjoying a good meal or a hiking in the mountains are to be thrown away because they do not make us more and more like Jesus.  That is not at all what I mean.

Activities are not goals.  By all means, we can do anything we enjoy as long as it does not cause us to sin.  But activities can be dangerous for us if they slowly dominate our thoughts and become the goal we obsess about.  So for example, if a person's goal is to be the best hiker in the world *and* to be a committed Christian, then he can quite possibly be distracted in fulfilling the goal that God has defined for him from God's Word.

So we must keep our goal singular, and feel free to engage in activities as long as they do not affect the pursuit of our goal.

This is no different from how world-class athletes might do all kinds of activities, but always evaluate them against their goal of winning a gold medal or a World Cup.  They can choose to eat out at various restaurants, but they will stay away from eating junk food.  They can go out with friends in the evenings, but they will pay attention to how much sleep they get.  They can relax and they can play video games or whatever else they like to do - but not if it takes up time from being the best athlete possible. Only then will they have a *chance* of winning the prize.  So they have their goal always in front of them – and the moment any activity affects their ability to achieve their goal, that activity is sacrificed.

So I pray that we will have the same seriousness and commitment with which we live life.  I pray that we will set our goals based on what Scripture has described for us- and re-order our whole lives around this goal.  And in my next article, I will address how I am also asked to become conformed to the image of Jesus as it relates to His external life and ministry.

(please mail your genuine doubts to: **sandeep@poonen.org**)

❖

ജീവമൊഴികൾ
നാഥാ... നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കലുണ്ടല്ലോ (യോഹ 6:68)
വാല്യം 9 ജനുവരി 2011 ലക്കം 1

എഡിറ്റോറിയൽ ബോർഡ്
ജോജി കെ. വാഴൂർ (കോട്ടയം)
ജോസ് മാത്യു (തിരുവനന്തപുരം)
മാത്യു ജോർജ് (തിരുവല്ല)
ബോബി ചെറിയാൻ (റാന്നി)
സാബു ജോസഫ് (ആലപ്പുഴ)
മാനേജർ
ജേക്കബ് മാത്യു (കാഞ്ഞിരപ്പള്ളി)

വാർഷിക വരിസംഖ്യ

| | |
|---|---|
| ഇന്ത്യയിൽ | Rs.80/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.500/- |

എം. ഒ./ ഡി. ഡി.
അയയ്ക്കേണ്ട വിലാസം :

ജീവമൊഴികൾ
കുമാരനല്ലൂർ പി. ഒ., കോട്ടയം
കേരള-686016
ഫോൺ 0481 - 2392753,
9495334087, 9249516234
e mail : jeevamozhikal@gmail.com
www.jeevamozhikal.org

വിദേശപ്രതിനിധികൾ
U.S.A - Binoy James
Phone: 512990-2808(R) 512826-5028(O)
Email: benoyjames@hotmail.com
DUBAI - Shabu Kuruvilla
Phone 050-7970839
E-mail: skuruvil@gmail.com

മൊഴിമുത്ത്

## ഹൃദയവും നാവും



വിഷലിപ്തമായ ഒരു ചതിക്കുഴി, പൈശാചികത്വത്തിന്റെ ഒരു നിലവറ, മ്ലേച്ഛതയുടെ ഒരു അഗാധഗർത്തം, അരാജകത്വത്തിന്റെ ഒരു പടുകുഴി–മനുഷ്യന്റെ ഹൃദയത്തിന് ഇങ്ങനെയെല്ലാം ആയിരിക്കാൻ കഴിയും. യഥാർത്ഥത്തിൽ സകല അശുദ്ധിയുടെയും സകലപാപത്തിന്റെയും നിർമ്മാണശാലയാണത്. ഇങ്ങനെയുള്ള ഹൃദയത്തിന്റെ പ്രദർശനശാല ഏതാണെന്ന് അറിയാമോ? അതു നാവാണ്. മ്ലേച്ഛമായ ഹൃദയത്തിൽ നിന്നു പുറപ്പെടുന്ന ദുഷ്ടത പുറത്തുവരുന്നത് അധരങ്ങളിൽക്കൂടിയാണ്. ഇതേപ്പറ്റിയുള്ള ഏറ്റവും ശക്തമായ വാക്കുകൾ സദൃശവാക്യകാരന്റേതു തന്നെയാണ്–'മരണവും ജീവനും നാവിന്റെ അധികാരത്തിൽ ഇരിക്കുന്നു'

ലിയോനാർഡ് റാവൻഹിൽ

## സ്തുതി എന്ന മേലാട

A **Joyful 'toon** by Mike Waters




സീയോനിലെ ദുഃഖിതന്മാർക്കു വെണ്ണീറിനുപകരം അലങ്കാരമാലയും ദുഃഖത്തിനു പകരം ആനന്ദതൈലവും വിഷണ്ണമനസ്സിനു പകരം സ്തുതി എന്ന മേലാടയും... *(യെശയ്യാ 61:3)*

# LESSONS ON LIFE

There was a man who had four sons. He wanted his sons to learn not to judge things too quickly. So he sent them each on a quest, in turn, to go and look at a pear tree that was a great distance away.

The first son went in the winter, the second in the spring, the third in summer, and the youngest son in the fall.

When they had all gone and come back, he called them together to describe what they had seen.

The first son said that the tree was ugly, bent, and twisted. The second son said no it was covered with green buds and full of promise.

The third son disagreed; he said it was laden with blossoms that smelled so sweet and looked so beautiful, it was the most graceful thing he had ever seen.

The last son disagreed with all of them; he said it was ripe and drooping with fruit, full of life and fulfillment.

The man then explained to his sons that they were all right, because they had each seen but only one season in the tree's life.

He told them that you cannot judge a tree, or a person, by only one season, and that the essence of who they are and the pleasure, joy, and love that come from that life can only be measured at the end, when all the seasons are up.

If you give up when it's winter, you will miss the promise of your spring, the beauty of your summer, fulfillment of your fall.

Don't let the pain of one season destroy the joy of all the rest.

Don't judge life by one difficult season.

Persevere through the difficult patches and better times are sure to come some time or later.